IV. നിയമ നിർമ്മാണകാര്യം

(i) 1979ലെ കേരള ഭൂണാശ്വാസ (ഭേദഗതി) ബിൽ

റവന്യൂ–സഹകരണ വകുപ്പ് മന്ത്രി (ശ്രീ. ദബബി ജോൺ): സർ, 10 a.m. 1979-ലെ കേരള ഭൂണാശ്വാസ (ഭേദഗതി) ബിൽ ഞാനവതരിപ്പിക്കുന്നു.

ആർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിവരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഈ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാനതിനെ പിൻതാങ്ങുന്നു.

ശ്രീ. ബേബി ജോൺ: സർ, അഭിമാനബോധത്തോടും തികഞ്ഞ ചാരിതാർത്ഥ്യത്തോടുംകൂടിയാണ് ഞാൻ ഈ ബിൽ ഈ സഭയുടെ പരിഗണനക്കായി അവതരിപ്പിക്കുന്നത്. സഭയുടെ ഒരുഭാഗത്തുനിന്നും ഇതിന് എതിർപ്പുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. എല്ലാ ഭാഗത്തുനിന്നും ഇതിനു നിർല്ലോഭമായ പിൻതുണ ലഭിക്കുമെന്നാണ് എൻെറ പ്രതീക്ഷ. ഇത് ഒരു ഗവൺമെൻറിൻെറ നേട്ടമായിട്ടോ ഒരു കക്ഷിയുടെമാത്രം നേട്ടമായിട്ടോ ഞാന വകാശപ്പെടുന്നില്ല. ഈ സംസ്ഥാനത്ത് വളർന്നുവന്ന ചില സ്ഥിതി വിശേഷങ്ങളുടെ ഫലമായിട്ടാണ് ഈ നിയമനിർമ്മാണം നടത്താൻ നാം തീരുമാനിച്ചത്. സ്വാതന്ത്ര്യസമരത്തോളം പഴക്കമുള്ള മുദ്രാവാക്യമാണ് 'കൃഷി ഭൂമി കർഷകനു' എന്ന മുദ്രാവാക്യം. സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടുകൊണ്ടിരുന്ന കാലത്തുതന്നെ കേരളത്തിൽ, പഴയ തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേകിച്ചും മലബാർ പ്രദേശത്തും, കർഷകപ്രസ്ഥാനങ്ങളും ശക്തിയാർജ്ജിച്ചുകൊണ്ടുവന്നു. ആ പ്രസ്ഥാനങ്ങളും ഭൂമിയിൽ ഉടമാവകാശത്തിനുവേണ്ടി സമരം നടത്തി. അതിനുമുമ്പ് ആദ്യം പ്രാഥമികമായ ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നു സമരം. അവരോടു നിർദ്ദയമായി ജൻമിമേധാവിത്വം, നാടുവാഴിമേധാവിത്വം, പെരുമാറിയിരുന്നു. മനുഷ്യരാണ് ഇവർ എന്ന പരിഗണനപോലും ജൻമിത്വം അവർക്കു നൽകിയിരുന്നില്ല. കേരളത്തിലെ കൃഷിക്കാർ, മനുഷ്യരാണെന്ന അവകാശം സ്ഥാപിച്ചെടുക്കാൻ വേണ്ടിയാണ് വാസ്തവത്തിൽ ഗൗരവപ്പെട്ട സമരങ്ങളും നടത്തിയിട്ടുള്ളത്. അങ്ങനെ നടത്തിയ സമരങ്ങളുടെ ഫലമായിട്ടാണ് മലബാർ പ്രദേശത്തും കൊച്ചി പ്രദേശത്തും തിരുവിതാംകൂർ പ്രദേശത്തും കുടിയായ്മ അവകാശങ്ങളും സംരക്ഷിക്കാൻവേണ്ടിയുള്ള സമരങ്ങളും നടന്നത്. ആ സമരങ്ങളെക്കുറിച്ചെല്ലാം ഇവിടെ പറയാനല്ല ഞാൻ ശ്രമിക്കുന്നത്. പാട്ടപ്പറ എന്നൊരു പ്രത്യേക പറതന്നെ ഉണ്ടായിരുന്നു. പാട്ടം അളക്കാൻ ഒരു പ്രത്യേക പറ. അതു മാറ്റണമെന്നാവശ്യപ്പെട്ടു. ക്രൂരമായ മർദ്ദനങ്ങളും സഹിച്ച് അതിനുവേണ്ടി സമരം നടത്തി. പാട്ടം കൊടുത്താൽ രസീത് കൊടുക്കുകയില്ല. അപ്പോഴും പാട്ടരസീതിനുവേണ്ടിയുള്ള സമരം ഉണ്ടായി. ആ സമരങ്ങളെല്ലാം വളർന്നുവന്നു. ഒടുവിൽ, കുടിയായ്മ സുരക്ഷിതമാക്കാൻ മാത്രമായല്ല മറിച്ച് തങ്ങളും നിൽക്കുന്ന ഭൂമിയിൽ, തങ്ങളുദ്ധാനിക്കുന്ന ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

യിൽ, ഉടമാവകാശം നേടിയെടുക്കാൻവേണ്ടിയുള്ള ഐതിഹാസികമായ സമര ങ്ങളായി. അങ്ങനെയുള്ള എത്രയോ ഐതിഹാസികമായ സമരങ്ങളും നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. എത്രയോ ത്യാഗോജ്വലമായ സമരങ്ങളും. എത്രയോ കർഷകർ, കുടിയാൻമാർ, പലതും ബലിയർപ്പിക്കേണ്ടിവന്നു, ആ സമരങ്ങളിൽ. മലബാർ ലഹള—അതിനെപ്പറ്റി അഭിപ്രായവ്യത്യാസങ്ങളും കാണുമായിരിക്കും; ഞാൻ മനസ്സിലാക്കുന്നത് അതൊരു കാർഷികലഹള യായിരുന്നു എന്നാണ്. ജൻമിമേധാവിത്വത്തിനെതിരായ കർഷകലഹളയാ യിട്ടായിരുന്നു അതിന്റെ തുടക്കം. പിൽക്കാലത്ത് അതു മറ്റു പലവഴിക്കും തിരിഞ്ഞെങ്കിലും അതിന്റെ തുടക്കം അതായിരുന്നു; പ്രധാന കാരണവും അത്യതന്നെയായിരുന്നു.

ആ സമരങ്ങളുടെയൊക്കെ ഫലമായി, ആ പ്രസ്ഥാനങ്ങളുടെയെല്ലാം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി, ഇൻഡ്യൻ ജനതയുടെ മുൻപിൽ കേരള ജനത, കേരളത്തിലെ ബഹുജനപ്രസ്ഥാനം, അഭിമാനപൂർവ്വം നിവർന്നുനിൽക്കത്തക്കരീതിയിൽ ഭൂപരിഷ്ക്കരണനിയമം നാം പാസാക്കി; നാം നടപ്പിലാക്കി. എന്നെന്നേക്കുമായി പാട്ടവ്യവസ്ഥ ഈ കേരളസംസ്ഥാ നത്തുനിന്നു തുടച്ചുനീക്കാൻ നമുക്കു കഴിഞ്ഞു. ഒരു ഏകദേശക്കണക്കനു സരിച്ച് ഇതിനകം 25 ലക്ഷം കുടിയാൻമാർ ഭൂമിയുടെ ഉടമസ്ഥരായി മാറി ക്കഴിഞ്ഞു, ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതോടുകൂടി.

ആ നിയമം നടപ്പിലാകുന്ന കാലഘട്ടത്തിൽത്തന്നെ ജൻമിത്തത്തിന്റെ അവശിഷ്ടമെന്ന നിലയിൽ നിൽക്കുന്ന പാട്ടബാക്കി എഴുതിത്തള്ളണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. ഭൂപരിഷ്കരണനിയമത്തിൽ അങ്ങനെയൊരെണ്ണം ഉൾപ്പെടുത്തിയാൽ അത് അഗ്രേറിയൻ റിഫോംസിന്റെ ഭാഗമായി അംഗീകരി ക്കാൻ സാധ്യതയില്ല, അത് വെറും മണി ട്രാൻസാക്ഷൻ (പണമിടപാട്) മാത്രമായി മാറും എന്നുള്ളതുകൊണ്ട് അന്ന് ഭൂപരിഷ്കരണനിയമത്തിൽ ചേർക്കാൻ കഴിഞ്ഞില്ല. പിൽക്കാലത്തും ആ ആവശ്യം വന്നുവെങ്കിലും ഭൂപരിഷ്കരണനിയമത്തിൽ അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നാൽ അതു ഫലത്തിൽ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കും എന്നു കണ്ടിട്ടാണ് ഭൂപരിഷ്കരണ (ഭേദഗതി) നിയമത്തിൽ പാട്ടബാക്കിയോ മിച്ചവാരമോ എഴുതിത്തള്ളുന്ന ഒരു വകുപ്പ് കൊണ്ടുവരാതിരുന്നത്.

എന്നാൻ നേരത്തെ പറഞ്ഞതുപോലെ, 25 ലക്ഷം കുടിയാൻമാരുണ്ട്. അവരിലധികവും മാർജിനൽ ഫാർമേഴ്സാണ്. ചെറുകിട കൃഷിക്കാരാണ്. ഒരു സ്ലാബ് സിസ്റ്റം കൊണ്ടുവന്ന് പാട്ടബാക്കി കുറവുചെയ്തുകൊടു ത്താൽ അതുപോലും കൊടുക്കാൻ പ്രയാസമായിട്ടുള്ള നിരവധി കൃഷിക്കാർ ഈ വിഭാഗത്തിലുണ്ട്, നമ്മുടെ സംസ്ഥാനത്ത്. അതു സംബന്ധിച്ച് മെമ്മോറാണ്ടങ്ങളും ഉണ്ടായിട്ടുണ്ട്; രാഷ്ട്രീയപ്രസ്ഥാനങ്ങളും സമരങ്ങളും നടത്തിയിട്ടുണ്ട്; രാഷ്ട്രീയപ്രസ്ഥാനങ്ങളും വളരെ ശക്തമായി ആവശ്യ പ്പെട്ടിട്ടുണ്ട്. അങ്ങനെ ഈ ആവശ്യത്തെപ്പറ്റിയുണ്ടായ ബഹുജനാഭിപ്രായ മെല്ലാം കണക്കിലെടുത്തുകൊണ്ട് നമ്മുടെ കേരളസംസ്ഥാനത്ത് ഇതൊരാവ ശ്യമാണെന്നു മനസ്സിലാക്കി, നമ്മുടെ ഭൂപരിഷ്കരണനിയമത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് നാം മുൻ പന്തിയിൽ നിൽക്കുന്നതുപോലെ, പാട്ടബാക്കി പൂർണ്ണമായി ഒഴിവാക്കുന്ന കാര്യത്തിലും മറ്റു സംസ്ഥാനങ്ങൾക്കു നേതൃത്വം നൽകത്തക്ക രീതിയിൽ മുന്നോട്ടുവരാൻ നമ്മുടെ എല്ലാവരുടെയും കൂട്ടായ പരിശ്രമങ്ങളുടെ ഫല മായി സാധിച്ചു എന്നാണ് എന്റെ അഭിപ്രായം. പാട്ടബാക്കി മുഴുവൻ എഴുതിത്തള്ളണമെന്ന ഒരഭിപ്രായമുണ്ട് എന്ന വസ്തുത ഞാൻ വിസ്മരി ക്കുന്നില്ല. പക്ഷേ ഗവൺമെന്റ് അതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും അവ ധാനപൂർവ്വം ആലോചിച്ചു. മുഴുവൻ എഴുതിത്തള്ളുക എന്നു പറയുമ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly

ഈ മൊറട്ടോറിഷ്യം കരണനിയമംകൊണ്ട് പ്രയോജനം കിട്ടുന്നവരിൽ ഒരു വിഭാഗത്തിന് — ധനികകൃഷിക്കാർക്കെന്നു ഞാൻ പറയുന്നില്ല, മാർജിനൽ ഫാർമേഴ്സും ചെറുകിട ഫാർമേഴ്സും അല്ലാതെയുള്ള വിഭാഗത്തിന് അങ്ങനെയൊരാനുകൂല്യം വേണ്ട. മറിച്ച് യഥാർഥത്തിൽ അർഹതയുള്ള, അവശതയനുഭവിക്കുന്ന, കൊടുക്കാൻ കഴിവില്ലാത്ത, നമ്മുടെ നാട്ടിലെ ആയിരക്കണക്കിനു കൃഷിക്കാർക്ക് ഇതിന്റെ ആശ്വാസം ലഭിക്കണം. അതിനുവേണ്ടിയാണ്. ആ നടപടിയാണ് നമ്മൾ സ്വീകരിക്കുന്നത്. ട്രണാശ്വാസനിയമത്തിലും, എല്ലാവരുടെയും കടബാധ്യതകൾ എഴുതിത്തള്ളുക എന്ന നയം ഗവൺമെന്റ് സ്വീകരിച്ചില്ല. മറിച്ച് ഒരു വരുമാനപരിധിവച്ചു മൂവായിരം ഉറുപ്പിക വരെ വരുമാനമുള്ളവരുടെ കടബാധ്യത എന്ന്. അതും മൂവായിരം ഉറുപ്പിക വരെയുള്ള കടബാധ്യത മാത്രം. അതിന്റെ തുക വർദ്ധിപ്പിക്കണം എന്നൊക്കെ ആവശ്യങ്ങളുണ്ടായിരിക്കും. എങ്കിലും സാമാന്യേന മൂവായിരം ഉറുപ്പികവരെ ഉള്ളവർക്കു മാത്രമേ ആശ്വാസം ലഭിക്കൂ. പൂർണ്ണമായി എഴുതിത്തള്ളുന്നത് ശരിയായിരിക്കുകയില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അങ്ങനെ ട്രണാശ്വാസ നിയമത്തിന്റെ ചുവടുപിടിച്ചാണ് ഇത് കൊണ്ടുവരുന്നത്. കഴിഞ്ഞ പ്രാവശ്യം നിർവ്വചനത്തിൽനിന്ന് ഇത് ഒഴിവാക്കി. എടുത്തുകളഞ്ഞു. കടം എന്ന നിർവ്വചനത്തിൽ ഇതുകൂടി കൊണ്ടുവന്നിട്ട് ആ ആക്ടിന്റെ പ്രയോജനം ആയിരക്കണക്കിനു കൃഷിക്കാർക്കുകൂടി ലഭിക്കത്തക്ക രീതിയിലുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. മറ്റൊരു നിയമനിർമ്മാണത്തിനും ഞാൻ നോട്ടീസ് നൽകിയിട്ടുണ്ട്. സന്ദർഭവശാൽ അതിപ്പോൾ പറയുന്നുവെന്നേയുള്ളു. വിശദമായി പ്രതിപാദിക്കുന്നില്ല. മൂവായിരം ഉറുപ്പികയിൽ കൂടുതൽ പാട്ടബാക്കിയുള്ള ആളുകൾക്കും ആശ്വാസം നൽകാൻ ഗവൺമെന്റുദ്ദേശിക്കുന്നുണ്ട്. അത് എഴുതിത്തള്ളലാനല്ല, തവണകളായി അടയ്ക്കാൻ. അത് ഈ സമ്മേളനകാലത്തുതന്നെ നടത്താമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. അതുകൊണ്ട് നമുക്കൊക്കെ അഭിമാനിക്കാം. പ്രവർത്തനങ്ങളെപ്പറ്റി നമുക്ക് വിലയിരുത്താം. നേരത്തേ പറഞ്ഞതുപോലെ ഇൻഡ്യൻ ജനതയ്ക്കാകെ നേതൃത്വം നൽകത്തക്ക രീതിയിലുള്ള പരിപാടികൾ നമുക്ക് ഒരുമിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കാം. അതിന്റെ ഭാഗമായിട്ടാണ് ലക്ഷക്കണക്കിനുള്ള കൃഷിക്കാർക്ക് ട്രണാശ്വാസം എന്ന നിലയിൽ മൂവായിരം ഉറുപ്പികവരെയുള്ള പാട്ടബാക്കി എഴുതിത്തള്ളുന്ന ഒരു നിയമനിർമ്മാണം, ഡെറ്റ് റിലീഫ് ആക്ടിന്റെ പരിധിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തി കൊണ്ടുവന്നിട്ടുള്ളത്.

വേറെ ചില ചെറിയ ഭേദഗതികൾ ഇതിന്റെകൂടെ വന്നിട്ടുണ്ട്. ഹൗസിംഗ് ബോർഡിനേയും റൂറൽ ബാങ്കുകളേയും ഇതിൽനിന്ന് ഒഴിവാക്കുന്ന ഭേദഗതികൂടി വന്നിട്ടുണ്ട്. ഈ ബിൽ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കയച്ചപ്പോൾ കേന്ദ്രഗവൺമെന്റ് നൽകിയ നിർദ്ദേശമാണ് റൂറൽ ബാങ്കുകളെ ഇതിൽനിന്ന് ഒഴിവാക്കണം എന്നുള്ളത്. പിന്നെ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ നടക്കുന്ന ഹൗസിംഗ് ബോർഡിൽനിന്നുള്ള വായ്പകളെയും ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്നു നിർദ്ദേശം വന്നു, അതുകൊണ്ടാണ് ആ ഭേദഗതികൾ. സഭ ഏകകണ്ഠമായി ഇതു പാസാക്കിത്തരണം എന്ന വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്.

Shri N. I. Devassykutty: Sir, I move that the Kerala Debt Relief (Amendment) Bill, 1979 be circulated for eliciting public opinion till 31st January 1980.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂമന്ത്രി കേരളസംസ്ഥാനം രൂപീകൃതമാകുന്നതിന് മുമ്പ് തിരുവിതാംകൂറിലും തിരു–കൊച്ചിയിലും മലബാറിലും നടന്നിട്ടുള്ള കാർഷികസമരങ്ങളുടെ പൂർണ്ണരൂപം നിരത്തുകയുണ്ടായി. ഏതായാലും അതിൽ നമുക്കെല്ലാവർക്കും അഭിമാനമുണ്ട്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ല് അനുസരിച്ച് കർഷകന് വളരെ പരിമിതമായ ആനുകൂല്യങ്ങളെ നൽകുന്നുണ്ട്. അതുകൊണ്ട് ഇതിന് പിന്തുണ നൽകുവാൻ വിരോധമില്ല. 1970 ജനുവരി 1–ാം തീയതി മുതൽ ജൻമിത്വം കേരളത്തിന്റെമണ്ണിൽനിന്നും നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്നാണ് നമ്മെ വിശ്വസിക്കുന്നത്. അങ്ങനെ ജൻമിത്വം പൂർണ്ണമായും നാമാവശേഷമാക്കപ്പെട്ടതിനുശേഷം കുടിയാന്റെ ബാധ്യതയെ സംബന്ധിച്ച് കണക്കാക്കുമ്പോഴും പല വിഷമതകളും ഈ സംസ്ഥാനത്തെ കുടിയാൻമാർക്ക് ഉണ്ടായിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിക്കുകയുണ്ടായി. ഈ പാട്ടബാക്കി 1970 ജനുവരി ഒന്നുമുതൽ ആണ് നൽകേണ്ടത്. അതായത് 1970 ജനുവരി ഒന്നുമുതലുള്ള പാട്ടബാക്കി കുടിയാൻ ജൻമിക്ക് കൊടുക്കണം. 1970 നുശേഷം വർഷങ്ങളെ 9 കഴിഞ്ഞു. 9 വർഷക്കാലത്തെ പാട്ടക്കുടിശികക്ക് പലിശയും കൊടുക്കണം. അഗ്രിക്കൾച്ചറൽ ഇയർ എന്ന നിർവ്വചനത്തിന്റെ അടിസ്ഥാനത്തിൽ 2 കൊല്ലവും ചില സ്ഥലങ്ങളിൽ 3 കൊല്ലവും ഉള്ള പാട്ടബാക്കി കൊടുക്കേണ്ടതായിവരും. ആ പാട്ടബാക്കിയും അതിന്റെ പലിശയും വസൂലാക്കുന്നതിന് ഏതെങ്കിലും ജൻമി കോടതിയിൽ കേസ് ഫയൽ ചെയ്താൽ കോടതിച്ചെലവും കുടിയാൻ കൊടുക്കേണ്ടതായിവരും. വലിയ കർഷകനായാലും ചെറിയ കർഷകനായാലും അവനുള്ള ഭൂമി വിറ്റാൽമാത്രമേ ആ കടം നികത്തുവാൻ കഴിയുകയുള്ളു. കർഷകന് ഈ കടം മാത്രമല്ല, മറ്റുകടങ്ങളും ഉണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും മനസ്സിലാക്കണം. ഏതായാലും ഈ പാട്ടബാക്കി പരിപൂർണ്ണമായും റദ്ദാക്കണമെന്നുള്ളതാണ് ഈ സംസ്ഥാനത്തെ കർഷകജനതയുടെ ആവശ്യം. അത് പരിപൂർണ്ണമായും റദ്ദാക്കാതെ ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിമാനിക്കുവാൻ വകയുണ്ടോ എന്നു ചോദിച്ചാൽ എന്നോട് പരിഭവിക്കരുത്. ജൻമിത്വം അവസാനിപ്പിച്ചുകഴിഞ്ഞു. പശുചത്തിട്ടും മോരിലെ പുളി പോയില്ലായെന്നുള്ള ദുരവസ്ഥയാണ് ഇന്നും കർഷകർക്കുള്ളത്. പാട്ടക്കുടിശിക പരിപൂർണ്ണമായും റദ്ദാക്കണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. പരിപൂർണ്ണമായും പാട്ടക്കുടിശിക റദ്ദാക്കുകയാണെങ്കിൽ തീർച്ചയായും ഈ ഗവൺമെന്റിനു അഭിമാനിക്കുവാൻ വകയുണ്ടാകുമായിരുന്നു. പരിമിതമായ കടാശ്വാസനിയമത്തിൽക്കൂടിയുള്ള ഈ പ്രകിയ കാരണം ബഹുഭൂരിപക്ഷം കർഷകനും അതുകൊണ്ട് ഗുണം കിട്ടുന്നില്ല. മൂവായിരം രൂപവരെയുള്ള പാട്ടബാക്കി മുഴുവൻ ഋണാശ്വാസനിയമത്തിൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രി ബോധപൂർവ്വം മറച്ചുവച്ചു. മൂവായിരം രൂപവരെ വാർഷികവരുമാനമുള്ളവർക്കുമാത്രമേ ഈ ആനുകൂല്യം ലഭ്യമാകൂ. Kerala Debt Relief Act-ലെ വകുപ്പ് സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കറിയാം മൂവായിരം രൂപവരെ വരുമാനമുള്ളവരുടെ പാട്ടക്കുടിശിക റദ്ദാക്കണമെങ്കിൽ ആ പാട്ടക്കുടിശികയുള്ള കുടിയാൻ മൂവായിരം രൂപയ്ക്ക് താഴെമാത്രം വരുമാനമുള്ളവനായിരിക്കണം. എങ്കിൽ മാത്രമേ ഭേദഗതിനിയമംമൂലം നടപ്പിലാക്കിയിട്ടുള്ള ആനുകൂല്യം ലഭ്യമാവുകയുള്ളു. മൂവായിരം രൂപ വാർഷികവരുമാനമെന്നു പറയുമ്പോഴും അടിക്കടിയുണ്ടായിക്കൊണ്ടിരിക്കുന്ന ജീവിതനിലവാരവും മറ്റുകാര്യങ്ങളുംകൂടി നോക്കണം. 1976–ൽ മൂവായിരം രൂപയെന്നുള്ള പരിധി വച്ചിരുന്നുവെങ്കിൽ ആ മൂവായിരം രൂപയ്ക്ക് ഇന്ന് എന്തുവിലയാണുള്ളത്. മൂവായിരം രൂപ

LIBRARY ARCHIVES Kerala Legislative Assembly

വാർഷികവരുമാനമില്ലാത്ത എത്രയാളുകൾ കേരളത്തിലുണ്ടെന്നുള്ളതിന്റെ സ്ഥിതിവിവരക്കണക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുണ്ടോ? മൂവായിരം രൂപയെന്നുപറഞ്ഞാൽ, ഇന്നത്തെ കാലസ്ഥിതിക്ക് അനുസരിച്ച് വരുമാനമുള്ള കൃഷിക്കാരാണ് മഹാഭൂരിപക്ഷവും. ഒരു ചെറിയ കുടികിടപ്പ് മാത്രമുള്ള കർഷകത്തൊഴിലാളിക്കുപോലും ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള കണക്കുവച്ച് പരിശോധിച്ചാൽ മൂവായിരം രൂപ വരുമാനമുണ്ട്. പരിമിതമായ ആദായവും ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള കൂലിനിരക്കുംവച്ച് നോക്കുമ്പോൾ മൂവായിരം രൂപയെന്നുള്ള പരിധി നിലനിറുത്തുന്നതിൽ യാതൊന്നും അഭിമാനിക്കത്തക്കതായിട്ടില്ല. ഈ നിയമത്തിന്റെ ആനുകൂല്യം കേരളത്തിലെ ബഹുഭൂരിപക്ഷം കുടിയാൻമാർക്കും ലഭിക്കുകയുമില്ല. അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത്, പരിപൂർണ്ണമായും അഭിമാനിക്കുവാൻ യാതൊന്നുമില്ലായെന്ന്. ഇതൊന്നും കർഷകർക്കും ജനങ്ങൾക്കും എടുത്തുപറയത്തക്ക നേട്ടങ്ങളല്ല. ഈ നിയമം കൊണ്ട് കുടിയാന് എന്തെങ്കിലും ആനുകൂല്യം കിട്ടണമെന്നുള്ള ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും വരുമാനപരിധി ഉയർത്തണം. അതിനുവേണ്ട ഭേദഗതി നിയമത്തിൽ വരുത്തണം. അല്ലാത്തപക്ഷം വഴിപാട് കഴിച്ചുവെന്നുള്ളതിൽ കവിഞ്ഞ് യാതൊന്നുമില്ല. അത് ഒരു വസ്തുതയാണ്. അത് ഉയർത്താൻ ഗവൺമെൻറ് തയ്യാറാകണം. അയ്യായിരം രൂപവരെയുള്ള കടങ്ങൾക്കും അയ്യായിരം രൂപവരെ വരുമാനമുള്ള കർഷകർക്കും ഇത് ബാധകമാക്കണമെന്നാണ് എന്റെ അഭിപ്രായം. എങ്കിൽമാത്രമേ കേരളത്തിലുള്ള ഇരുപത്തിയഞ്ചുശതമാനം കർഷകർക്കെങ്കിലും ഗുണം ലഭിക്കുകയുള്ളൂ. അങ്ങനെ ഭേദഗതി ചെയ്യാൻ തയ്യാറില്ലെങ്കിൽ കർഷകർക്ക്, കുടിയാൻമാർക്ക് നേട്ടം ഉണ്ടാക്കിക്കൊടുക്കാൻപോകുന്നുവെന്ന് പെരുമ്പറയടിക്കേണ്ട ആവശ്യമില്ല. ഈ ഭേദഗതിബില്ലുമൂലം കുറെ പുതിയ ഏജൻസികളെക്കൂടി ഈ കടത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നുണ്ട്. അത് കേന്ദ്രഗവൺമെൻറ് പറഞ്ഞിട്ടാണെന്ന് അപരാധബോധത്തോടുകൂടി പറഞ്ഞു. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നുണ്ട്, കേന്ദ്രഗവൺമെൻറ് പറഞ്ഞതുകൊണ്ട് റൂറൽ ബാങ്കുകളെ ഒഴിവാക്കിയിട്ടുണ്ട്, പിന്നെ ഗവൺമെൻറിന് സ്വയം തോന്നിയതുകൊണ്ട് ഹൗസിംഗ് ബോർഡിനേയും ഒഴിവാക്കി. ഒഴിവാക്കപ്പെട്ട ഏജൻസികളുടെ പട്ടിക ഒന്ന് വായിച്ചുനോക്കണം. കേരളത്തിലെ തൊണ്ണൂറ്റൊമ്പത് ശതമാനം കർഷകരുടെയും കടം കടമായിത്തന്നെ നിലനിൽക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. എവിടെനിന്നാണ് കർഷകർക്ക് കടം ലഭിക്കുന്നത്? ഇന്ന് വ്യക്തികളിൽനിന്ന് കടം കിട്ടുന്നില്ല. സഹകരണസംഘത്തിൽനിന്നും സഹകരണപ്രസ്ഥാനത്തിലുള്ള മറ്റ് ഏജൻസികളിൽനിന്നും ഗവൺമെൻറിൽനിന്നും ദേശസാൽക്കൃതബാങ്കുകളിൽനിന്നും അങ്ങനെയുള്ള വിവിധ ഏജൻസികളിൽനിന്നുമാണ് കടം കിട്ടുന്നത്. ആ കടം മുഴുവൻ കർഷകരുടെ തലയിൽ കുന്നുകൂടിയതുകൊണ്ടാണ് പാട്ടബാക്കിയുടെ കടംമാത്രമല്ല കടാശ്വാസനടപടിയും ആവശ്യമാണെന്ന് എല്ലാ കർഷകസംഘടനകളും കർഷകരും ഒന്നടങ്കം ആവശ്യപ്പെട്ടത്. ഒരു സ്ഥിതിവിവരക്കണക്ക് ഉണ്ടാക്കുന്നതിന് ഗവൺമെൻറ് ശ്രമിച്ചിട്ടില്ലെന്നുള്ളത് ഖേദകരമാണ്. കടാശ്വാസനിയമം നടപ്പാക്കിയാൽ അതിന്റെ ഗുണം കർഷകർക്ക് ലഭിക്കണമെങ്കിൽ ഇതുസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്ക് ഗവൺമെൻറിന്റെ പക്കൽ ഉണ്ടായിരിക്കണം. 1976-ൽ പാസ്സാക്കിയ ബില്ല് അനുസരിച്ചുതന്നെ എത്ര കടം വീട്ടപ്പെട്ടു. ഇതിന്റെ കണക്ക് ഗവൺമെൻറിന്റെ കയ്യിൽ ഉണ്ടോ? ഒരു സ്ഥിതിവിവരക്കണക്കുമില്ലാതെ കടാശ്വാസബില്ലുമായി പുറപ്പെട്ടാൽ പങ്കായമില്ലാതെ തുഴയുന്ന തോണിപോലെയാണ്. ഇങ്ങനെയൊരു ബില്ല് പാസ്സാക്കി ഗസറ്റിൽ നോട്ടിഫൈ ചെയ്യുന്നു. വർഷങ്ങൾ കഴിഞ്ഞിട്ട് എന്തുണ്ടായിയെന്ന് ചോദിച്ചാൽ മന്ത്രിക്കോ ഗവൺമെൻറിനോ ഒന്നുംതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ കഴിയുകയില്ല. 1970-ൽ ഒരു കാർഷിക ഋണാശ്വാസബിൽ പാസ്സാക്കി. കാർഷിക ഋണാശ്വാസനിയമത്തിൽ പറഞ്ഞിട്ടുള്ളത് ആ നിർവ്വചനത്തിൽവരുന്ന കടമുള്ള കർഷകർ പതിനാറ് അർദ്ധവർഷഗഡുക്കളായി കെട്ടിവയ്ക്കണം എന്നാണ്. അതിൽ കുറഞ്ഞ ഗഡുക്കളായി നൽകുന്നതിനുള്ള അവസരം നൽകി. 1979-ലെ കാർഷിക ഋണാശ്വാസബില്ലു പ്രകാരം കേരളത്തിലെ എത്ര കർഷകർക്ക് കടംവീട്ടാൻ കഴിഞ്ഞുവെന്നുള്ളതിന്റെ സ്ഥിതിവിവരക്കണക്ക് ഉണ്ടോയെന്ന് ചോദിച്ചാൽ ഗവൺമെൻറിന് കൈമലർത്താനേ കഴിയുകയുള്ളു. ഒരു സ്ഥിതിവിവരക്കണക്കില്ലാതെ ആയിരംപേർക്ക് നേട്ടമുണ്ടാകുമെന്ന് പ്രസംഗിച്ചാൽ അത് വിശ്വസിക്കുന്നതിനോ കണക്കിലെടുക്കുന്നതിനോ ആർക്കും കഴിയുകയില്ല. ഇതിനുമുമ്പ് പലതവണ പ്രമേയങ്ങളും കൊണ്ടുവന്നു. പാട്ടബാക്കിയടക്കമുള്ള കടം റദ്ദാക്കുന്നതുസംബന്ധിച്ചുള്ള നിരവധി പ്രമേയങ്ങളും ഈ സഭയിൽ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. റവന്യൂമന്ത്രിതന്നെ രണ്ടോ മൂന്നോ തവണ ഇവിടെ മറുപടി നൽകിയിട്ടുണ്ട്. അതെല്ലാം ഇന്നത്തെ തിരക്കിൽ മന്ത്രി മറന്നുകാണും. വിശദമായ ഒരു അന്വേഷണം നടത്തുമെന്ന് ഗവൺമെൻറ് പറഞ്ഞു. അങ്ങനെ വിശദമായ അന്വേഷണം നടത്തിയിട്ട് അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള കടാശ്വാസനടപടി നടത്തുമെന്നാണ് പറഞ്ഞത്. എന്ത് അന്വേഷണമാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിയത് ? സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് അന്വേഷണം നടത്തിക്കുമെന്നു പറഞ്ഞു. കേരളത്തിലെ ചെറുകിട കൃഷിക്കാരുടെ പാട്ടബാക്കിയടക്കമുള്ള കടബാധ്യത എന്താണെന്ന് നിർണ്ണയിക്കുന്നതിനുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിക്കുമെന്ന് പറഞ്ഞു. എന്ത് നടപടിയാണ് ഗവൺമെൻറ് എടുത്തത്. ഈ നിയമം നടപ്പാക്കിക്കഴിഞ്ഞാൽ ഇത്രപേർക്ക് ഗുണംകിട്ടുമെന്ന് പറയണമെങ്കിൽ പാട്ടബാക്കിയടക്കമുള്ള കടത്തെസംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുവേണം. വെറുതെ പ്രസംഗിച്ചിട്ട് കാര്യമില്ല.

<u>ശ്രീ. ബേബിജോൺ :</u> അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറിൽനിന്നു കർഷകരുടെ കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാനായിട്ട് ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ട്.

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:</u> കമ്മിഷനെ നിയമിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം ഞാനാണ് അവതരിപ്പിച്ചത്. ആ പ്രമേയത്തിന് ഗവൺമെൻറു നൽകിയ മറുപടി: The statistics and agriculture departments had decided to conduct a joint survey into the problems of cultivators engaged in paddy and tapioca production. Government would consider how a remedy could be found out to their problems on the basis of the proposed survey. രണ്ടുമൂന്നു കൊല്ലം കഴിഞ്ഞിട്ടും ഇതുസംബന്ധിച്ച് പഠിക്കുന്നതിനുള്ള ഏജൻസിയെപ്പോലും നിശ്ചയിക്കുകയോ പ്രാഥമികാന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല. ഇതിൽ എന്തു ആത്മാർത്ഥതയാണുള്ളത്?

<u>ശ്രീ. ബേബിജോൺ:</u> ഏജൻസിയെ നിയമിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:</u> ഏതായാലും അതു പ്രാവർത്തികമാക്കുകയാണെങ്കിൽ, അതിന്റെയടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്ക് കിട്ടുകയാണെങ്കിൽ ഇതു സംബന്ധിച്ചുണ്ടാകുന്ന കാര്യങ്ങൾ വിലയിരുത്തുന്നതിന് കഴിയും. അതു മാത്രമല്ല ഇങ്ങനെയുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സമഗ്രമായിട്ടുള്ള കാർഷിക കടാശ്വാസ നിയമം കൊണ്ടുവരണമെന്നുള്ളതു് ഈ രാജ്യത്തെ എല്ലാ കൃഷിക്കാരുടേയും ആവശ്യമാണു്. പാട്ടബാക്കി പരിപൂർണ്ണമായിട്ടും റദ്ദാക്കണം. പാട്ട ബാക്കി മാത്രമല്ല വിവിധ ഏജൻസികൾക്കുള്ള കടവും റദ്ദാക്കണം. പാട്ട ബാക്കി ചെറിയ കർഷകന്റെ മൊത്തം കടത്തിന്റെ ഇരുപതുശതമാനത്തിൽ താഴെ മാത്രമേ വരികയുള്ളു. ബാക്കി എൺപതുശതമാനം പിന്നെയുമുണ്ടു്. അങ്ങനെയുള്ള കടത്തിനു് ശാശ്വതമായിട്ടു് പരിഹാരം കണ്ടുപിടിക്കാതെ ഈ പ്രശ്നത്തിന്റെ ചെറിയ ഒരു അംശംപോലും ഗവൺമെന്റു് പരിഹരിച്ചു എന്നു പറയുന്നതിൽ ഒരു അർത്ഥവുമില്ല എന്നാണു് എനിക്കു പറയാനുള്ളതു്. കോ-ഓപ്പറേറ്റീവു് സൊസൈറ്റികളാണു് ഇന്നു ഈ സംസ്ഥാനത്തെ ഏറ്റവും വലിയ ഹുണ്ടികക്കാരൻ. ഈ പാവപ്പെട്ട കൃഷിക്കാരനു് ഗവൺമെന്റു് കൊടുക്കുന്ന കടങ്ങളും എത്രയുണ്ടു്. വളരെ ആവേശപൂർവം വാദിക്കുന്ന ഈ ഗവൺമെന്റു് ഈ പാവപ്പെട്ട കൃഷിക്കാർക്കു് വരുംച്ച, വെള്ളപ്പൊക്കം എന്നീ കാലങ്ങളിൽ കൊടുത്തിട്ടുള്ള ഈ ചെറിയ കടത്തിന്റെ കാര്യം പറയുമ്പോഴും എന്താണിത്ര ഭീതി. ഈ കടം എഴുതിത്തള്ളുക എന്നു പറഞ്ഞാൽ ഗവൺമെന്റിനുള്ള കടവും എഴുതിത്തള്ളുകയോ അല്ലെങ്കിൽ കടാശ്വാസം നൽകുകയോ വേണമെന്നാണു് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്. ഈ പാട്ടബാക്കി പരിപൂർണ്ണമായി റദ്ദാക്കുന്നതോടൊപ്പംതന്നെ മറ്റു കടങ്ങൾക്കും ആശ്വാസം, മറ്റു വിവിധ ഏജൻസികൾക്കു്, ഗവൺമെന്റു് അടക്കമുള്ള വിവിധ ഏജൻസികളിൽനിന്നും കർഷകർക്കു് നൽകിയിട്ടുള്ള കടങ്ങളും, ശരിയായ പഠനത്തിന്റെ അടിസ്ഥാനത്തിൽ എഴുതിത്തള്ളുകയും കടാശ്വാസം നൽകേണ്ടിടത്തു കടാശ്വാസം നൽകുകയും വേണം എന്നു പറഞ്ഞുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Sri E. P. Gopalan: Sir, I move that the Kerala Debt Relief (Amendment) Bill, 1979 be referred to a Select Committee. 3,000രൂപ വരെ വരവുള്ളവരുടെ മൂവായിരം രൂപ വരെയുള്ള പാട്ടമിച്ചവാര ബാക്കികൾ റദ്ദാക്കുന്ന ഒരു ഭേദഗതി ബില്ലാണു് ഈ സഭയുടെ മുമ്പിലുള്ളതു്. 1977-ൽ ഈ സഭതന്നെ പാസ്സാക്കിയ ഋണാശ്വാസ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ടാണു് ഈ ഭേദഗതി വന്നിട്ടുള്ളതു്. അതിൽ പറയുന്നതു് 3,000 ഉറുപ്പികവരെ വാർഷിക വരുമാനംള്ളവരുടെ 3,000ഉറുപ്പിക വരെയുള്ള കടം റദ്ദായിപ്പോകുന്നു എന്നാണു്. ആ കടം എന്നുള്ളതിൽ ഇപ്പോൾ പാട്ടമിച്ചവാര ബാക്കികൾ എന്നുകൂടി ഉൾപ്പെടുത്തുന്നു. അത്രയുമേ ഈ ഭേദഗതിയിൽ ഉള്ളു. അപ്പോൾ സ്വാഭാവികമായി ഇതിനൊരു പരിമിതി ഉണ്ടു്. എന്നാൽ പരിമിതമായിട്ടുപോലും അഭിമാനിക്കാൻ പാടില്ല എന്നാണു് എന്റെ സ്നേഹിതൻ ശ്രീമാൻ ദേവസ്സിക്കുട്ടി പറയുന്നതു്. ഏതു നിയമനിർമ്മാണത്തിനും പരിമിതികൾ ഉള്ള ഒരു ഘട്ടത്തിലാണു് നമ്മൾ ജീവിക്കുന്നതു്. വാസ്തവത്തിൽ പാട്ടമിച്ചവാര ബാക്കികൾ അപ്പാടെ വിട്ടുകൊടുത്തു കഴിഞ്ഞാലും ചിലർക്കു് അഭിമാനിക്കാൻ തോന്നില്ല. കാരണം മുമ്പു കൊടുത്തുകഴിഞ്ഞ പാട്ടമിച്ചവാര ബാക്കികളിൽ 10 പൈസയെങ്കിലും തിരിച്ചു കിട്ടിയാൽകൊള്ളാമെന്നു് വിശ്വസിക്കുന്ന ആളുകൾ ഉണ്ടു്. അപ്പോൾ അങ്ങനെപോകും ആ വിഷയം. അതേ സംബന്ധിച്ചു ഞാൻ പറഞ്ഞതു്, നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിൽത്തന്നെ പാട്ടമിച്ചവാരബാക്കിയെ സംബന്ധിച്ചിടത്തോളം എടുത്തിട്ടുള്ള ഒരു നിലപാടുണ്ടു്. അതു കൊടുത്തുതീർക്കണമെന്നു തന്നെയാണു്.

കുടിയാന്മാർ ഭൂമിയുടെ ഉടമസ്ഥാവകാശം വാങ്ങുമ്പോൾ ആ ഉടമസ്ഥാവകാശം വാങ്ങുന്നതിനു് കൊടുക്കുന്ന പ്രതിഫലത്തിന്റെ കൂടെ പാട്ടമിച്ചവാര ബാക്കികൾ ഉണ്ടെങ്കിൽ അതും കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിലയിൽ ആണ് , ഇന്നത്തെ നിയമം നിൽക്കുന്നത്. പിൻതിരിഞ്ഞു നോക്കുമ്പോഴും വാസ്തവത്തിൽ ഇതുപോലെയുള്ള നിയമങ്ങളിൽ ഏതു തീയതിക്കാണോ നിയമം പ്രാബല്യത്തിൽ വരുന്നത്—1970 ജനുവരി ഒന്നാം തീയതി മുതൽ 72-ാം വകുപ്പു ഉൾപ്പെടെ എല്ലാ വകുപ്പുകളും പ്രയോഗത്തിൽ വന്ന തീയ്യതി മുതൽ—ഒരു ക്ലീൻ സ്ലേറ്റിൽ തുടങ്ങേണ്ടതായിരുന്നു. അന്ന് സ്ലേറ്റ് ക്ലീനായില്ല. വസ്തുവിനു നിശ്ചയിച്ചിരിക്കുന്ന പ്രതിഫലം രൊക്കമായോ ഗഡുക്കളായോ മാത്രം കൊടുത്താൽമതി. അതിനുമുൻപ് ഈട്ടംകൂടിയ പാട്ടമിച്ചവാരബാക്കികളും കൊടുക്കേണ്ടതില്ല, റദ്ദാക്കേണ്ടതാണ് എന്നു വച്ചു തുടങ്ങേണ്ടതാണ്. അങ്ങനെ ഭൂമിയുടെ ഉടമസ്ഥാവകാശം വാങ്ങിയിട്ടുള്ള കുടിയാന്മാർതന്നെ പ്രതിഫലസംഖ്യയുടെകൂടെ പാട്ടമിച്ചവാരബാക്കികളുടെ ഭാരവും പേറേണ്ടിവന്നു. അതിന്റെ ശരിക്കുള്ള സ്വഭാവം അറിയണമെങ്കിൽ, രേഖകളും ഉള്ള കേസുകളും ആണെങ്കിൽ അൽപം ആശ്വാസമുണ്ട്; ഇത്രയാണ് പാട്ടം; ഇത്രയാണ് പാട്ടബാക്കി; ഇത്രയാണ് മിച്ചവാരം; ഇത്രയാണ് മിച്ചവാരബാക്കി എന്ന രേഖകളും ഉണ്ടെങ്കിൽ അത്രയും കൊടുത്താൽ മതിയല്ലോ എന്ന ആശ്വാസം ഉണ്ട്. എന്നാൽ മലബാറിന്റെ വടക്കൻ പ്രദേശങ്ങളിൽ, വിശേഷിച്ച് കാസർകോടു താലൂക്കുകളിൽ അതിലും വിശേഷിച്ച് തെക്കൻ കർണ്ണാടക ജില്ലയിൽനിന്ന് കേരളത്തിൽവന്ന പ്രദേശങ്ങളിൽ ഈ ഇടപാടുകൾക്കു യാതൊരു രേഖയും ഉണ്ടായിരുന്നില്ല. ഭൂമി ഉടമസ്ഥൻ നിശ്ചയിക്കുന്നത് പാട്ടവും പാട്ടബാക്കിയും എന്ന നിലയായി. അതുകൂടി കണക്കിലെടുക്കുമ്പോൾ ജന്മി സമ്പ്രദായം അവസാനിച്ച് ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാരനിലേക്ക് പകരുക എന്ന പ്രക്രിയയ്ക്കു ആക്കം കൂട്ടണമെങ്കിൽ, അവ റദ്ദാക്കുകതന്നെ വേണം. നിലവിലുള്ള ഭൂനിയമത്തിൽ ഭേദഗതി വരുത്താൻ പറ്റില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന്, കഴിഞ്ഞ നിയമസഭാ യോഗം നടക്കുമ്പോൾ വന്ന അഭിപ്രായപ്രകാരം നിലവിലുള്ള ഭൂപരിഷ്കാരനിയമത്തിന്റെ പ്രവർത്തന പരിധിയിൽ ഈ പാട്ടമിച്ചവാരബാക്കികളുടെ കാര്യവും കൊണ്ടുവരാൻ കഴിയുമെന്നും പറയുകയുമുണ്ടായി. അതനുസരിച്ചാണ് ഈ ഭേദഗതി വന്നിട്ടുള്ളത്. ഇതുകൊണ്ടു ഇത്രപേർക്കു ഗുണം കിട്ടുമെന്നുള്ള കണക്ക്, മൂവായിരം ഉറുപ്പിക വാർഷിക വരുമാന പരിധിവച്ചിട്ടുള്ള സ്ഥിതിക്ക്, മൊത്തത്തിലെങ്കിലും ഗവൺമെന്റിനു പറയാൻ കഴിയേണ്ടതാണ്. അതു പറയാൻ കഴിയാത്തതുകൊണ്ടാണ് ആർക്കും ഗുണം കിട്ടുകയില്ല എന്ന് ഒരാൾ പറഞ്ഞാൽ, എത്രപേർക്ക് ഗുണം കിട്ടുമെന്ന് പറയാതെ കണക്കാക്കുകയില്ലല്ലോ. അങ്ങനെയുള്ള ഒരു വിഷമം വാസ്തവത്തിൽ ഉണ്ട്. എന്നാൽ ഒരു വിഭാഗം കൃഷിക്കാർക്കെങ്കിലും ഇതുകൊണ്ട് ഗുണം കിട്ടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റൊരു അർത്ഥത്തിൽ പറയുകയാണെങ്കിൽ സാധാരണ ഒരു ഏക്കറും കാൽ ഏക്കറും മുക്കാൽ ഏക്കറും കൈവശംവച്ച് കൃഷിനടത്തി വരുന്ന ആളുകളുടെ വാർഷിക വരുമാനം ഇത്രവളരെ വർദ്ധിച്ചിട്ടുണ്ടോ എന്നും വേറൊരു ഘട്ടത്തിൽ ചോദിച്ചാൽ കുഴങ്ങിപ്പോകുന്ന ഒരു സ്ഥിതി ഇപ്പോഴും സ്വീകരിച്ചുകൂടല്ലോ. 3,000 ഉറുപ്പികയിൽതാഴെ വാർഷിക വരുമാനമുള്ള നല്ലൊരു വിഭാഗം കർഷകർ നമ്മുടെ രാജ്യത്തുണ്ട്. ഈ നിയമത്തെ സംബന്ധിച്ച് ആലോചന വരുന്ന അവസരത്തിൽത്തന്നെ ഇതിൽ ആരെല്ലാംപെടും ആരെല്ലാം പെടില്ല എന്ന് നമ്മളും ഒരു പരിശോധന നടത്തിയിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഈ പറയുന്നതുകേട്ടാൽ ഈ മൂവായിരം ഉറുപ്പിക എന്നുള്ളത് കാർഷിക വരുമാനത്തിൽത്തന്നെ ഉണ്ടായിക്കൊള്ളണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: വരുമാനം മൂവായിരം ഉറുപ്പിക എന്നുള്ളത് ഒരു ഏക്കറിൽനിന്ന് മൂവായിരം കിട്ടണം എന്നല്ല വരുന്നത്. കൂടുതൽ വരുമാനമുള്ള ഒരാൾക്ക് തൊട്ടടുത്തുള്ള ഒരു പാവപ്പെട്ട ജന്മിക്ക് ഒരു 50 രൂപ തിരിച്ചു കൊടുക്കുന്നതിൽ എന്താണ് അപാകത. കാർഷിക കടം, വരവ് എന്ന് വ്യക്തമായി പറയാതിരിക്കാൻ കാരണം ഉണ്ടെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇന്ന് ഏറ്റവും കുറഞ്ഞ വരുമാനമുള്ള ഒരു സ്വീപ്പർക്ക് 10 സെൻറ് തെങ്ങിൻപുരയിടം കുടികിടപ്പായി കിട്ടിയിട്ടുണ്ടെങ്കിൽ അയാൾക്കു കാർഷിക വരുമാനം മൂവായിരം ഉറുപ്പികയിൽ കൂടുമല്ലോ?

ശ്രീ. ഇ. പി. ഗോപാലൻ: ഉദ്യോഗവും പാട്ടബാക്കിയും കൂട്ടിച്ചേർക്കാവുന്ന എത്ര കുറച്ചു ശതമാനം പേരാണ് ഈ സംസ്ഥാനത്തുള്ളതെന്നറിയാമോ? ഇതെല്ലാം കണ്ടുകൊണ്ടാണ് കേരളത്തിലെ കൃഷിക്കാരെപ്പറ്റി ആലോചിക്കുന്നതെങ്കിൽ എനിക്കു അതേപ്പറ്റി മറുപടിയൊന്നും പറയാനില്ല. ഞാൻ കൃഷിക്കാരനെയും കൃഷിക്കാരന്റെ വരവ് എന്നും, കടം എന്നും, പാട്ടബാക്കി എന്നും പറയുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ വരവിനെ സംബന്ധിച്ചൊന്നും എന്റെ മനസ്സിൽ ഒന്നും കാണുന്നില്ല. ഞാൻ ഇവിടെ പറഞ്ഞുവരുന്നത് മൊത്തത്തിൽ പാട്ടബാക്കി റദ്ദാക്കേണ്ട എന്നുള്ളതിനു തെളിവുകൂടി ശേഖരിക്കുകയല്ല. ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ കുടിയാന് സ്ഥിര അവകാശം കൊടുക്കുന്ന നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിച്ചു തുടങ്ങിയിട്ടേ ഉള്ളൂ. അതിനു അടിസ്ഥാനം ഉണ്ടെന്നു തന്നെയാണ് ഞാൻ പറയുന്നത്. അത് തെറ്റെന്നോ ശരിയെന്നോ, ഒന്നും പറയുകയല്ല. പക്ഷെ, നമ്മുടെ ഇന്നത്തെ പരിതഃസ്ഥിതിയിൽ കടാശ്വാസ നിയമത്തിന്റെ പരിധിയിൽ പാട്ടമിച്ചവാരബാക്കികൂടി പെടുത്തിയപ്പോൾ, ഒരു വ്യക്തമായ പരിമിതിയിൽ കുടുങ്ങി എന്നർത്ഥം. അങ്ങനെവരുകയാണെങ്കിൽ ഒരു മാർഗ്ഗം മാത്രമേ ആലോചിക്കാൻ വഴിയുള്ള. ഈ ഘട്ടത്തിൽ അത് എന്താണ്? കടാശ്വാസ നിയമത്തിൽത്തന്നെ വരുമാന പരിധിയും സംഖ്യയുടെ പരിധിയും വിപുലപ്പെടുത്താൻ, സാധ്യമാണോ; ഇതിൽ മൂവായിരം ഉറുപ്പിക എന്നു പറയുന്നത് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി പറഞ്ഞതുപോലെ അയ്യായിരം ഉറുപ്പിക വരെയുള്ള പാട്ടമിച്ചവാരബാക്കിയും എന്നാക്കി മാറ്റാൻ കഴിയുമോ? അതു പരിഗണിക്കണം എന്നാണ് ഞാൻ പറയുന്നത്. അതൊരു ലാസ്റ്റ് ഗ്രേഡ് കാരന്റെയോ ഒരു എൽ. ഡി. ക്ലാർക്കിന്റെയോ വരുമാനവും മറ്റും ഇവിടെ പ്രശ്നമല്ല. കാർഷികം മൊത്തത്തിലെടുക്കണം. ശരിയായ അർത്ഥത്തിൽ ഒരു നല്ല വിഭാഗം കർഷകർക്ക് ആശ്വാസം ലഭിക്കണം എന്നാണ് എന്റെ പക്ഷം: നമ്മുടെ സംസ്ഥാനത്ത് പ്രത്യേകം സാഹചര്യം കണക്കിലെടുത്താൽ, ഇങ്ങോട്ടു ഒരു ചോദ്യംവരുന്നു. ഒന്നുകിൽ സർക്കാർ ഉദ്യോഗം വഴിയായിട്ട് അല്ലെങ്കിൽ മറ്റു രീതിയിൽ ധാരാളം വരുമാനമുള്ള കുടുംബങ്ങളും ഒരു ചെറിയ സംഖ്യ, കഴിഞ്ഞുപോയ, കാലംചെയ്ത, റദ്ദാക്കപ്പെട്ട ഭൂഉടമാവിഭാഗത്തിന് കൊടുക്കുന്നതിനെ നിങ്ങളെന്തിനു തടയുന്നു? ചെയ്യാൻ പാടില്ലാത്ത ഒരു മഹാ പാപമാണ് അതെന്ന് എനിക്കു തോന്നുന്നില്ല. ഒരു മറുപടിയും അർഹിക്കാത്ത വിഷയമാണോ, ഇന്നത്തെ സാഹചര്യത്തിൽ ഇത്? അതിനി ഭൂഉടമ പരിഷ്ക്കരണത്തിനുശേഷം ഒരു ധനിക വിഭാഗം ഈ മേഖലയിൽ സംജാതമായിട്ടുണ്ട്. അത്തരക്കാരുടെ പാട്ടമിച്ചവാരബാക്കികളും റദ്ദാക്കുന്നതിൽ, അവർക്ക് താൽപര്യം കാണും. എന്നാൽ, ഈ ഭേദഗതിനിയമത്തിൽ, അതിന് സാധ്യതയില്ല. അതാണിതിന്റെ പരിമിതി

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ആദ്യംതന്നെ പറഞ്ഞുവച്ചത് അവരെക്കൂടി ഉൾപ്പെടുത്താത്തതു കൊണ്ടു്, രക്ഷകിട്ടുന്നവരെ മറന്നുകളയരുത്. ഈ അർത്ഥത്തിൽ മാത്രമാണ് പരിധിവയ്ക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നത്. ഇന്നത്തെ സ്ഥിതിയിൽ പരിപൂർണ്ണമായ പാട്ടമിച്ചവാരബാക്കി റദ്ദാക്കുക എന്നുള്ളതിന് ചരിത്രപരമായ ബാദ്ധ്യതയുണ്ട്. അതു വളരെ ശരിയാണ് എന്നെനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. പഴയ അദ്ധ്യായം അമ്പേ മറിക്കേണ്ട ഒരു കാലം ആയിരിക്കുകയാണ്. ഈ ചുരുങ്ങിയ കാലംകൊണ്ടു് ഈ സംസ്ഥാനത്തിന്റെ മുഖമായ മാറി നാടുവാഴിപ്രഭുത്വത്തിന്റെ വിഷമങ്ങളും ജാതിവ്യത്യാസങ്ങളും ചൂഷണങ്ങളുമൊക്കെ നടമാടിയിരുന്ന ഒരു സംസ്ഥാനത്തിൽ അതിന്റെ മൂലശിലയായി നിന്നിരുന്നത് പാട്ടം വാങ്ങലും കൊടുക്കലും ആണെന്നു മനസ്സിലാവുകയും ആ അടിവേരിനു തന്നെ കത്തിവക്കുകയും ചെയ്ത പരിഷ്ക്കാരമല്ലേ ഇവിടെ നടപ്പിലായിട്ടുള്ളത്? അതിന്റെ അർത്ഥം അതുമായി ബന്ധപ്പെട്ട എല്ലാം റദ്ദാക്കുക എന്നാണ്. ഞാൻ ആ പക്ഷക്കാരനാണ്. യാതൊരു സംശയവും അക്കാര്യത്തിലില്ല. എന്നാൽ അതിൽ നിന്നിറങ്ങിവന്ന് നേരത്തെ ഒരു പരിമിതിക്കുള്ളിൽകൂടി കഴിഞ്ഞാൽ കൂടിയവനുതന്നെ പുറത്തിറങ്ങാൻ കഴിയാത്ത ഒരു സ്ഥിതിവരും. ഇപ്പോഴും വന്നുവശായിട്ടുള്ളത് അങ്ങനെയാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് ഈ വസ്തുതകളെല്ലാം മനസ്സിലാക്കിയിട്ട് അതിൽനിന്നുൽഭവിക്കുന്ന ഗുണം അർഹതപ്പെട്ട ഒരു വിഭാഗത്തിന് ലഭ്യമാകണം എന്നു പറയുന്നത്. അതു വിപുലപ്പെടുത്താനുള്ള ഒരു ശ്രമം നടത്തുകയായിരിക്കും ഇപ്പോഴും കരണീയമായിട്ടുള്ളതെന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മന്ത്രി ഞാൻ ഈ സംഗതി സൂചിപ്പിക്കുമ്പോഴും ഇവിടെ ഉണ്ടായിരുന്നില്ല. ഈ ഘട്ടത്തിൽ മൂവായിരം എന്നുള്ളത് അയ്യായിരം എന്നാക്കാൻ കഴിയുമോ? അതു പരിഗണിക്കേണ്ടതാണ്. അത് വളരെ അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണ്. ഇതു ഞാൻ പറയുമ്പോഴുള്ള ഗുണാശ്വാസബില്ലിനെ സംബന്ധിച്ച് സംസാരിച്ചകാര്യം ഞാൻ ഓർക്കുന്നു. ബഹുമാനപ്പെട്ട ദേവസിക്കുട്ടിയും അതു സൂചിപ്പിക്കുകയുണ്ടായി. ഇതെല്ലാം നമ്മുടെ കേരളത്തിലുള്ള എല്ലാവിധത്തിലും വിഷമം അനുഭവിക്കുന്ന കൃഷിക്കാരന്റെ പ്രശ്നങ്ങളിൽ ഒരു ഭാഗത്തുനിന്നും നോക്കുന്ന നോട്ടമേ ആകുന്നുള്ളു. സമഗ്രമായ ഒരു നോട്ടമാകുന്നില്ല. അങ്ങനെ ആകണമെന്നുണ്ടെങ്കിൽ സമഗ്രമായിട്ടുള്ള രീതിയിൽ കൃഷിക്കാരനെ ഋണബാദ്ധ്യതയിൽനിന്നും രക്ഷപ്പെടുത്തുന്നതിനുവേണ്ടുന്ന ഒരു നിയമനിർമ്മാണം വേണ്ടിവരും. ഒരു പ്രത്യേക സമീപനം ഇക്കാര്യത്തിൽ ആവശ്യമാണ്. കാരണം ഇവിടെ അവനവനും മറ്റുള്ളവർക്കുംവേണ്ടി എന്തെങ്കിലും ഉൽപ്പാദിപ്പിക്കുന്നവർ, എന്തെങ്കിലും ഉണ്ടാക്കുന്നവൻ മോശക്കാരനാണ്. നേരെമറിച്ച് ഉൽപ്പന്നം കയ്യിൽവന്നവൻ, ഓഹരിവയ്ക്കുന്നവൻ അവനാണ് മൂപ്പൻ. കണ്ടുനിൽക്കുന്നവനാണ് ഇപ്പോഴും ഗുണമത്രയും കൊണ്ടുപോകുന്നത്. ഉണ്ടാക്കുന്നവനെ ഒഴിച്ചുനിർത്തുന്നു. അവൻ വിഷമിക്കുന്നവനാണ്, ദുർബലനാണ് എങ്കിലും എല്ലാ ആപത്തും അവന്റെ കഴുത്തിലാണ്. അവർ ഉണ്ടാക്കിയിട്ട്, അത് മറ്റൊരുത്തൻ കയ്യിലാക്കുന്നു. അവനൊരുനിൽപ്പുണ്ട്. അവനാണ് ഈ രാജ്യത്ത് പ്രമാണി. അവന്റെ കൂടെകൂടെ ആളുകളും ഉള്ളു. അവനിൽനിന്ന് ഒരുഹരി വാങ്ങാനാണ് ഉൽസാഹം കാണിക്കുന്നത്. അതാണ് നമ്മുടെ സാമ്പത്തികവ്യവസ്ഥ. അവിടെ തൊട്ടുകളിക്കാൻ ആരൊക്കെ ഉദ്ദേശിക്കുന്നുണ്ട്? അപ്പുറവും ഇപ്പുറവും തൊട്ടുകളിച്ചാലൊന്നും അവിടെ എത്തില്ല. പരിമിതി അൽപ്പം കൂടി വർദ്ധിപ്പിച്ച് ഒരു നല്ലവിഭാഗം കർഷകർക്ക് പാട്ടമിച്ചവാരബാക്കികളുടെ ആപത്തിൽനിന്നും രക്ഷകിട്ടിക്കഴിഞ്ഞാൽ നല്ലതാണ്, എന്നാൽ അതിനപ്പുറവും കടന്നുനോക്കുമ്പോൾ കൃഷിക്കാരന്റെ സ്ഥിതിയെപ്പറ്റി ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഹഗവീക്ഷണം നടത്തിയാൽ നമ്മുടെ ഈ സംസ്ഥാനത്തിൽ എപ്പോഴായാലും കാർഷികമേഖലയിൽ എല്ലാ വിഷമതകളും അനുഭവിക്കുന്നതു കർഷകനാണ്. ചെറുകിട കർഷകൻ. മഴ കൂടിയാൽ മറ്റവന് കൂടി ഉണ്ടായാൽമതി. എന്നാൽ അവർ രക്ഷപ്പെട്ടു. കൃഷിക്കാരനു മഴകൂടിയാലും കുറഞ്ഞാലും നഷ്ടം. പ്രകൃതിയുടെ എല്ലാ അപകടങ്ങളും വൈകൃതങ്ങളും നേരെചെന്നു കൊള്ളുന്നത് കൃഷിക്കാരന്റെ കഴുത്തിലാണ്, അതിലൊന്നും അവനു യാതൊരു രക്ഷയും ഇല്ല. ഞാൻ ഒരു ഉദാഹരണം പറയാം. ഈ അടുത്ത് കഴിഞ്ഞ ചില ആഴ്ചകളിൽ മഴ ഒട്ടും പെയ്തില്ല. ഒരു കൃഷിക്കാരൻ, മുണ്ടകൻ കൃഷിക്ക് വിത്തു കൊണ്ടുപോയി മണ്ണിലിട്ടു, അത് കഷ്ടിച്ച് മുളച്ചുവന്നപ്പോഴും മഴ ഇല്ലാത്തതുകൊണ്ടു നിറംമാറി നിൽക്കുകയാണ്. മഞ്ഞനിറത്തിലുള്ള ഞാറ് പറിച്ചുനടാൻ പറ്റില്ല. വേറെ വിത്തു വാങ്ങാൻ യാതൊരു മാർഗ്ഗവുമില്ല. നല്ലവിത്തു ലഭിക്കാനും ഇല്ല. വിത്തു പോയി. വിളവിറക്കാനും വഴിയില്ല. അങ്ങനെ ഇവിടത്തെ കൃഷിക്കാർ വളരെ വിഷമം അനുഭവിക്കുകയാണ്. ഇങ്ങനെയുള്ള വൈഷമ്യങ്ങളൊക്കെ അനുഭവിച്ചുകൊണ്ട് ഒരുപറ വിത്തു പാകി അതു പറിച്ചുനട്ട് അതിന്റെ ചെലവൊക്കെ ചെലവാക്കി കൊയ്യാൻ കാലത്ത് ഒന്നും കിട്ടാതാവുക. പാവപ്പെട്ട കർഷകന്റെ സ്ഥിതിയാണ് കർഷകരെ ഋണബാദ്ധ്യത എന്ന വിഷമവലയത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി വളരെ ദീർഘദൃഷ്ടിയോടെ ഉള്ള നടപടികളും സ്വീകരിക്കേണ്ടതു് വളരെ അത്യാവശ്യമാണ്. ഈ ഘട്ടത്തിൽ മൂവായിരം ഉറുപ്പികവരെ വാർഷികവരുമാനം ഉള്ളവരുടെ മൂവായിരം ഉറുപ്പിക പാട്ടമിച്ചവാരബാക്കി റദ്ദാക്കുന്നതിനുള്ള ഈ ഭേദഗതിയെ പൂർണ്ണമായും ഞാൻ അനുകൂലിക്കുന്നതോടുകൂടി ഇന്നത്തെ സാഹചര്യത്തിൽ രണ്ടിന്റെയും പരിധി ഒന്ന് വർദ്ധിപ്പിച്ച് മെച്ചംകിട്ടുന്ന കർഷകരുടെ സംഖ്യ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: വളരെ ലളിതമായ ഒരു ഭേദഗതി ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. അദ്ദേഹം നടത്തിയ വിശദീകരണത്തിൽ പരാമർശിക്കുകയുണ്ടായി, വളരെ ചാരിതാർത്ഥ്യത്തോടും അഭിമാനത്തോടും കൂടിയാണ് ഈ ഭേദഗതിബില്ല് അവതരിപ്പിക്കുന്നതെന്ന്. തീർച്ചയായിട്ടും അത് അക്ഷരാർത്ഥത്തിൽ ശരിതന്നെയാണ്. നമ്മുടെ സമൂഹത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനവിഭാഗത്തിനുവേണ്ടി ഈ ഗവൺമെന്റ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന നിയമനിർമ്മാണ നടപടികളിൽ ഒരു നാഴികക്കല്ലാണ് ഈ ബില്ല്. ഇതിനു മുമ്പ് 1977-ൽ പാസാക്കിയ ഇതിന്റെ മൂലനിയമത്തേയും ജനങ്ങൾ അംഗീകരിക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. നമ്മുടെ സംസ്ഥാനത്ത് നിലവിലിരുന്ന ''ഡെറ്റേഴ്സ് ടെംബററി ആക്റ്റ് 1975'' അനുസരിച്ച്, നമ്മുടെ സംസ്ഥാനത്തിലെ ഒരു വിഭാഗം ജനങ്ങളുടെ കയ്യിൽനിന്ന് കിട്ടേണ്ടിയിരുന്ന കടത്തിന് ഒരു നിശ്ചിതകാലത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. 1977 ജനുവരി 14-ാം തീയതിവരെ ഈ ആനുകൂല്യം നീട്ടിക്കൊടുത്തുകൊണ്ടിരുന്നു. സ്ഥായിയായ ഒരു പരിഹാരം ഇതിന് ലഭിക്കണമെന്നുള്ള ആഗ്രഹത്തിന്റെ പേരിൽ 1977-ൽ ഈ നിയമസഭതന്നെയാണ് ഈ നിയമം പാസാക്കിയത്. അതുകൊണ്ട് വളരെയേറെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പക്ഷേ ഇവിടെ ഞാൻ കാണുന്ന ഒരു ന്യൂനത, ഈ നിയമങ്ങൾ പാസാക്കിയെങ്കിലും അതിന്റെ പ്രയോജനം ലഭിക്കേണ്ട ആളുകൾ ഇക്കാര്യത്തിൽ ബോധവാൻമാരാകുന്നുണ്ടോ എന്നുള്ളതാണ്. ഈ നിയമം അംഗീകരിച്ച് പാസാക്കിക്കഴിഞ്ഞിട്ട് എത്രയാണ് രണ്ടു വർഷക്കാലമായി. ഈ രണ്ടു വർഷത്തിനുള്ളിൽ ഇതിന് അർഹതപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എത്ര ആളുകൾ ഈ ആശ്വാസം ലഭിക്കുന്നതിനുവേണ്ടി, ഇതിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ മുമ്പിൽ എത്തിയിട്ടുണ്ട് എന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്. കടത്തിന്റെ പരിധിയെക്കുറിച്ചും കടക്കാരുടെ പരിധിയെക്കുറിച്ചുമൊക്കെ നിർവ്വചിക്കുന്നുണ്ട്. പക്ഷേ ഇതിനെക്കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കാൻ സാധിക്കാത്തതു കൊണ്ട് വളരെയേറെ ആളുകൾ ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി മുന്നോട്ടു വരാത്ത സാഹചര്യം ഉണ്ട്. ഏതു രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ടായാലും ഇതിന്റെ പ്രയോജനം എല്ലാവർക്കും ലഭ്യമാക്കേണ്ട കാര്യത്തെക്കുറിച്ച് ഈ ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കണം എന്നാണ് എന്റെ അഭിപ്രായം.

ഇപ്പോൾ ഇവിടെ ലളിതമായ ഒന്നുരണ്ട് ഭേദഗതികളേ കൊണ്ടുവന്നിട്ടുള്ളു. മൂല നിയമത്തിൽ സെക്ഷൻ 2-ൽ ഉണ്ടായിരുന്ന സബ് സെക്ഷൻ (i) എടുത്തുകളഞ്ഞിരിക്കുകയാണ്. Any rent or michavaram payable in respect of any land എന്നുള്ളത് എടുത്തു കളഞ്ഞു. സർ, ഇതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വളരെയേറെ ആളുകൾക്ക് പ്രയോജനം ലഭിക്കും. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ആയിരക്കണക്കിന് സാധാരണക്കാരായ കൃഷിക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്ന്. സർ, ഈ നിയമം നിലവിൽ വന്നതോടുകൂടി നമ്മുടെ സമൂഹത്തിലെ ഒരു വിഭാഗം ആളുകളെ മറ്റൊരു വിഭാഗം ആളുകൾ ചൂഷണം ചെയ്തിരുന്നതിൽനിന്നും മോചനം കൊടുക്കാൻ സാധിച്ചു. പക്ഷേ ഈ കടത്തിന്റെ പരിധി, ഇതിൽ ഒഴിവാക്കിയിരിക്കുന്നതുവച്ച് നോക്കുമ്പോൾ ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി പറഞ്ഞതിനോട് യോജിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ഒഴിവായിരിക്കുന്നതിനെക്കുറിച്ച് ഒരു പുനർചിന്തനം നടത്തണം. വ്യക്തമായ കണക്കുകൾ ലഭ്യമല്ലാത്തതുകൊണ്ട് അതിനെക്കുറിച്ച് വിശദമായി പരാമർശിക്കാൻ സാദ്ധ്യമല്ല. എങ്ങനെയായിരുന്നാലും അതിനെപ്പറ്റി വിശദമായ ഒരു പഠനം നടത്തി കൂടുതൽ ആളുകൾക്ക് ഇതിന്റെ ആനുകൂല്യം കിട്ടത്തക്കവിധത്തിൽ മാറ്റേണ്ടതാണ്.

മറ്റൊരുകാര്യമുള്ളത് ഇവിടെ പരാമർശിച്ചതുപോലെ മൂവായിരം രൂപാവരെ വാർഷിക വരുമാനമുള്ളവരെയാണ് ഡെറ്റിന്റെ നിർവ്വചനത്തിൽ പറഞ്ഞിരിക്കുന്നത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നമുക്കറിയാം നമ്മുടെ നാട്ടിന്റെ സ്ഥിതിവിശേഷവും മാറും. ഇന്നു ലഭ്യമാകുന്ന കൂലി നിലവച്ച് നോക്കുമ്പോൾ മൂവായിരം രൂപായെന്നു പറയുന്നത് വളരെ ചെറിയ ഒരു സംഖ്യയാണ്. 1977-ൽ ഈ നിയമസഭയിൽ ഈ ബില്ല് പരിഗണനയ്ക്ക് വന്ന അവസരത്തിൽ മന്ത്രി അവതരിപ്പിച്ച പരിധി 2,400 രൂപയായിരുന്നു. അന്ന് ഞാൻ ഈ നിയമസഭയിൽ അവതരിപ്പിച്ച ഭേദഗതിയിൽ 2,400 രൂപായെന്നത് 6,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശമാണ് വച്ചത്. പല ഭാഗത്തുനിന്നും ഡിമാൻറുകൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി 2,400 എന്നുള്ളത് 3,000 ആയി വർദ്ധിപ്പിച്ചത്. സർ, അത് ഒന്നുകൂടി പുനഃപരിശോധിക്കേണ്ട സാഹചര്യമല്ലേ ഇന്നുള്ളത് എന്നകാര്യം കണക്കിലെടുത്ത് ഒന്നുകൂടി പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. തീർച്ചയായും ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്, നമ്മുടെ സമൂഹത്തിലെ സാധാരണക്കാരായ, ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്ക് ആശ്വാസം പകർന്നുകൊടുക്കണമെന്നുള്ള ആഗ്രഹത്തിന്റെ പേരിലാണ്. ആ രീതിയിൽ നോക്കുമ്പോൾ പരിധി കുറെകൂടി ഉയർത്തണം. അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ടതല്ലെങ്കിൽ കൂടി, വളരെസമയം ഈ സഭയിൽ വാദപ്രതിവാദത്തിന് ഇടവന്ന ഒരു വിഷയമെന്നുള്ള നിലയിൽ മറ്റൊരു കാര്യം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമന്യപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പ്രത്യേകമായി അന്ന് ശ്രദ്ധിക്കപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളുണ്ട്. വിധവകളെ സംബന്ധിച്ചുള്ളതാണ് ഒന്ന്. നമ്മുടെ സമൂഹത്തിൽ വിധവകളെന്നു പറഞ്ഞാൽ വരുമാനം ഇല്ലാത്തവരും, വളരെയേറെ വരുമാനമുള്ളവരും ഉണ്ടായിരിക്കും. അവരുടെ വരുമാനത്തിന്റെ പരിധി വ്യക്തമായി നിശ്ചയിക്കാതെ വിധവകൾക്ക് ആനുകൂല്യം കൊടുക്കുന്നു എന്നു പറയുന്നതു സാമൂഹ്യനീതിക്ക് യോജിച്ചതാണോ എന്ന് എനിക്ക് സംശയമുണ്ട്. പഴയ നിയമങ്ങളെടുത്തു പരിശോധിച്ചാൽ എല്ലാ നിയമങ്ങളിലും, ഇത്തരത്തിൽ കടാശ്വാസം കൊടുക്കുന്ന അവസരത്തിൽ വിധവകളെ ഒഴിവാക്കിയിട്ടുള്ളതായി കാണാം. ആ കീഴ്വഴക്കം ഇതിലും തുടർന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ആ നിലയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ മൂല നിയമത്തിൽ സെക്ഷൻ 2-ന് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതുകൊണ്ട് ഇതിനുകൂടി ഒരു പരിധി നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുന്നത് അഭികാമ്യമായിരിക്കും. മൂലനിയമം ഈ നിയമസഭയുടെ പരിശോധനയ്ക്ക് എടുത്ത അവസരത്തിൽ, ദീർഘമായ ചർച്ചകളും പല വകുപ്പുകളെക്കുറിച്ചും നടന്നപ്പോഴും മന്ത്രി തന്നെ ഒരു കാര്യം ഈ സഭയ്ക്ക് ഉറപ്പു നൽകി ഈ നിയമം നടപ്പിലാക്കിക്കഴിഞ്ഞതിനുശേഷം പ്രായോഗികതലത്തിൽ എന്തെങ്കിലും പ്രയാസം ഉണ്ടാവുകയാണെങ്കിൽ ഭേദഗതികൊണ്ടു വരാമെന്ന്.

മൂലനിയമത്തിൽ സെക്ഷൻ-8-ൽ അഭിഭാഷകർ ട്രൈബ്യൂണലിൽ അപ്പീയർ ചെയ്യുന്നതിനെ നിരോധിച്ചിട്ടുണ്ടായിരുന്നു. അക്കാര്യം ഈ സഭയിൽ വളരെയേറെ മണിക്കൂർ നീണ്ടുനിന്ന ചർച്ചയ്ക്ക് വിധേയമായതാണ്. അന്ന് നൽകിയ ഉറപ്പ് ഈ നിയമം നടപ്പിലായതിനുശേഷം പ്രായോഗികതലത്തിൽ എന്തെങ്കിലും വിഷമതകളോ, പോരായ്മകളോ ഉണ്ടാവുകയാണെങ്കിൽ പരിശോധിക്കാമെന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഒന്നുരണ്ടു ഭേദഗതികളും കൊണ്ടുവന്നിട്ടുള്ളത്. ആ കൂട്ടത്തിൽ ഇതുംകൂടി പരിശോധിക്കുന്നതിന് ബുദ്ധിമുട്ടില്ലായെന്നാണ് എനിക്ക് തോന്നുന്നത്, സാധാരണക്കാരായ ആളുകൾക്ക് ഗവൺമെന്റ് അഭിഭാഷകരുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ, മൂലനിയമത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്ന ഈ സാഹചര്യത്തിൽ, അന്ന് ഈ സഭയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി നൽകിയിരുന്ന ഉറപ്പ് ഈ സന്ദർഭത്തിൽ ഇത് പുനഃപരിശോധിക്കുകയും അഭിഭാഷകർക്ക് നിഷേധിച്ച ഈ അവകാശം വീണ്ടും നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

അന്ന് ഇവിടെ പരാമർശിക്കപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്. ബർഡൻ ആഫ് പ്രൂഫ് ആർക്കായിരിക്കണം എന്നതാണ്. അതിനുള്ള ചുമതല ഇന്ന് കൊടുത്തിരിക്കുന്നത് ക്രെഡിറ്റർക്കാണ്. ഇത് ഇവിടെ തർക്കവിഷയമായ ഒരു സംഗതിയാണ്. ക്രെഡിറ്ററാണോ ഇത് തെളിയിക്കേണ്ടത്, ഡെബ്റ്ററാണോ ഇത് തെളിയിക്കേണ്ടത് എന്നുള്ള കാര്യം ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. സർ നമുക്കറിയാം, ഡെബ്റ്ററുടെ കാര്യത്തിൽ നിർവ്വചനമുണ്ട്, ഏത് പരിധിവരെയുള്ള ആളുകളാണെന്ന്. ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്, മൂവായിരം രൂപയെന്ന്. ആ നിലയിൽ നോക്കുമ്പോഴും, ഡെബ്റ്റർക്കും പരിധി നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ ക്രെഡിറ്റെ നിർവചിക്കുന്ന കാര്യം പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. അന്ന് മൂലനിയമം കൊണ്ടുവന്ന അവസരത്തിൽ, ക്രെഡിറ്റെക്കുറിച്ച് വ്യക്തമായ നിർവ്വചനം ഉണ്ടായിരുന്നില്ല. അത് കൃത്യമായി

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിക്കണമെന്നുള്ള അഭിപ്രായം സഭയിൽനിന്ന് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ആണ് ഈ നിയമസഭ അത് ചർച്ച ചെയ്തത്. ആ സാഹചര്യം ഇന്നും നിലനിൽക്കുന്നു, അതുകൊണ്ട്, ഇന്ന് ഈ മൂലനിയമത്തിന് ചില ഭേഗതികളും കൊണ്ടുവന്നിരിക്കുന്നതുകൊണ്ട്, ഇതുകൂടി പരിശോധിക്കണം. നമ്മുടെ നിലവിലുള്ള നിയമസംഹിതകളിലൊക്കെ പറയുന്നവിധത്തിൽതന്നെ ബർഡൻ ആഫ് പ്രൂഫ് എപ്പോഴും ആനുകൂല്യം ലഭിക്കുന്ന ആൾക്കാണ് കൊടുക്കേണ്ടത്. ആനുകൂല്യം ലഭ്യമാകാത്ത ഒരാൾക്ക് അത് തെളിയിക്കുവാനുള്ള ചുമതല കൊടുക്കുന്നത് ശരിയല്ലായെന്ന് നിയമത്തിൽതന്നെ അനുശാസിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതുംകൂടി പുനഃപരിശോധിക്കുന്നത് അഭികാമ്യമായിരിക്കണമെന്നാണ് എനിക്ക് തോന്നുന്നത്.

11 a.m. ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞു, പാട്ടബാക്കി മുഴുവനായി എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണമെന്ന്. പക്ഷേ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയാൻ സാധിക്കും. കഴിഞ്ഞ ഏതു ഗവൺമെന്റുകളും ചെയ്തതിനേക്കാളും കൂടുതലായി വളരെയേറെ ആശ്വാസം ഇവിടത്തെ കർഷകർക്കും സാധാരണക്കാർക്കും ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള നിയമ ഭേഗതികളും ഈ ഗവൺമെന്റ് കൊണ്ടുവന്നു പാസാക്കിയെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ പ്രത്യക്ഷ തെളിവുകളും ഈ നിയമസഭയിൽ കാണാൻ കഴിയും. ഇപ്പോഴും കൊണ്ടുവന്നിരിക്കുന്ന ഭേഗതി നിയമംതന്നെ അതിന് ഒരു ഉദാഹരണമാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, മൂവായിരം രൂപയിൽ കൂടുതലുള്ള പാട്ടബാക്കിയെക്കുറിച്ച് അവർക്ക് തവണകളായി അടയ്ക്കുന്നതിനുള്ള അവസരം കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നുണ്ടെന്ന്. ആ നിലക്ക് തീർച്ചയായും ഈ നിയമനിർമ്മാണ നടപടികളൊക്കെത്തന്നെ നമ്മുടെ സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളെ ആശ്വസിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. ഒരു ഗവൺമെന്റിന്റെ ചുമതലയെന്ന നിലയിൽ അഭിമാനത്തോടുകൂടി ഈ ഗവൺമെന്റ് അതിന്റെ ചുമതലകളും നിറവേറ്റിക്കൊണ്ടിരിക്കുന്നു. ചില ആളുകളുടെ അഭിപ്രായത്തിൽ അടിത്തറ ഇളകിയ സർക്കാരായതുകൊണ്ട് ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നാണ് ചില സ്ഥലങ്ങളിൽ നിന്നു ആക്ഷേപം ഉന്നയിക്കുന്നത്. അടിത്തറ ഇളകിയെന്ന് എന്നുമുതലാണ് തോന്നിത്തുടങ്ങിയതെന്ന് മനസ്സിലാകുന്നില്ല. എന്തായാലും ഈ നിയമസഭ സമ്മേളിച്ചതിനുശേഷം ഇന്നലെ പരിഗണനക്ക് എടുത്തതും ഇന്നു പരിഗണിക്കുന്നതും നാളെ പരിഗണിക്കാൻ പോകുന്നതുമായ നിയമനിർമ്മാണ നടപടികളും പരിശോധിച്ചാൽ എത്ര സൂക്ഷ്മമായി ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങളും ഗവൺമെന്റ് ശ്രദ്ധിക്കുന്നു എന്നുള്ളത് മനസ്സിലാക്കുവാൻ സാധിക്കും. ഈ രാജ്യത്തിലെ ജനങ്ങളുടെ ഉന്നമനത്തേയും അവരുടെ പുരോഗതിയേയും ലക്ഷ്യമാക്കിക്കൊണ്ടുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ബിൽ ആർഡിനൻസ് റീപ്ലേസ് ചെയ്യാൻ കൊണ്ടുവന്നതാണെന്നു പറഞ്ഞു. ആർഡിനൻസായി ഇതുകൊണ്ടുവരാനുള്ള കാരണം അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണെന്നു ഇവിടെ മന്ത്രി പരാമർശിക്കുകയുണ്ടായി. ആ നിലക്ക് ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് അഭിമാനിക്കാൻ അവകാശം നൽകുന്ന വിധത്തിൽ ഈ ഭേഗതി കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ ഇതിനെ സ്വാഗതം ചെയ്യുകയാണ്. അതുപോലെതന്നെ റൂറൽ ബാങ്കുകളെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഭേഗതി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരണമെന്നു കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമുണ്ടായതായി മന്ത്രി പറഞ്ഞു. അതിന്റെ വിശദാംശങ്ങളും സഭയിൽ പറഞ്ഞില്ല. എന്തു കൊണ്ടാണ് അങ്ങനെ നിർദ്ദേശിച്ചത് എന്നുള്ളതിനു വിശദീകരണം ആവശ്യമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1977-ൽ ഈ ബിൽ ഈ നിയമസഭ ചർച്ചചെയ്ത അവസരത്തിലും ഈ പ്രശ്നം പൊന്തിവന്നിട്ടുണ്ട്. അവിടെനിന്നു എടുക്കുന്ന കടത്തെ എന്തുകൊണ്ടാണ് ഒഴിവാക്കിയതെന്നുള്ളതിനു ഒരു വിശദീകരണം നൽകേണ്ടതു ആവശ്യമാണ്. വളരെ സംക്ഷിപ്തമായ ഒരു നിയമം, ഈ നാട്ടിലെ ജനങ്ങൾക്കു ഉപകാരപ്രദമായ ഒരു നിയമം എന്നുള്ള നിലയിൽ ഞാൻ ഇതിനെ ഒരിക്കൽകൂടി പിൻതാങ്ങുകയാണ്. അതോടൊപ്പം ഞാൻ ഈ സഭയിൽവച്ച നിർദ്ദേശങ്ങൾകൂടി മന്ത്രി പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇത് മൂല നിയമത്തിനു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്ന ഒരു ബില്ലാണ്. ഈ അവസരത്തിൽ ഇവിടെവച്ച നിർദ്ദേശങ്ങളും ഈ ബില്ലിൽ കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽത്തന്നെ മന്ത്രി നേരിട്ടു സഭക്കു നൽകിയിരുന്ന ഉറപ്പ് ഒന്നു പുനഃപരിശോധനക്കു വിധേയമാക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. പി. സി. ജോസഫ്: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി ബില്ലിനോടു യോജിപ്പാണ് എനിക്കുള്ളത്. പക്ഷേ ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ നിയമം പ്രാബല്യത്തിൽ വന്നതിനും നിയമം പാസായതിനും ഇടയ്ക്കുള്ള 1977 ജനുവരി മാസം 13-ാം തീയതിക്കും 1979 ജൂലായ് മാസം 19-ാം തീയതിക്കും ഇടക്കുള്ള സമയത്ത് കടബാദ്ധ്യതക്കാർക്ക് കടം അടയ്ക്കാത്തതിന്റെ പേരിൽ ഭൂമി നഷ്ടപ്പെടാനുള്ള വളരെയേറെ സാദ്ധ്യതയുണ്ട്. അങ്ങനെയുള്ള ഭൂമി തിരിച്ചെടുക്കുന്ന യാതൊരു വ്യവസ്ഥയും ഈ നിയമത്തിൽ ഇല്ലെന്നുള്ളതാണ് ഈ ഭേദഗതിയുടെ ഒരു ന്യൂനതയായി ഞാൻ കാണുകയാണ്. "പേയ്മെന്റ് ഓഫ് അരിയേഴ്സ് ഓഫ് റെന്റ് ഇൻ ഇൻസ്റ്റാൾമെന്റ്സ്" നിയമത്തിലും ഇതിനു പരിഹാരം കാണുന്നതിനുള്ള യാതൊരു വ്യവസ്ഥയും ഇല്ലെന്നുള്ളതു ഖേദകരമായ ഒരു വസ്തുതയാണ്. നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആദ്യത്തെ മൂന്നു മാസത്തിനുള്ളിൽ ആദ്യത്തെ തവണ അടയ്ക്കുകയും വീണ്ടും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുകയും ചെയ്തില്ലെങ്കിൽ കടബാദ്ധ്യതക്കാരെ സംബന്ധിച്ചിടത്തോളം പ്രയോജനം ലഭിക്കുകയില്ല. ഈ കാലയളവിനുള്ളിൽ കടത്തിന്റെ പേരിൽ ഭൂമിയോ മറ്റു വസ്തു വകകളോ നഷ്ടപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം പ്രയോജനം ലഭിക്കുന്നില്ലെന്നുള്ളതാണ് ഈ ബില്ലിന്റെ സ്പിരിറ്റിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ന്യൂനതയാണെന്നാണ് എന്റെ അഭിപ്രായം. ഹൗസിംഗ് ബോർഡിനു കൊടുക്കാനുള്ള തുകക്ക് പൂർവകാല പ്രാബല്യം നൽകിയിരിക്കുന്നതു വളരെ ശ്രദ്ധേയമാണ്. പൂർവകാല പ്രാബല്യത്തിൽ നഷ്ടപ്പെട്ട ഭൂമി അല്ലെങ്കിൽ നഷ്ടപ്പെട്ട വസ്തുവകകൾ തിരിച്ചെടുക്കുന്നതിനുള്ള ഭേദഗതികൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ഉണ്ടാകണമെന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എന്റെ അഭിപ്രായത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മറുപടിയിൽ പറയുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ഏതായാലും പലരും ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്നത്തെ സാഹചര്യത്തിൽ മൂവായിരം രൂപ എന്നു പറയുന്നത് വളരെ പരിമിതമാണെന്നുള്ള കാര്യം ഞാൻ അനുസ്മരിപ്പിക്കുകയാണ്. എങ്കിൽപോലും ഇതിൽ ഉൾക്കൊള്ളുന്ന വളരെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ വീക്ഷണത്തെ അഭിനന്ദിക്കാതിരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്ക എന്നുള്ള വസ്തുതകൂടി ഞാൻ അനുസ്മരിപ്പിക്കുന്നു. വളരെ കൂടുതലായി ഞാൻ ഒന്നും പറയുന്നില്ലെങ്കിലും ഈ പ്രധാനപ്പെട്ട ന്യൂനത പരിഹരിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

(Sri T. M. Jacob in the chair)

ശ്രീ. പി. പി. എസ്തോസ്: സർ, ഇവിടെ അവതരിപ്പിച്ച ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ചെയ്ത പ്രസംഗത്തെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. കാരണം, അദ്ദേഹം ഏതാനും നിമിഷമെങ്കിലും കേരളത്തിലെ കർഷകരുടെ കഴിഞ്ഞകാല സമരങ്ങളിലേക്ക് ഒന്നു എത്തിനോക്കുകയും അവരിൽനിന്ന് ഒന്നു രണ്ടു നിമിഷം ആവേശം ഉൾക്കൊണ്ടുകൊണ്ട് ചില വാക്കുകളും പറയുകയും ചെയ്യാൻ തയ്യാറായി. പക്ഷേ അദ്ദേഹം അവതരിപ്പിച്ച ബിൽ അതുമായി യാതൊരു ബന്ധവുമില്ല. കാരണം തലമുറകളായി പറയുന്ന പാട്ടവ്യവസ്ഥ എന്നത് പഴഞ്ചൻ ഫ്യൂഡലിസത്തിന്റെ അവശിഷ്ടമാണ്. ആ പഴഞ്ചൻ ഫ്യൂഡലിസത്തിന്റെ അവശിഷ്ടമായ പാട്ടവ്യവസ്ഥ അവസാനിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 1969-ൽ കാർഷിക പരിഷ്കരണ ഭേദഗതിനിയമം കൊണ്ടുവന്നത്. ഈ കാർഷിക പരിഷ്കരണ ഭേദഗതി നിയമം കൊണ്ടുവരുമ്പോൾ 1970-ന് പുറകോട്ടുള്ള പാട്ടബാക്കിക്ക് ചില വ്യവസ്ഥകൾ കൊണ്ടുവന്നിരുന്നു. അന്നത്തെ നിലക്ക് അത് ശരിയുമായിരുന്നു. പക്ഷേ ഇന്നു ആലോചിക്കുന്നത് പത്തു വർഷങ്ങൾക്ക് ശേഷമാണ്. ആ പാട്ടം എന്നുള്ളത് കടത്തിന്റെ പരിധിയിൽപ്പെടുത്തിക്കൊണ്ട് ഉത്തമർണ്ണൻ അധമർണ്ണനു കൊടുത്തിട്ടുള്ള ഒരു സംഖ്യയല്ല അത്. ജൻമിമാർ കൃഷിക്കാർക്ക് കൊടുത്തിട്ടുള്ള ഏതെങ്കിലും പേയ്മെന്റ് തിരിച്ചടയ്ക്കേണ്ട സംഖ്യയല്ല. മറിച്ച് കൃഷിക്കാരൻ അവന്റെ സ്വന്തം ഭൂമിയിൽ അദ്ധ്വാനം ചെയ്ത് അവൻ ഉൽപ്പാദിപ്പിക്കുന്നതിന്റെ ഒരു വിഹിതം, നാടുവാഴിത്ത വ്യവസ്ഥയുടെ ഭാഗമായ പാട്ടം എന്ന നിലയിൽ, ജൻമിക്ക് ലഭിച്ചുകൊണ്ടിരുന്നതാണ്. അതാകട്ടെ ജൻമിക്ക് തന്നാണ്ട് ജീവിക്കുന്നതിനുള്ള ഒരു വരുമാനമാർഗ്ഗമെന്നുള്ള നിലക്ക് നാടുവാഴിത്ത വ്യവസ്ഥയിൽ അതിന് പ്രാമുഖ്യം കിട്ടിയിരുന്നതുമാണ്. പത്തു വർഷങ്ങൾക്കുശേഷം ആ വ്യവസ്ഥപ്രകാരം പഴയ കുടിശിക ഈടാക്കിയെടുക്കുന്നതിന് ജൻമിക്ക് സാവകാശം കൊടുക്കത്തക്കവിധത്തിൽ അല്ലെങ്കിൽ സൗകര്യം കൊടുക്കത്തക്കവിധത്തിൽ നിയമ നിർമ്മാണ നടപടികളും വന്നപ്പോഴെല്ലാം അതിനെതിരായി നിരന്തരമായ പ്രക്ഷോഭണങ്ങളും നടന്നിട്ടുണ്ട്. 1969-ലെ നിയമ നിർമ്മാണത്തെ ഉയർത്തിപ്പിടിച്ച് ഇന്നും ആ നിയമനിർമ്മാണത്തിന്റെ ആനുകൂല്യം ഒരുവിഭാഗം ജൻമിമാർക്ക് ലഭിക്കത്തക്കവിധത്തിൽ ഈ നിയമ ഭേദഗതിയുമായി കടാശ്വാസ പട്ടികയിൽപ്പെടുത്തി ഇവിടെ കൊണ്ടുവന്നത് വളരെ .....

ശ്രീ. ബേബിജോൺ: എങ്ങനെയാണ് ഇത് ജൻമിമാർക്ക് സഹായകമാകുന്നത്?

ശ്രീ. പി. പി. എസ്തോസ്: മൂവായിരം രൂപയിൽ കൂടുതൽ പാട്ടബാക്കിയുള്ള സംഖ്യ ജൻമിമാർക്ക് ഈടാക്കാനുള്ള സൗകര്യമുണ്ട്. പാട്ടം എന്ന വ്യവസ്ഥ നാടുവാഴിത്തത്തിന്റെ അവശിഷ്ടമാണ്. 1970-ൽ നിയമം നടപ്പാക്കുന്ന കാലഘട്ടത്തിൽ അതിന് വ്യവസ്ഥയുണ്ടായിരുന്നു. കാരണം പാട്ടമെന്നുള്ളത് ജൻമിക്ക് തന്നാണ്ട് ജീവിക്കാനുള്ളതായിരുന്നു. പണം കടം കൊടുത്ത് അതിന്റെ പലിശയോ മറ്റോ വാങ്ങുന്നതുപോലെ ഇതു കാണാൻ പാടില്ല. പാട്ടം എന്നു പറയുന്നത് ജൻമിക്ക് നിഷേധിക്കപ്പെടേണ്ട ഒന്നാണെന്ന നിലയ്ക്കാണ് ഇതിനെ ആക്ഷേപിക്കുന്നത്. പത്തു

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിന് മുൻപ് ജൻമിക്ക് അന്ന് ജീവിക്കാൻ ലഭിച്ചിരുന്ന വരുമാനം പത്തുവർഷം കഴിഞ്ഞ് അയാൾക്ക് ലഭിക്കാൻ അർഹതയുണ്ടാകാൻ പാടില്ല. എന്നാൽതന്നെയും മൂലനിയമത്തിൽ ചില പരിധികളും ഉണ്ടായിരുന്നു. പത്തേക്കറിനു മുകളിലുള്ള കൃഷിക്കാരൻ മുഴുവൻ പാട്ടബാക്കിയും കൊടുക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. അത് 1970-ലാണ്, ഇന്ന് 1979 ആണ്. എഴുപതും എഴുപത്തി ഒൻപതും തമ്മിലുള്ള പ്രാധാന്യം, പത്തുവർഷക്കാലത്തിനിടയ്ക്കുവന്നിട്ടുള്ള മാറ്റങ്ങൾ, ജൻമിത്തത്തിനെതിരായി ഈ കാലഘട്ടത്തിൽ വളർന്നുവന്നിട്ടുള്ള പ്രക്ഷോഭണങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നിയമനിർമ്മാണം, അതിന്റെ ആനുകൂല്യം 25 ലക്ഷം കർഷകർക്ക് ലഭിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ നിയമസഭയിൽ ഞാൻതന്നെ പരാതിപ്പെടുകയും എഴുതിക്കൊടുക്കുകയും ചെയ്തിട്ടുള്ള, ലാൻഡ് ട്രൈബ്യൂണലുകൾ ഉപയോഗിച്ചുകൊണ്ട് ആയിരക്കണക്കായ ഏക്കർ ഭൂമി ജൻമിമാർ കർഷകന്റെ കൈയിൽനിന്ന് തട്ടിയെടുത്ത വ്യക്തമായ നൂറുനൂറുദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കർഷകന്റെ കയ്യിൽ വ്യക്തമായ രേഖകൾ ഇല്ലാത്തതുകൊണ്ട് ആയിരക്കണക്കിനേക്കർ ഭൂമി കഴിഞ്ഞ പത്തു വർഷംകൊണ്ട് ജൻമിത്വം തിരിച്ചെടുത്തിട്ടുണ്ട്. ലക്ഷക്കണക്കിനേക്കർ മിച്ചഭൂമി ഉണ്ടായിരുന്നത് കൃത്രിമമായ രേഖകൾ ഉപയോഗിച്ച് പിന്നീട് അവരുടെ കൈവശംതന്നെ നിലനിർത്തിയിട്ടുണ്ട്. ഇങ്ങനെ മിച്ചഭൂമിയെന്നുള്ളത് വെറും സ്വപ്നമായി അവശേഷിക്കുന്ന കാലഘട്ടമാണിത്. അതുപോലെതന്നെയാണ് കൈവശക്കുടിയാന്റെ കാര്യത്തിലും. കൃത്യമായി രേഖയുള്ളവരുടെ കാര്യത്തിൽ തർക്കമില്ല. രേഖയില്ലാത്ത ആയിരക്കണക്കായ കർഷകർക്ക് ഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. ജൻമിത്വത്തിന്റെ രൂപം ഇന്ന് പുതിയ രൂപത്തിൽ ലാൻഡ് ട്രൈബ്യൂണലുകളിൽക്കൂടിയും താലൂക്ക് ലാൻഡ് ബോർഡുകളിൽക്കൂടിയും ഇപ്പോഴും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിന്റെ ഫലമായി കാർഷിക പരിഷ്കരണം അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ല. ഒരുപക്ഷേ കൈവശക്കാരെ സംബന്ധിച്ചിടത്തോളം അൻപത് അറുപത് ശതമാനം അതിന്റെ ലക്ഷ്യത്തിൽ എത്തിയിട്ടുണ്ടായിരിക്കാം. അതിന്റെ ഒരു വികൃതരൂപമാണ് പാട്ടബാക്കി. ലാൻഡ് ട്രൈബ്യൂണൽ സെക്ഷൻ 72 അനുസരിച്ചോ സുവോമോട്ടോയായോ മറ്റേതെങ്കിലും വ്യവസ്ഥയിലോ എടുത്തിട്ടുള്ള ഭൂമിയുടെ പർച്ചേസ് വാല്യു കർഷകൻ 16 തവണയായി അടച്ചുകൊണ്ടിരിക്കുകയാണ്. ഒരുതരത്തിലുള്ള പാട്ടം കർഷകൻ കൊടുക്കുന്നു. അതൊഴിവാക്കാൻ കഴിയുകയില്ല. ജൻമിത്തം പ്രതിഫലം കൂടാതെ അവസാനിപ്പിക്കുകയെന്ന ഇൻഡ്യയിലെ കർഷകന്റെ മുദ്രാവാക്യം ഇന്നത്തെ സാഹചര്യത്തിൽ അതേപടി നടപ്പിലാക്കാൻ കഴിയുകയില്ല എന്നുള്ള അഭിപ്രായമുണ്ടെങ്കിൽതന്നെയും ഇന്ന് കർഷകൻ ഇൻസ്റ്റാൾമെന്റായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ ഒരു പരിതഃസ്ഥിതിയിൽ പഴയ കുടിശികയെ സംബന്ധിച്ചിടത്തോളം ഇവിടെ കൊണ്ടുവന്നിട്ടുള്ള നിയമ ഭേദഗതി മൂവായിരം രൂപവരെയുള്ള പാട്ടബാക്കി മൂവായിരം രൂപവരെ വരുമാനപരിധിയുള്ള കർഷകന് ഇളവു ചെയ്തു കൊടുക്കണമെന്നുള്ളതാണ്. നമ്മുടെ നാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മൂന്നുനാല് ഏക്കർവരെയുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പല വ്യവസ്ഥകളും വന്നിട്ടുണ്ട്. ഇവിടെ ഇന്ന് പോദ്യോത്തരവേളയിൽതന്നെ പറഞ്ഞു ഒരു തെങ്ങിന് നാൽപ്പത് നാളികേരം, അതുപോലെ കവുങ്ങിന് 300 അടയ്ക്ക, കുരുമുളകു കൊടിയ്ക്ക് രണ്ടുകിലോ മുളക് ഇതെല്ലാം കൂടി നിർണ്ണയിച്ചാൽ കർഷകന്റെ വരുമാനം മൂവായിരം രൂപയെന്നുള്ളത് ഒരേക്കറുള്ള കൃഷിക്കാരനു പോലും വാർഷികവരുമാനം മൂവായിരം രൂപയിൽ കൂടുതൽ ഉണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

തെളിയിക്കാൻ ജൻമിക്കു കഴിയും. വാർഷിക വരുമാനത്തെ സംബന്ധിച്ചിടത്തോളം ആ വരുമാനം തെളിയിക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിൽ മഹാഭൂരിപക്ഷം പാട്ടക്കാരെയും അത് പ്രതികൂലമായി ബാധിക്കും. പ്രത്യേകിച്ചും ഏറ്റവും കൂടുതലുള്ളത് പഴയ മലബാർ, തൃശ്ശൂർ ജില്ലകളിലാണ്. ആ പ്രദേശങ്ങളിലുള്ള മഹാഭൂരിപക്ഷം വരുന്ന കർഷകരെ സംബന്ധിച്ചിടത്തോളം പാട്ടബാക്കിയുടെ ഫലമായി ആയിരക്കണക്കിന് കേസുകളാണ് ഇന്നു നിലവിലുണ്ട്. മലബാർ ജില്ലയിൽ അരയേക്കറുള്ള കൃഷിക്കാരന്റെ കവുങ്ങു കൃഷിയുടെ വരുമാനം ഗവൺമെന്റ് തിട്ടപ്പെടുത്തുകയാണെങ്കിൽ വാർഷിക വരുമാനം മൂവായിരത്തി അഞ്ഞൂറോ നാലായിരമോ എന്നു കണക്കുകൂട്ടാൻ യാതൊരു വിഷമവുമില്ല. അപ്പോഴാണ് നിയമത്തിന്റെ ആനുകൂല്യം ആർക്കുകിട്ടും. അരയേക്കർ തെങ്ങു കൃഷിയുള്ളവർ ഒരേക്കർ കുരുമുളകു കൃഷിയുള്ളവർ ഇവരെല്ലാം മലബാർ പ്രദേശത്ത് ഈ കഴിഞ്ഞ എട്ടുപത്തു വർഷം കൊണ്ട് സ്വന്തം പ്രയത്നം ഉപയോഗിച്ച് കുരുമുളകും നാളികേരവും ധാരാളം ഉണ്ടാക്കിയിട്ടുണ്ട്, റബ്ബർ കൃഷിയുണ്ട്, കവുങ്ങു കൃഷിയുണ്ട് ഇതിൽനിന്നെല്ലാം ധാരാളം വിളവുകിട്ടുന്നുണ്ട്. ഇന്ന് ഇവരുടെയെല്ലാം വരുമാനപരിധി മൂവായിരം രൂപയെന്നു പറഞ്ഞാൽ നമ്മുടെ ദാരിദ്ര്യ രേഖയെന്ന് ഗവൺമെന്റ് പറയുന്ന ആ ദാരിദ്ര്യരേഖയിൽപോലും താഴെയാണ്. പിന്നെ 1970-71-ലെ കണക്കനുസരിച്ച് നാട്ടിൻപുറങ്ങളിൽ 63 രൂപയാണ് ദാരിദ്ര്യരേഖയ്ക്ക് അടിസ്ഥാനമായി കണക്കാക്കിയിരിക്കുന്നത് എന്നാണ് റിപ്പോർട്ട്. അങ്ങനെയാണെങ്കിൽ അത് 720 രൂപയാണ്. ഇത്തരത്തിൽ ഒരുമാസം ഒരു കുടുംബത്തിന്റെ വരുമാനം കണക്കാക്കിയാൽ ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുമ്പിലുള്ള ആളുകൾക്കുപോലും പത്തുവർഷത്തിനുമുമ്പുള്ള ഏറ്റവും ചെറിയ കർഷകനുപോലും ഈ പത്തുവർഷം മുമ്പുള്ള പാട്ടക്കുടിശിക കൊടുക്കേണ്ട ബാദ്ധ്യതയുണ്ടാകും. അതുകൊണ്ട് പരിധി ഉയർത്തണമെന്നുള്ള പൊതുവായ ആവശ്യം ഇന്നത്തെ വിലനിലവാരംവച്ചുനോക്കുമ്പോൾ വളരെയേറെ ആവശ്യമാണ്. പത്തുവർഷത്തിനുമുൻപ് 100 നാളികേരത്തിന്റെ വില, 100 അടയ്ക്കയുടെ വില, കുരുമുളകിന്റെ വില ഇതെല്ലാം കണക്കാക്കിയാൽ ഇന്ന് അതിന്റെയെല്ലാം വില വളരെയധികം വർദ്ധിച്ചിട്ടുണ്ട് ഇങ്ങനെ വില വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പാട്ടബാക്കിയുടെ പ്രയോജനം കടാശ്വാസനിയമത്തിന്റെ പരിധിയിൽപ്പെടുത്തുന്നതുകൊണ്ട് എത്ര കൃഷിക്കാർക്കു കിട്ടുമെന്ന് കണക്കെടുക്കുമ്പോൾ മല എലിയെ പ്രസവിച്ചതുപോലെയായിരിക്കും ഈ നിയമത്തിന്റെ ആനുകൂല്യം കൃഷിക്കാർക്കു ലഭിക്കുന്നത്. നിയമത്തിൽ എഴുതിവച്ചതിന്റെ പ്രയോജനം യാഥാർത്ഥ കൃഷിക്കാർക്ക് ലഭിക്കാതിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഒരു നിമിഷം ആലോചിച്ചാൽ മനസിലാകും. അതുകൊണ്ട് ഈ പരിധിയെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായി കണക്കിലെടുക്കേണ്ട ഘട്ടം വന്നിരിക്കുന്നു. 3,600 രൂപ വാർഷിക കടമുള്ള ആളുകൾ ബാങ്കിൽ നിന്നോ, കോവാപ്പറേറ്റീവ് സൊസൈറ്റികളിൽനിന്നോ മറ്റു ക്രെഡിറ്റ് ഏജൻസികളിൽനിന്നോ എടുത്തിട്ടുള്ള മുഴുവൻ കടവും റദ്ദുചെയ്യുകയും ഗവൺമെന്റ് ആ എമൗണ്ട് വേണമെങ്കിൽ ആ സ്ഥാപനങ്ങൾക്ക് കാമ്പൻസേറ്റു ചെയ്തു കൊടുക്കുകയും ചെയ്യുക എന്നുള്ളതാണ് 1976-ൽ മഹാരാഷ്ട്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളതെന്ന് പഴയ കടാശ്വാസ നിയമത്തിന്റെ ചർച്ചയിൽതന്നെ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി അവതരിപ്പിച്ച കടാശ്വാസനിയമം ഏറ്റവും പുരോഗമനപരമാണെന്ന് വിശേഷിപ്പിച്ചു. മഹാരാഷ്ട്രയിലെ നിയമവുമായി താരതമ്യപ്പെടുത്തുമ്പോൾ പുരോഗമനപരമല്ല. എന്നാൽ ഒന്നുമില്ലാത്ത സ്ഥലത്ത് ചിലത് കൊണ്ടുവരുന്നത് പുരോഗമനപരമാണ്. അടിമത്തത്തേക്കാൾ നാടുവാഴിത്തം

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമനപരമായിരുന്നു. നാടുവാഴിത്തം ഇന്ന് പുരോഗമനമാണെന്ന് പറയാൻ തയ്യാറാകുമോ? അപ്പോഴും പുരോഗമനമെന്നുള്ളത് റിലേറ്റീവ് ആണ്. അതല്ലാതെ പുരോഗമനമെന്ന വാക്കിന്റെ നിലനിൽപ് എല്ലാക്കാലത്തും ഒരേ അർത്ഥത്തിലല്ല. 1976-ൽ മഹാരാഷ്ട്ര ഗവൺമെന്റ് 3,600 രൂപ കോപ്പറേറ്റീവ് സൊസൈറ്റികൾ, ബാങ്കുകൾ എല്ലാം കൊടുത്ത കടത്തിന് കൃഷിക്കാർക്ക് ആനുകൂല്യം കൊടുക്കുന്നതിനാണ് നിയമം കൊണ്ടുവന്നത്. ഇവിടത്തെ നിയമമോ? 'എ' എന്ന കൃഷിക്കാരൻ 'ബി' എന്ന ആളിൽ നിന്നു കടം എടുത്തിട്ടുണ്ട്. അത് ചൂണ്ടിപ്പിണയമാണെങ്കിൽ അയാൾക്ക് ഈ പറയുന്ന ആനുകൂല്യം കിട്ടുമെന്നാണ്. പക്ഷേ നമ്മുടെ നാട്ടിലെ കടങ്ങളുടെ കൈമാറ്റം അങ്ങനെയല്ല. 'എ' എന്ന ആൾ 'ബി' എന്ന ആളിൽ നിന്നും കടം വാങ്ങിക്കുന്നത് ഒന്നുകിൽ തീറെഴുതിക്കൊടുത്തിട്ടാണ്, അല്ലെങ്കിൽ സ്വർണ്ണം പണയം വച്ചിട്ടാണ്. നിയമം നടപ്പിലാക്കിയ തീയതി മുതൽ എത്രപേർക്ക് കടാശ്വാസനിയമത്തിന്റെ ആനുകൂല്യം കിട്ടിയെന്ന് ബഹുമാനപ്പെട്ട മന്ത്രി കണക്കെടുക്കണമെന്നാണ് ഞാൻ പറയുന്നത്. കേരളത്തിൽ എത്ര കടക്കാർ ഉണ്ടായിരുന്നു, എത്ര പേർക്ക് ഈ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചാൽ വളരെ വളരെ തുച്ഛമായ ആളുകൾക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം കിട്ടിയിട്ടുള്ളതെന്ന് കാണാൻ കഴിയും. അതുകൊണ്ട് അതിൽനിന്നും വ്യത്യസ്തമല്ല ഇപ്പോഴുണ്ടാക്കാൻ പോകുന്ന ഈ പാട്ടബാക്കിയെ സംബന്ധിച്ച സ്ഥിതിയും. പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 10 വർഷങ്ങളായി കേരളത്തിൽ നടന്ന ബഹുജന സമരങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഓർക്കണം. എത്ര ശക്തിമത്തായ സമരങ്ങളാണുണ്ടായത്. ആയിരക്കണക്കിനാളുകൾ അറസ്റ്റു വരിച്ച് ജയിലിൽ പോയി, പിക്കറ്റിംഗ്, സത്യാഗ്രഹം, പ്രകടനങ്ങൾ, അനവധി അനവധി സമരങ്ങൾ എല്ലാം നടന്നിട്ടുണ്ട്. അക്കൂട്ടത്തിൽ ജൻമിമാരും സമരം നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. മാതൃഭൂമി പോലെയുള്ള പത്രങ്ങൾ ജൻമിമാരുടെ ദുരിതങ്ങൾ സംബന്ധിച്ച് വെണ്ടക്കാ അക്ഷരങ്ങൾ നിരത്തി അവരുടെ ദുരിതങ്ങളും കഷ്ടപ്പാടുകളും ചിത്രീകരിച്ച്, നിയമസഭാ സെക്രട്ടറിയേറ്റിന്റെ മുന്നിൽ ജൻമികുടുംബത്തിന്റെ സത്യാഗ്രഹത്തിന്റെ കഥകൾ ചിത്രീകരിച്ച് പ്രചരണം നടത്തിയിരുന്നു എന്നുള്ളത് ശരിയാണ്. അതിനെപ്പറ്റി തർക്കമില്ല. പക്ഷേ അത് ജൻമിയും മറ്റേത് കൃഷിക്കാരനുമാണെന്ന് നാം മനസ്സിലാക്കണം. അങ്ങനെ മനസ്സിലാക്കുമ്പോഴാണ് കൃഷിക്കാരന്റെ വികാരങ്ങളുമായി യോജിക്കുന്ന ഒരു നിയമനിർമ്മാണമല്ല ഇതെന്ന് മനസ്സിലാകുന്നത്. എന്തായാലും ഭാരംകൊണ്ട് നട്ടെല്ല് ഒടിയാൻ പോകുന്ന കഴുതയുടെ പുറത്തു നിന്നും ഒരു വൈക്കോൽ തുരുമ്പെങ്കിലും എടുത്തുമാറ്റിയാൽ അത്രയെങ്കിലും ആശ്വാസമായി എന്നുള്ള മുദ്രാവാക്യമല്ലാതെ മറ്റൊന്നുമല്ല. അതുകൊണ്ട് പരിധി മാറ്റാത്ത കാലത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് വളരെ ശക്തമായി കൃഷിക്കാരിൽനിന്നും പ്രതികരണം ഉണ്ടാകുകയില്ലെന്ന് ഉറപ്പിച്ചു തറപ്പിച്ച് പറയാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഹമ്മദുകോയയ്ക്കായാം, തിരൂർ പ്രദേശത്തുള്ള അര ഏക്കറുള്ള കൃഷിക്കാരുടെ വരുമാനവുമായി തട്ടിച്ചു നോക്കുമ്പോൾ അവരുടെ വരുമാനം 3,000 രൂപ എന്ന് നിശ്ചയിച്ചാൽ പാട്ടക്കുടിശ്ശികയുടെ പ്രയോജനം ഉടമയ്ക്കല്ലാതെ കൃഷിക്കാരന് ലഭിക്കുകയില്ലെന്ന്. അതുകൊണ്ട് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം, എല്ലാ പുരോഗമന സ്വഭാവത്തേയും അംഗീകരിച്ചുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതിയുമായി വരണമെന്നുള്ളതാണ്. സംഖ്യയെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. 10 വർഷത്തിന് മുൻപുള്ള വിലനിലവാരവും അതിനു ശേഷമുള്ള ഇന്നത്തെ വിലനിലവാരവും കണക്കിലെടുത്താൽ 1977-ൽ 3,000 രൂപ എന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് ഇന്ന് കുറഞ്ഞത് 6,000 രൂപ എങ്കിലും ആകണം. 1977-ൽ നിന്നും 1979-ലേക്ക് വരുമ്പോഴേ നേരെ ഇരട്ടിയെങ്കിലും സംഖ്യ കൂട്ടണം. മലബാറിലെ കൃഷിക്കാരാണ് പാട്ടക്കുടിശികയുടെ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്. അതിലും ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നവരാണ് മലപ്പുറം, പാലക്കാട് ജില്ലകളിലെ കൃഷിക്കാർ. ഇത്തരത്തിലുള്ള കൃഷിക്കാരെ എടുത്തു പരിശോധിക്കുമ്പോൾ മഹാഭൂരിപക്ഷം കൃഷിക്കാർക്ക് ലഭിക്കത്തക്കവിധത്തിൽ ഈ പരിധി ഉയർത്തുകയെന്നുള്ളത് മാത്രമാണ് പോംവഴി. അതുകൊണ്ട് പരിധി എത്രകണ്ട് ഉയർത്താൻ കഴിയുമെന്ന് ആലോചിക്കണം. മൂലനിയമത്തിൽതന്നെ പരിധി ഉയർത്തുന്ന കാര്യത്തിൽ സാങ്കേതികമായി എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അടിയന്തിരമായി മറ്റൊരു നിയമവുമായി വരണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുവാനുള്ളത്. പാട്ടബാക്കിയുടെ ഗുണം കുഷിക്കാർക്ക് ലഭിക്കത്തക്കനിലയിൽ പരിധി ഉയർത്തണം. നട്ടെല്ലൊടിയാൻ പോകുന്ന കഴുതയുടെ പുറത്തുനിന്നും ഒരു വൈക്കോൽ തുരുമ്പെങ്കിലും എടുത്തു മാറ്റിയാൽ അത്രയെങ്കിലും ആശ്വാസം ലഭിക്കുമെന്നുള്ളതുകൊണ്ട് ആ ആശ്വാസത്തോട് ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: 1977-ലെ കടാശ്വാസബില്ലിൽ റവന്യൂ മന്ത്രി അവതരിപ്പിച്ചത് വളരെ വലിയ അഭിമാനബോധത്തോടുകൂടിയാണ്. അതിനേക്കാൾ വലിയ അഭിമാനബോധത്തോടുകൂടിയാണ് അദ്ദേഹം ഈ ഭേദഗതി നിയമവും ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കുറച്ചു ദിവസങ്ങൾക്കകം നമ്മുടെ ഭൂപരിഷ്ക്കരണനിയമത്തിന് ഭേദഗതി വരുത്തിക്കൊണ്ട് ഗിഫ്റ്റിന് നിയമസാധുത കൊടുക്കുന്ന ബില്ലും രോമാഞ്ചസഞ്ചയകഞ്ചുകാഞ്ചിതനായി അദ്ദേഹം ഇവിടെ അവതരിപ്പിക്കുമെന്നാണ് വിശ്വസിക്കേണ്ടത്. ഈ കടാശ്വാസനിയമത്തിലെ ഡബ്റ്റിന്റെ നിർവ്വചനത്തിൽ ഗവൺമെൻറുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കടങ്ങളെ ഒഴിവാക്കിയിരിക്കുകയാണ്. ഒരു പാവപ്പെട്ട കർഷകൻ ഗവൺമെൻറിന്റെ കൃഷിവകുപ്പിൽനിന്നും ഒരു നൂറ് കോഴി വാങ്ങാനുള്ള സാമ്പത്തിക സഹായം വാങ്ങിച്ചിട്ടുണ്ടെങ്കിൽ ആ കോഴികളെല്ലാം രോഗം പിടിച്ച് ചത്തുപോയാലും അത് അടയ്ക്കണമെന്നുള്ള വ്യവസ്ഥയാണ് ഇതിലുള്ളത്. ആ രീതിയിൽ ഡബ്റ്റിന്റെ നിർവ്വചനത്തിൽ ഒഴിവാക്കിയ നീണ്ട പട്ടികയിൽ ഇപ്പോൾ രണ്ടുതരം കടങ്ങൾകൂടി ചേർത്തിരിക്കുകയാണ്. റൂറൽ ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള കടവും തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയാണ് ഈ ഭേദഗതിയുടെ ഫലമായുണ്ടാകുന്നത്. അതുപോലെതന്നെ ഗവൺമെൻറിന്റെ ഒരു സ്ഥാപനമായ ഹൗസിംഗ് ബോർഡിൽനിന്നും എടുത്തിട്ടുള്ള കടങ്ങളും തിരിച്ചടക്കണമെന്നുള്ള വ്യവസ്ഥയാണ് ഈ ഭേദഗതികൊണ്ടുണ്ടാകുന്നത്. അതുകൊണ്ട് കടാശ്വാസത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്ന ഒരു നിയമഭേദഗതിയാണ് ഇതെന്ന് അംഗീകരിക്കുവാൻ പ്രയാസമുണ്ട്. ഇവിടെ ഒഴിവാക്കപ്പെട്ടിരിക്കുന്ന കടങ്ങളുടെ ലിസ്റ്റ് വായിക്കുവാൻ വളരെയധികം സമയം വേണ്ടിവരും. അതിലൊന്ന് any rent or michavaram payable in respect of any land; or ഈ പാട്ടക്കുടിശികയുടെ കാര്യമാണ്. പാട്ടക്കുടിശിക കടത്തിൽ നിന്നും ഒഴിവാക്കാതെയാണ് മൂലനിയമം ഈ സഭ പാസ്സാക്കിയെടുത്തത്. ഇപ്പോൾ പാട്ടക്കുടിശിക തിരിച്ചടക്കേണ്ട എന്ന വ്യവസ്ഥയാണ് ഈ ഭേദഗതിയിൽകൂടി ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്നത്, പാട്ടക്കുടിശിക മൂവായിരം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള കൃഷിക്കാർ മൂവായിരം രൂപക്ക് താഴെയുള്ള കുടിശിക തിരിച്ചടക്കേണ്ട എന്നാണ് ഈ ഭേദഗതിയിൽ കൂടി കൊണ്ടുവന്നിരിക്കുന്ന വ്യവസ്ഥ. ഇത് തീർച്ചയായും പുരോഗമനപര

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു പരിഷ്ക്കാരമാണ്. സാമൂഹ്യനീതി ഒരു വിഭാഗം ആളുകൾക്കെങ്കിലും കൊടുക്കുന്നതാണ്, തർക്കമില്ല; അതിനെ അനുകൂലിക്കുന്നു. പക്ഷേ ഇത്തരം സാമൂഹ്യനീതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കുന്നവരെ സംബന്ധിച്ച് ആരും ചിന്തിക്കാറില്ല. ഇത്തരം സാമൂഹ്യനീതി നടപ്പിലാക്കുമ്പോൾ അതിനെ അനുകൂലിച്ചു പറയുന്നത് വിപ്ലവമാണ്, പുരോഗമനമാണ് എന്നാണ് സാധാരണ പറയാറുള്ളത്. എന്നാൽ അതിന്റെ ദോഷവശങ്ങളെ സംബന്ധിച്ചുകൂടി ചിന്തിക്കേണ്ടത് ഇന്ന് സാമൂഹ്യനീതിയുടെ ഭാഗമാണ്. ഇവിടെ പ്രസംഗിച്ച പലയാളുകളും ജൻമി എന്ന പദം വളരെ വെറുപ്പോടുകൂടിയും അവജ്ഞയോടുകൂടിയുമാണ് ഉപയോഗിച്ചത്. ആ വാക്കിന് സാധാരണ കൽപ്പിച്ചിട്ടുള്ള അർത്ഥം അതാണോ? സാധാരണ ഉപയോഗക്രമംകൊണ്ട് അപകടകാരികളായ ഒരുകൂട്ടം ആളുകളെ ദ്യോതിപ്പിക്കുന്നതായി ആ പദം മാറിയിട്ടുണ്ട്. പക്ഷേ ഈ ജൻമി എന്ന് വിവക്ഷിക്കപ്പെടുന്ന ആളുകളുടെ കൂട്ടത്തിൽ സാധുക്കളായ ആളുകൾകൂടി ഉണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയുകയില്ല. മൂലനിയമം ഈ അസംബ്ലി ചർച്ച ചെയ്ത പ്പോൾ വളരെ വ്യക്തമായി പൊന്തിവന്ന ഒരു അഭിപ്രായമുണ്ടായിരുന്നു. ക്രഡിറ്റർ എന്ന വാക്കിന് ശരിയായ നിർവ്വചനമുണ്ടാകണം. 3,000 രൂപയിൽ താഴെ വരുമാനമുള്ള ആളുകളെ ക്രഡിറ്റർ എന്ന പദത്തിന്റെ അർത്ഥത്തിനുള്ളിൽ കൊണ്ടുവരരുത് എന്നും, അവർക്ക് ലഭിക്കാനുള്ള പണം 3,000 രൂപക്കുതാഴെ മാത്രം ഉള്ളതാണെങ്കിൽ അവരേയും ക്രഡിറ്റർ എന്ന പദത്തിനകത്ത് കൊണ്ടുവരരുതെന്നും ഒരു അഭിപ്രായം അന്ന് ഇവിടെ ഉണ്ടായിരുന്നു.

ഈ പാട്ടത്തിന്റെയും പാട്ടബാക്കിയുടെയും പ്രശ്നം ചർച്ച ചെയ്യുമ്പോൾ മലബാർ പ്രദേശത്തുനിന്നും വന്ന സുഹൃത്തുക്കൾ ആ പ്രദേശത്തുള്ള സാമ്പത്തിക ബന്ധങ്ങളുടെയും പഴയ കാലത്തുള്ള സാമ്പത്തിക വ്യവസ്ഥയുടെയും മാത്രം വെളിച്ചത്തിലാണ് സംസാരിക്കുന്നത്. തെക്കൻതിരുവിതാംകൂർ ഭാഗത്ത് ഇത് വളരെ അപകടമുള്ള ഒരു കാര്യമാണ്. ഈ പാട്ടത്തിന്റെയും ഒറ്റിയുടെയും ഫലമായി ജൻമി എന്ന നിർവ്വചനത്തിൽ പെടുന്ന വളരെയധികം കുടുംബങ്ങൾ ഇന്ന് തകർന്ന് വിനാശഗർത്തത്തിലേക്ക് താഴുന്ന ദയനീയാവസ്ഥയിലാണ്. ഇന്ന് അത്തരം ജൻമിമാർ കൃഷിക്കാരൻ എന്ന് പറയുന്ന ആളുടെ ഭൂമിയിൽ കൃഷിപ്പണി ചെയ്ത് ജീവിക്കേണ്ടിവന്നിരിക്കുന്നു. ആ ജൻമിക്ക് കിട്ടേണ്ട കടവും നിഷേധിക്കുന്ന നിയമമാണ് കൊണ്ടുവരിക. ഞാൻ ഇത് പറയുമ്പോൾ എന്നെ ജൻമിക്കുവേണ്ടി പറയുന്ന ഒരു ബൂർഷ്വാ ആയി ചിത്രീകരിക്കാൻ ഇടയുണ്ട്. പക്ഷേ ഈ യാഥാർത്ഥ്യം മറച്ചു വയ്ക്കാൻ പാടില്ല. സാമൂഹ്യപരിഷ്ക്കാരത്തിനു വേണ്ടിയുള്ള നിയമമുണ്ടാകുമ്പോൾ ഒരു വിഭാഗം ആളുകൾ അതിന്റെ കെടുതി അനുഭവിക്കേണ്ടിവരും എന്ന സത്യം ഞാൻ അംഗീകരിക്കുന്നു. പക്ഷേ വെറുക്കപ്പെടേണ്ടവരായിട്ട് ആ പദം വ്യാഖ്യാനിക്കുകയും സാമൂഹ്യനീതി ലഭിക്കേണ്ട മറ്റൊരു വിഭാഗത്തെ ദ്രോഹിക്കുകയും ചെയ്യുന്ന ഒരു സമീപനം ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് നീതീകരിക്കാൻ പാടില്ല. അതുകൊണ്ട് ഈ ഭേദഗതിയോടൊപ്പംതന്നെ ക്രഡിറ്റർ എന്ന വാക്കിന് വളരെ വ്യക്തമായ നിർവ്വചനം എഴുതിച്ചേർക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്, മൂവായിരം രൂപയിൽ താഴെമാത്രം വരുമാനമുള്ള, മൂവായിരം രൂപയ്ക്ക് താഴെയുള്ള തുകമാത്രം കടമായി തിരിച്ചുകിട്ടാൻ ഉള്ള ആളുകളെ ക്രഡിറ്റർ എന്ന വാക്കിന്റെ അർത്ഥവ്യാപ്തിയിൽ നിന്ന് ഒഴിവാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ഈ നിയമത്തിന്റെ നല്ല ലക്ഷ്യങ്ങളെ അനുകൂലിക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടെ പേരിൽ പരിഷ്ക്കാരങ്ങളുമായി മുന്നോട്ടു വരുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആ പരിഷ്ക്കാരംകൊണ്ട് കെടുതി അനുഭവിക്കേണ്ടിവരുന്ന ദരിദ്രവിഭാഗങ്ങളെ, അടിസ്ഥാനവർഗ്ഗങ്ങളെ മറക്കരുത് എന്നും ആ രീതിയിലുള്ള ഒരു ഓറിയന്റേഷൻ ഗവൺമെന്റിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും സമീപനത്തിൽ ഉണ്ടാകണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: സർ, നമ്മുടെ രാജ്യത്തെ ചെറുകിട കൃഷിക്കാരനു് അൽപമെങ്കിലും ആശ്വാസം കൊടുക്കാൻ ഈ ബിൽ ഉതകുമെന്ന നിലയിൽ ഞാൻ സ്വാഗതം ചെയ്യുകയാണു്. പക്ഷെ ഈ ബില്ലിനെ ആകെ മൊത്തം ഒന്നു പഠിച്ചുനോക്കിയാൽ നമ്മുടെ ഗവൺമെന്റു് ചെയ്തിരിക്കുന്നത് ഒരു കൈകൊണ്ടു് ദാനം കൊടുക്കുകയും മറുകൈകൊണ്ടു് പിടിച്ചെടുക്കുകയുമാണു്. 3,000 രൂപാവരെയുള്ള കൃഷിക്കാരനു് ആശ്വാസം കൊടുക്കാൻ തയ്യാറായിരിക്കുന്ന ഗവൺമെന്റു് റൂറൽ ബാങ്കുകൾ പോലുള്ള ഗവൺമെന്റു് സ്ഥാപനങ്ങളിൽ നിന്നുള്ള ആനുകൂല്യം ഇല്ലായ്മ ചെയ്യാനുള്ള വ്യവസ്ഥകളും ഉണ്ടാക്കിയിരിക്കുകയാണു്. മൂവായിരം രൂപാവരെ വാർഷിക വരുമാനമുള്ള കൃഷിക്കാരനു് ആശ്വാസം കൊടുക്കുന്നതിനുള്ള തുക വർദ്ധിപ്പിക്കണമെന്നു് ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞ അഭിപ്രായത്തോടു് ഞാനും യോജിക്കുകയാണു്. രൂപയുടെ മൂല്യം ഇന്നു് വളരെ കുറഞ്ഞിരിക്കുകയാണു്. ഏറ്റവും അവസാനമായി മനസിലാക്കാൻ കഴിഞ്ഞ കണക്കുകൾ അനുസരിച്ചു് ഒരു രൂപയുടെ വില 26 പൈസയാണു്. സാധനങ്ങളുടെ വില വാണംപോലെ കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അതു് എത്രാണ്ടു് അഞ്ചാറുമാസം കൂടി കഴിയുമ്പോൾ പത്തോ, പതിനഞ്ചോ പൈസയായി കുറയുകയില്ലേ എന്നും സംശയിക്കുകയാണു്. രൂപയുടെ മൂല്യം കുറഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ കൃഷിക്കാരനു് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്ന ആനുകൂല്യത്തിന്റെ പരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതു് നല്ലതാണു്.

അതുപോലെതന്നെ കൃഷിക്കാരന്റെ പാട്ടബാക്കി മാത്രമല്ല അവന്റെ കടബാദ്ധ്യതയും ഓർത്തിരിക്കേണ്ടതാണു്. ഇന്നു് കൃഷിക്കാരൻ പലവിധത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങിക്കാനുള്ള സാദ്ധ്യതയുണ്ടു്. സൊസൈറ്റിയിൽ നിന്നും റൂറൽ ബാങ്കിൽനിന്നും കടമെടുത്തു കഴിഞ്ഞാൽ സമയത്തു് തിരിച്ചടയ്ക്കാൻ സാദ്ധ്യതയുണ്ടാകാതിരിക്കുകയാണെങ്കിൽ പീനൽ ഇൻറെറസ്റ്റു് കൂടി കൂട്ടുന്ന ഏർപ്പാടു് വളരെ വിഷമകരമാണു്. ആയിരം രൂപ കടമെടുക്കുന്ന ഒരു കൃഷിക്കാരനു് നാലഞ്ചു് വർഷത്തേക്കു് തിരിച്ചടയ്ക്കാൻ പ്രയാസമുണ്ടാകുകയാണെങ്കിൽ, ആ കടം അയ്യായിരം ആറായിരം രൂപയായി വർദ്ധിക്കുന്ന ഒരു ഏർപ്പാടുണ്ടു്. പത്തു് പതിനഞ്ചു് ശതമാനം പലിശ കൂടിക്കൊണ്ടിരിക്കും, അതുകൊണ്ടു് കൃഷിക്കാരൻ റൂറൽ ബാങ്കിൽ നിന്നായാലും സൊസൈറ്റിയിൽ നിന്നായാലും എടുക്കുന്ന പണത്തിനു് അമിതമായ പലിശ ഈടാക്കുന്ന സംപ്രദായം അവസാനിപ്പിക്കാൻ നിയമം കൊണ്ടുവരേണ്ടതു് ആവശ്യമായിട്ടിരിക്കുകയാണു്. അമിതമായ പലിശകൊടുക്കാൻ ബാദ്ധ്യസ്ഥനായ കൃഷിക്കാരൻ അതു് കൊടുക്കാൻ കഴിയാതെ കിടപ്പാടംപോലും നഷ്ടപ്പെടുന്നു.

ഇതു മാത്രവുമല്ല ഞങ്ങളുടെ നാട്ടിൽ വേറെ ചില സംപ്രദായങ്ങളുണ്ടു്. അവിടെ ഹുണ്ടിക ഏർപ്പാടുകാരുണ്ടു്. അബുദാബി പോലുള്ള പേർഷ്യൻ രാജ്യങ്ങളിൽനിന്നും ധാരാളം പണം നമ്മുടെ രാജ്യത്തു് വന്നു മറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടു്. അതു് കിട്ടുന്ന ആളുകൾ ആ പണം വർദ്ധിപ്പിക്കാനായി ഇന്നു് കണ്ടുപിടിച്ചിരിക്കുന്ന മാർഗ്ഗം പലിശയ്ക്കു് കൊടുക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

നൂറു രൂപയ്ക്ക് ഒരു ദിവസം ഒരു രൂപ പലിശ എന്ന ക്രമത്തിൽ കൊടുക്കുന്ന ആളുകളുണ്ട്. ആയിരം രൂപ ഒരാളിൽനിന്ന് കടം വാങ്ങിച്ചു കഴിഞ്ഞാൽ ഒരു ദിവസം പത്തുരൂപാ പലിശ കൊടുക്കണം. ഒരു മാസത്തേക്ക് ആയിരം രൂപയ്ക്ക് 300 രൂപാ പലിശ കൊടുക്കണം. മൂന്നു മാസം കഴിയുമ്പോഴും വാങ്ങിച്ച സംഖ്യയോളം പലിശയായി കൊടുത്താലും കടം ബാക്കി കിടക്കുന്ന ഏർപ്പാടാണ്. അങ്ങനെയുള്ള ആ ഏർപ്പാടിന് ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സാർ, ഇന്ന് കുടികിടപ്പുകാരന്റെ സ്ഥിതിയെക്കുറിച്ച് ഒരു സ്ഥിതിവിവരക്കണക്ക് എടുക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു. കുടികിടപ്പുകാരന്റെ സ്ഥിതി വളരെ കഷ്ടതരമാണ്. നമ്മുടെ രാജ്യത്ത് പത്തുസെൻറിന്റെ ഉടമാവകാശം കിട്ടിയ കുടികിടപ്പുകാരൻ, ആ പത്ത് സെൻറിൽ കായ്ക്കുന്ന പത്തു മൂടു തെങ്ങുണ്ടെങ്കിൽ അത് 100 ഉം, 150 ഉം രൂപ പാട്ടം വാങ്ങിക്കൊണ്ട് കൊടുത്തിരിക്കുകയാണ്. പാട്ടം എടുത്തിരിക്കുന്ന ആൾ എത്ര വർഷം കഴിഞ്ഞാലും എത്ര ആദായം കിട്ടിയാലും പത്തിരട്ടി കിട്ടിയാൽപോലും തെങ്ങ് തിരിച്ചു കൊടുക്കുകയില്ല. ഇതാണ് നമ്മുടെ രാജ്യത്തെ കുടികിടപ്പുകാരന്റെ സ്ഥിതി. അതുകൊണ്ട് ഇതിനൊക്കെ ആശ്വാസമുണ്ടാകത്തക്ക നടപടികൾ ഗവൺമെൻറിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

സർ, നമ്മുടെ രാജ്യം ഭൂപരിഷ്ക്കരണ നിയമം അക്ഷരത്തിലും അർത്ഥത്തിലും നടപ്പാക്കിയ സംസ്ഥാനമാണെന്ന് നമുക്കൊക്കെ അഭിമാനിക്കാം. കുറെ ആളുകളെ ജൻമികളാക്കി മറ്റു കുറെ ആളുകളെ തെണ്ടികളുമാക്കി, എങ്കിലും കുറെ ആളുകൾക്ക് ഭൂമി കൈവശം കിട്ടാനുള്ള അവസരമുണ്ടായി അങ്ങനെയുള്ള ആളുകൾ നമ്മുടെ നാട്ടിൽ കടബാദ്ധ്യതകൊണ്ട് നട്ടംതിരിയുന്ന അവസരത്തിൽ അവർക്കും വേണ്ട ആശ്വാസ നടപടികൾ സ്വീകരിക്കണം.

സർ, ഇന്ന് ഈ ബില്ല് കൊണ്ടുവന്നതോടൊപ്പംതന്നെ പെറുകിട കൃഷിക്കാരനും കുടികിടപ്പുക്കാരനും ആശ്വാസം കൊടുക്കാനുള്ള നിയമനിർമ്മാണങ്ങൾകൂടി ബഹുമാനപ്പെട്ട ഗവൺമെൻറ് കൊണ്ടുവരാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: സർ, നമ്മുടെ സംസ്ഥാനത്ത് ജൻമിത്തം ഒരു പരിധിവരെ അവസാനിപ്പിച്ചത് കലപ്പയേന്തിയ കർഷകരുടെ സംഘടിതമായ പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണ് എന്നത് ഗവൺമെൻറും കൂടി അംഗീകരിക്കുന്നതിന്റെ ഭാഗമായാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് എന്നാണെന്റെ അഭിപ്രായം. ജൻമിത്തത്തെസംബന്ധിച്ചും കർഷകരുടെ പ്രശ്നങ്ങളെസംബന്ധിച്ചുമൊന്നും കൂടുതൽ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പാട്ടത്തിന്റെ കാര്യത്തിൽ ശ്രീമാൻ എസ്തോസ് സൂചിപ്പിച്ച അടിസ്ഥാനപരമായ തത്വത്തിൽ ഊന്നിനിന്നുകൊണ്ടാണ് ഞാനും ഇതിനെ അംഗീകരിക്കുന്നത്. ആരും ആർക്കും ഭൂമിയുടെ പേരിൽ പാട്ടംകൊടുക്കുക എന്നത് ഒരു പുരോഗമനചിന്തയ്ക്കും ചേർന്നതല്ല. ആ അടിസ്ഥാനത്തിൽ ഞാൻ അതിനെ അംഗീകരിക്കുന്നു. പക്ഷേ ചില വസ്തുതകളെല്ലാം ഉണ്ട്. അതായത് നമ്മൾ ഇണാശ്വാസ ഭേഗതി നിയമം പാസാക്കിയെടുക്കുന്നത് കുടംവീട്ടാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്ന ആളുകൾക്കുവേണ്ടിമാത്രമായിരിക്കണം. അല്ലാതെ കുടംകൊടുക്കാൻ മാർഗ്ഗമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കുവേണ്ടിയായിരിക്കരുത്. പരിധിയുടെ കാര്യത്തിൽ മാറ്റംവരുത്തുന്നതിൽ എനിക്കഭിപ്രായവ്യത്യാസമില്ല. പരിധി മൂവായിരമോ നാലായിരമോ ആയിക്കൊള്ളട്ടെ. പക്ഷേ, പരിധി വർദ്ധിപ്പിക്കുമ്പോൾ കൊടുക്കാൻ മാർഗ്ഗമുള്ള ആളുകളും അതിൽപ്പെടുമോ എന്നകാര്യം പരിശോധിക്കണം. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകാൻ പാടില്ല. പാട്ടബാക്കി കുടിശ്ശിക പരിപൂർണ്ണമായി ഒഴിവാക്കുന്നതിലും അഭിപ്രായവ്യത്യാസമുണ്ട്; അക്കാര്യത്തിൽ ഗവൺമെൻറ് ശക്തമായ നിലപാടു സ്വീകരിക്കണം. അതിലും ജൻമിമാരുൾപ്പെടുമോ എന്നകാര്യം പരിശോധിക്കണം. സർ, വൻകിട ജൻമിമാരായ ആളുകളുടെ കൈയിൽ ഈ ഭൂമിയൊക്കെ എങ്ങനെ വന്നു? കാശുകൊടുത്തു മേടിച്ചതാണോ? മലബാർ, മധ്യതിരുവിതാംകൂർ, തെക്കൻതിരുവിതാംകൂർ എന്നിവിടങ്ങളിൽ ഭൂമിയുടെ കാര്യത്തിൽ വ്യത്യസ്തമായ സംവിധാനമായിരുന്നു കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിരുന്നത്. അവിടത്തെ ജൻമി–കുടിയാൻ സമ്പ്രദായത്തിൽ വ്യത്യാസമുണ്ടായിരുന്നു, കുടികിടപ്പുവ്യവസ്ഥയിൽ വ്യത്യാസം ഉണ്ടായിരുന്നു. അതിനെല്ലാം ഒരു ഏകീകൃതരൂപംവരുത്തുന്നത് നല്ലതാണ്. പക്ഷേ വൻകിടക്കാരായ ജൻമിമാർക്ക് ഈ ആനുകൂല്യം ലഭിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ശ്രീ. സുന്ദരേശൻ നായർ പറഞ്ഞതുപോലെ നിസ്സാരമായ പാട്ടകുടിശ്ശിക മാത്രം ഗഡുക്കളായി വരുമാനമുള്ള നിരവധി നിരവധി കുടുംബങ്ങളുണ്ട്. അവരൊക്കെ ജൻമിമാരാണെന്നാണ് പണ്ടത്തെ വയ്പ്. അവർക്ക് മറ്റു വരുമാനമാർഗ്ഗമില്ല; തൊഴിലില്ല സാമ്പത്തിക ശേഷിയില്ല, ഒരു മുറുക്കാൻകടയിട്ടു ജീവിക്കാൻപോലുമുള്ള ശേഷിയില്ല. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ റവന്യൂവകുപ്പിനുവേണ്ടി മന്ത്രി മറുപടി പറഞ്ഞുകൊണ്ടുനിന്നപ്പോൾ ഇവരുടെകാര്യം ഞാൻ ചോദിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇവരുടെകാര്യം ആലോചിക്കുന്നുണ്ട്, ഒരു ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടാക്കണമെന്നകാര്യം ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട് അതിന് തയ്യാറാകുന്നതാണ് എന്ന്. ആ നിർദ്ദേശം ഇപ്പോഴും ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കഞ്ഞികുടിക്കാൻപോലും മാർഗ്ഗമില്ലാത്ത പാട്ടക്കുടിശ്ശികതവണകളെമാത്രം ആശ്രയിക്കുന്ന ഈ ആളുകളുടെകാര്യത്തിൽ എന്തു സംവിധാനമാണ് ഗവൺമെൻറുണ്ടാക്കാൻ പോകുന്നത്? അത് വ്യക്തമാക്കണം. ഒന്നു നശിപ്പിച്ചിട്ട് മറ്റൊന്നുണ്ടാക്കുന്നതിൽ അർത്ഥമില്ല. അതുവഴി സോഷ്യലിസമുണ്ടാക്കാനോ സാമ്പത്തികസമത്വം ഉണ്ടാക്കാനോ പുരോഗമനം വരുത്താനോ സാധിക്കുകയില്ല. അന്തരം പരമാവധി കുറച്ചുകൊണ്ട് സന്തോഷകരമായ ഒരന്തരീക്ഷം ഉണ്ടാക്കാൻ ശ്രമിക്കണം. അതുകൊണ്ട് ഇതോടൊപ്പംതന്നെ ഇവരുടെകാര്യം തീരുമാനിക്കാനും ഗവൺമെൻറ് തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, പാട്ടബാക്കി റദ്ദുചെയ്യുക എന്നുള്ള ആശയംവച്ചുകൊണ്ട് ഉണ്ടാക്കപ്പെട്ട ഈ നിയമം കേരളത്തിലെ കർഷകസമരങ്ങളുടെയും കർഷകരുടെ ജീവത്തായ ആവശ്യങ്ങളുടെയും ഉള്ളടക്കത്തെ പരിചിന്തനംചെയ്തുകൊണ്ടുണ്ടാക്കിയിട്ടുള്ളതാണ് എന്ന ആമുഖപ്രസംഗത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചത്. പക്ഷേ പാട്ടബാക്കിയുടെ പേരിൽ ദുരിതമനുഭവിക്കുന്ന ലക്ഷക്കണക്കിനുള്ള ആളുകളിൽ എത്രപേർക്കിതു സഹായകരമാകുമെന്നുള്ളകാര്യത്തിൽ ഒരു ധാരണ സർക്കാരിന് ഉണ്ടെന്ന അഭിപ്രായവും ഞങ്ങൾക്കില്ല. കാർഷിക പരിഷ്ക്കരണനിയമങ്ങൾ കൊണ്ടുവന്നകാലത്ത് ഈ കാര്യങ്ങളെപ്പറ്റിയെല്ലാം ചിന്തിച്ചോ, വേണ്ടതു ചെയ്യാൻകഴിഞ്ഞോ എന്ന വാദമുഖങ്ങളൊക്കെ സഖാവ് ഇ. പി. ഉന്നയിക്കുന്നതുകേട്ടു. അതിനു കഴിയുമെന്നുള്ള വിശ്വാസം ഒരു

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഈ ബില്ലവതരിപ്പിച്ച മന്ത്രിക്കുതന്നെ ഉണ്ടായിരിക്കുകയില്ലെന്നാണെന്റെ വിശ്വാസം. പരിഷ്ക്കരണനിയമങ്ങളൊക്കെ സാമൂഹ്യമാറ്റങ്ങൾക്കനുസൃതമായാണ് വരുന്നത്. കാർഷികപരിഷ്ക്കാരനിയമമുണ്ടാക്കിയ കാലഘട്ടത്തിലും ഭൂപരിഷ്ക്കരണനിയമമുണ്ടാക്കിയ കാലഘട്ടത്തിലുമെല്ലാം ഈ നിയമനിർമ്മാണത്തിനുവേണ്ടി നടത്തപ്പെട്ട എണ്ണമറ്റ സമരങ്ങളെപ്പറ്റി അപ്പുറത്തുള്ളവരും ആലോചിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ടുതന്നെയാണ് 1959-ൽ കാർഷികപരിഷ്ക്കരണനിയമത്തെപ്പറ്റി പറഞ്ഞപ്പോഴും ഒറ്റപ്പാലത്തെ ലക്ഷ്മിക്കുട്ടിയമ്മയുടെ കഥ പറഞ്ഞുകൊണ്ട് കണ്ണീർപൊഴിക്കുന്നതിന് ഈ സംസ്ഥാനത്ത് കുറെ ആളുകളും ഉണ്ടായിരുന്നുവെങ്കിൽ 1969 ആകുമ്പോഴേക്കും ആ വാദമുഖം ഉന്നയിക്കാൻ അന്ന് മുഖപ്രസംഗം എഴുതിയ പത്രക്കാരോ അന്ന് ചിത്രങ്ങൾ കൊടുത്ത പത്രക്കാരോ മുന്നോട്ടുവരാൻ ഇടവരാതെ ഇരുന്നത്. പത്തുകൊല്ലക്കാലം നിലനിന്ന, 1959 മുതൽ 1969 വരെ നിലനിന്ന, കേരളത്തിലെ സംഘടിതരായ കർഷകരുടെ പ്രക്ഷോഭണസമരങ്ങളുടെ ഭാഗമായി ഇതൊരു സാമൂഹ്യബോധമായി വളർത്തിയെടുക്കാൻ കഴിഞ്ഞതിന്റെ ഭാഗമായാണ് ആ നിയമനിർമ്മാണം കൊണ്ടുവന്നത്. ആ നിയമനിർമ്മാണം കൊണ്ടുവരുന്ന അവസരത്തിലും അന്നത്തെ നിയമത്തിനകത്തും ഇത് തള്ളിക്കൊണ്ട് എഴുതാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നുവെന്ന വസ്തുത അപ്പുറത്തുള്ളവരും ഞങ്ങളും അംഗീകരിക്കുന്നുണ്ട്. കാലങ്ങൾ കുറെ കഴിഞ്ഞ് നമ്മുടെ രാജ്യത്ത് പൊതുബോധത്തിന്റെയും പൊതുവിലുള്ള മാറ്റങ്ങളുടേയും എല്ലാം അടിസ്ഥാനത്തിൽ കേരളത്തിലെ കാർഷികജനത ഇന്ന് ജൻമിതപത്തിൽനിന്ന് മോചിതരായി എന്ന് നാം അഭിമാനിക്കുമ്പോഴും കോടിക്കണക്കായ രൂപയുടെ ബാദ്ധ്യതയോടുകൂടിയ ആളുകൾ ഇവിടെ ഉണ്ടെന്നേ വസ്തുത ബഹുമാനപ്പെട്ട മന്ത്രിയും നിഷേധിക്കുമെന്നു തോന്നുന്നില്ല. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ കഴിഞ്ഞ ഏതാനും കൊല്ലക്കാലത്തിനിടയ്ക്ക് ഈ പാട്ടബാക്കിക്കുവേണ്ടിയുള്ള റവന്യൂ റിക്കവറി താൽക്കാലികമായി ഒന്ന് സ്റ്റേചെയ്തുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അടക്കം കൊടുത്തിട്ടുള്ള ഒട്ടനവധി പെറ്റീഷനുകളുടെ കണക്കെടുത്തുനോക്കിയാൽ ഈ പാട്ടബാക്കിയുടെ യോനകത എന്താണെന്നു നോക്കാൻ ഗ്രാമപ്രദേശങ്ങളിൽ പോയി സർവ്വെ നടത്തേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ആയിരത്തി ഇരുന്നൂറോ ആയിരത്തി മുന്നൂറോ രൂപ പാട്ടബാക്കി എന്നു പറയുന്ന സംഖ്യ മൂവായിരം രൂപവരെ മാത്രം വരുമാനമുള്ള ആളുകൾക്ക് മാത്രമേ ബാധകമുള്ളു എന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തെ പാട്ടബാക്കികൊണ്ട് കഷ്ടപ്പെടുന്ന മഹാഭൂരിപക്ഷംവരുന്ന കൃഷിക്കാരന് സംരക്ഷണം കിട്ടുകയില്ല. സഖാവ് ഇ. പി. ഇവിടെ പറഞ്ഞു, നമ്മുടെ രാജ്യത്ത് തൊഴിൽ എടുത്ത് ജീവസന്ധാരണം നടത്തുന്ന ആളുകളോട് അസൂയതോന്നിയതുകൊണ്ടോ അല്ലെങ്കിൽ അതു മനസ്സിൽ കണ്ടുകൊണ്ട് പറഞ്ഞു അങ്ങനെയെല്ലാം നാലും അഞ്ചും ആളുകൾക്ക് ജോലി ഉള്ളിടത്താണെന്ന്. ഞാൻ നാലും അഞ്ചും ഉദ്യോഗസ്ഥൻമാരുള്ളിടത്തെ കാര്യം പറയുന്നില്ല. ഞാൻ ചോദിക്കുന്നത്, അദ്ദേഹം നിവസിക്കുന്ന ജില്ലയിൽത്തന്നെ രണ്ടേക്കറോ മൂന്നേക്കറോ നെൽപ്പാടക്കൃഷിക്കാരെ ഉൾപ്പെടുത്തി ഒരുപക്ഷേ നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥൻമാരുടെ കണക്കുപ്രകാരം മൂവായിരം രൂപ വരുമാനം കാണാൻ കഴിയുന്നുവെങ്കിലും ആ രണ്ടേക്കറോ മൂന്നേക്കറോ നെൽപ്പാടക്കൃഷിക്കാരൻ സമ്പന്നനാണെന്നു പറയാൻ കഴിയുമോ? അങ്ങനെ പറയുന്നുവെങ്കിൽ അത് ധിക്കാരമാണ്. ആ ധിക്കാരത്തിന് കൂട്ടുനിൽക്കാൻ നിവൃത്തിയില്ല. മൂന്നേക്കർ നെൽപ്പാടകൃഷിക്കാരൻ നമ്മുടെ രാജ്യത്തെ പ്രമാണിയാണുപോലും! അവന്റെ കുടുംബജീവിതം സുഖകരമാണുപോലും! അവൻ ദിവസവും സുന്ദരമായ ജീവിതമാണ് നയിക്കുന്നത് പോലും! നമ്മുടെ രാജ്യത്ത് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള ആളുകളുടെ എണ്ണം എത്രയാണ്? തൊഴിൽ ഇല്ലാത്തവരുടെ എണ്ണം എത്ര? തൊഴിൽ എത്ര കുടുംബങ്ങളിൽ ഉണ്ടെന്നകാര്യം എല്ലാം ഇപ്പോൾ ഇവിടെ ഒരു ചർച്ചയ്ക്ക് വിഷയമാക്കാതെ നാമെല്ലാം സമ്മതിക്കുന്ന കാര്യമാണ്. അങ്ങനെയുള്ള നാട്ടിൽ മഹാഭൂരിപക്ഷം വരുന്ന പൊറുകിടക്കൃഷിക്കാരൻ രക്ഷിക്കപ്പെടുമോ? രണ്ടേക്കർ കൃഷിക്കാരൻ രക്ഷപ്പെടുമോ? ഇല്ല. ഒരു കുറ വയ്ക്കോലിന്റെ വിലതന്നെ ഇന്ന് ഉദ്യോഗസ്ഥൻമാർ കണക്കു കൂട്ടുന്നു. ഇന്നത്തെ വയ്ക്കോലിന്റെ വിലകൂട്ടി അതിനെല്ലാംകൂടി മൂവായിരം ഉറുപ്പിക തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ ഈ പാട്ടബാക്കി കൊടുക്കണം. നെല്ലിന് വിലയില്ലെങ്കിലും വയ്ക്കോലിന് വിലയുണ്ട്. "വയ്ക്കോലിന്റെ വില കൂട്ടിയ്ക്കോ" എന്ന് പറയുന്ന രൂപത്തിൽ കണക്കുകൂട്ടി എടുത്തുകഴിഞ്ഞാൽ നമ്മുടെ രാജ്യത്തിലെ ബഹുഭൂരിപക്ഷംവരുന്ന കൃഷിക്കാരുടെ ഗതി എന്തായിരിക്കും? ഞങ്ങളെസംബന്ധിച്ചിടത്തോളം ഒരു ലാൻഡിന്റെ പരിധി വേണമെന്ന അഭിപ്രായക്കാരാണ് ഞങ്ങൾ; നിങ്ങൾ അഞ്ചേക്കർ എന്നുപറഞ്ഞാൽ സ്വീകരിക്കാം. അഞ്ചേക്കറിനപ്പുറമുള്ളവന് കൊടുക്കുകയില്ലെന്നുപറഞ്ഞാൽ സ്വീകരിക്കാം. പക്ഷേ കടാശ്വാസനിയമത്തിനകത്ത് ഒരു ഏക്കറേജ് കണക്കാക്കിക്കൊണ്ടുവരാൻ കഴിയുകയില്ലായെന്ന മന്ത്രിയുടെ അഭിപ്രായത്തോട് ഞങ്ങൾക്ക് വിയോജിപ്പില്ല. അതുകൊണ്ടാണ് പറഞ്ഞത്, ഈ മൂവായിരം ഉറുപ്പിക വരുമാനം ഉള്ളവർ എന്നു പറയുന്നത്, മൂവായിരം ഉറുപ്പിക വരുമാനമുള്ളവനാണെങ്കിലും പാട്ടബാക്കി മൂവായിരം ഉറുപ്പികയിൽ കൂടുതൽ വന്നാൽ അത് റദ്ദുചെയ്യുകയില്ല. എന്താണ് അതിന്റെ ന്യായം. ആ ന്യായം എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. മൂവായിരം ഉറുപ്പികയ്ക്കപ്പുറത്ത് വരുമാനമുള്ളവന് കിട്ടേണ്ട എന്നു പറയുന്ന പ്രിൻസിപ്പിൾ ആണെങ്കിലും നോക്കാം. പക്ഷേ മൂവായിരം ഉറുപ്പിക വരുമാനമില്ലാത്തവന് മൂവായിരത്തിൽ ചിലപ്പോൾ പാട്ടബാക്കി വന്നാൽ അത് വിട്ടുകൊടുക്കാൻ പറ്റുകയില്ല. അത് കടാശ്വാസത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ പറ്റുകയില്ലെന്നു പറയുന്നതിന്റെ ന്യായം എന്താണ്? മര്യാദയ്ക്ക് ആഹാരം കഴിക്കാൻ കഴിയാത്ത മൂവായിരം രൂപയ്ക്കുമേൽ പാട്ടബാക്കിക്ക് വിധേയരായ ഒരു പത്തു കുടുംബങ്ങളെ എങ്കിലും ഞാൻ ഹാജരാക്കാം. അവർ എന്തു ചെയ്യണമെന്നാണ് പറയുന്നത്? അവർ ചെയ്തുപോയ അപരാധം അവരുടെ പാട്ടബാക്കി മൂവായിരം ഉറുപ്പികയിൽ കൂടിപ്പോയി എന്നതാണ്. മൂവായിരം ഉറുപ്പികയിൽ കൂടിപ്പോയതുകൊണ്ടാണ് അവൻ സമ്പന്നനായിപ്പോയത്. വരുമാനം എന്തായാലും വേണ്ടില്ല, കൊടുക്കാനുള്ള ബാദ്ധ്യത മൂവായിരത്തിൽ കൂടിയാൽ അവന് ബാധകമല്ലെന്ന് പറഞ്ഞു.

ശ്രീ. ബേബി ജോൺ: നമ്മൾ പാട്ടബാക്കിയെസംബന്ധിച്ച് മേപരിഷ്ക്കരണനിയമത്തിലെ വ്യവസ്ഥ അനുസരിച്ച് അഞ്ചേക്കർവരെയുള്ള ആളുകൾക്ക് കുടിശിക എത്ര വന്നാലും ഒരു വർഷത്തെമാത്രം കുടിശിക കൊടുത്താൽ മതി എന്നുള്ള വ്യവസ്ഥകൂടി വച്ചുകൊണ്ടാണ്. ഒരു വർഷത്തെ കുടിശികയിൽ കൂടുതൽ വരുന്ന ആളുകൾ കാണുകയില്ല എന്നാണോ സർ പറയുന്നത്?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഒരു കൊല്ലത്തിൽ കൂടുതൽ എന്നു പറയുമ്പോൾ സഖാവ് ഇ. പി. ഇവിടെ സമ്മതിച്ച ഒരു കാര്യമുണ്ട്. കാസർകോട് പ്രദേശത്തും ഹോസ്ദുർഗ് പ്രദേശത്തും മലപ്പുറം ജില്ലയിലും പാലക്കാട് ജില്ലയിലും തളിപ്പറമ്പ് താലൂക്കിലും ഞാൻ കൃഷിക്കാരനാണെന്ന് പ്രൂവ് ചെയ്യാൻ കഴിയുന്ന രേഖയില്ലാത്ത ആയിരക്കണക്കിന് കൃഷിക്കാർ ഉണ്ടായിരുന്ന വസ്തുത ഇവിടെ സമ്മതിച്ചിട്ടുണ്ട്. അവന് ഒരു കൊല്ലമെന്നു പറഞ്ഞാൽ ജൻമി തീരുമാനിക്കുന്ന കൊല്ലമാണ്. പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ പോകാവൂ എന്നു പറഞ്ഞാൽ ആ പരമാവധി കാണിച്ചതാണ്. പരമാവധി കാലാവധി വച്ചിട്ടാണ് കൊടുക്കേണ്ടതേ. പാട്ടബാക്കിതന്നെ കണക്കുകൂട്ടുന്നത് എങ്ങനെ? ഇന്ന് നമ്മുടെ മാർക്കറ്റിൽ നെല്ലിന് എന്തു വിലയുണ്ട്? മാർക്കറ്റുവില കണക്കാക്കിയിട്ടാണോ നെല്ലിന് ഗവൺമെൻറ് വില കണക്കാക്കുന്നത്? അല്ല. ആ വില കണക്കാക്കിക്കൊണ്ടാണോ ഈ വില ഈടാക്കുന്നതുതന്നെ? അല്ല. അതുകൊണ്ടാണ് പറഞ്ഞത് യഥാർത്ഥത്തിൽ നിങ്ങൾ വിഭാവനചെയ്യുന്ന പാവപ്പെട്ടവനെ രക്ഷിക്കണമെന്നു പായുന്നതിന്തന്നെ ഈ വകുപ്പുകൊണ്ട് മതിയാകുകയില്ല. ഗവൺമെൻറ് ആ വസ്തുത അംഗീകരിക്കുന്നുണ്ടോ? ആ വസ്തുത അംഗീകരിക്കുന്നുണ്ടെങ്കിൽ അതിനെ എങ്ങനെ ഉൾപ്പെടുത്താൻ കഴിയും? ഈ ഓർഡിനൻസ് നിയമമാക്കിയാൽ നല്ലൊരു കാര്യമാണ്. ഇപ്പോഴും ഒരു ഗുണമുണ്ട്. ഓർഡിനൻസ് നിലനിൽക്കുന്നതുകൊണ്ട് റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി ഈ പാട്ടബാക്കി വരുന്നില്ല. ഈ ഓർഡിനൻസ് നിയമം ആക്കി ഈ മൂവായിരം ഉറുപ്പികയ്ക്ക് മേൽ ഈടാക്കുന്നതിനെപ്പറ്റി നമ്മളെല്ലാം ഗൗരവമായി ആലോചിച്ചു, പിന്നീട് അതിന് ആവശ്യമായ നിയമനിർമ്മാണനടപടികളും സംവിധാനങ്ങളും വരുമ്പോഴത്തേക്കും ഒട്ടനവധി ആളുകളുടെ പേരിൽ ജപ്തി നടപടികളും കേസുകളും വരും.

[Mr. Deputy Speaker in the Chair.]

ശ്രീ. ബേബി ജോൺ: ഈ സമ്മേളനത്തിൽത്തന്നെ മറ്റേതിനുള്ള നിയമനിർമ്മാണ നടപടികളും നമുക്കു നടത്താം. അതേവരെ മറ്റേത് സ്റ്റേ ചെയ്തുവയ്ക്കുകയും ചെയ്യാം.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: അതൊക്കെ ഇപ്പോഴും ഓരോന്നു പറഞ്ഞ്, അങ്ങനെ ഒരു വേലവയ്ക്കൽ മാത്രമാണ്. ഞങ്ങളും സമരം നടത്തിയപ്പോഴും ഗവൺമെൻറ് ഞങ്ങൾക്ക് തന്ന വാഗ്ദത്തമനുസരിച്ച് ഈ നിയമനിർമ്മാണം കൊണ്ടുവന്ന അവസരത്തിൽ യഥാർത്ഥത്തിൽ അതുംകൂടി കൊണ്ടുവന്നിരുന്നുവെങ്കിൽ ഒന്നു പരിശോധിക്കാമായിരുന്നു. ഇവിടെ അത് കൊണ്ടുവന്നില്ല. കൊണ്ടുവരാമെന്നും ഈ അസംബ്ലിയിൽത്തന്നെ പാസ്സാക്കുമെന്നും പറഞ്ഞതിനെപ്പറ്റിയുള്ള വിശ്വാസക്കേടിൻറെ പ്രശ്നമല്ല—ഇവിടെ കൊണ്ടുവരാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആ പാട്ടബാക്കി ഗഡുക്കളായി കൊടുക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ചുവരുന്നതിനെപ്പറ്റി ഞാൻ മനസ്സിലാക്കുന്നത് മുമ്മൂന്നുമാസത്തെ അവധിവച്ച് നാലു ഗഡുക്കളാണെന്നാണ്. മുമ്മൂന്നുമാസത്തെ അവധിവച്ചുകൊണ്ട് നാലു ഗഡുക്കളായി ആ പാട്ടബാക്കി കൊടുത്തുതീർക്കത്തക്കവിധത്തിലുള്ള ഒരു സംവിധാനത്തെപ്പറ്റിയാണ് ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ അത് ആരെ രക്ഷിക്കാനാണ്? ആ ഗഡുക്കളാണ് മോഹനവാഗ്ദാനമെങ്കിൽ ആ ഗഡുക്കളെക്കൊണ്ട് ഈ രാജ്യത്ത് ആർക്കൊക്കെ ആശ്വാസം കിട്ടാൻ സാധിക്കും? ഫലത്തിൽ ഈ പാട്ടബാക്കി കൊടുക്കാനുള്ളവർക്ക് സംരക്ഷണം നൽകാൻപോകുന്നു എന്ന ഒരു പുകമറ സൃഷ്ടിക്കുക മാത്രമാണ് യഥാർത്ഥത്തിൽ പാട്ടബാക്കിക്കാരായ കൃഷിക്കാരെ സംരക്ഷിക്കാനുള്ള നടപടിക്ക് അനുയോജ്യമായിട്ടുള്ളതല്ല, ഈ കൊണ്ടുവന്ന നിയമം എന്നാണ് എനിക്ക് പറയുവാനുള്ളത്. അതല്ലെങ്കിൽ ഗവൺമെൻറ് ഇതു ചെയ്യുമോ? ചില ഒറ്റപ്പെട്ട കേസുകളും എടുത്തു. ഇവിടെ പീഡിതരെപ്പറ്റി പറയുന്നതു കേട്ടു. ഞങ്ങളും ആ കാര്യത്തിൽ വ്യക്തമായ അഭിപ്രായം ഉള്ളവരാണ്. എന്നാൽ ലാൻഡ് റിഫോംസ് പോലെയുള്ള നടപടികളും വരുമ്പോൾ പീഡിതരായിപ്പോയ ആളുകളും ഉണ്ടെങ്കിൽ ജീവിക്കാൻ പറ്റാത്ത ആളുകളും ഉണ്ടെങ്കിൽ അവർക്ക് ഒന്നും കിട്ടാൻ കഴിയില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

നാലോ അഞ്ചോ കോടി രൂപ സർക്കാർ അവർക്ക് ആനുകൂല്യം കൊടുത്തു കൊണ്ട് അവരെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഞാനും എന്റെ പ്രസ്ഥാനവും എതിരല്ല. ഒരു പരിഷ്ക്കരണനിയമം വന്നിരിക്കുന്നു. അതിന്റെ ഭാഗമായി ജീവിതമാകെ തുലഞ്ഞു. പിച്ചതെണ്ടുന്നവരുണ്ട്, കണ്ണീർപൊഴിക്കുന്നവരുണ്ട് എന്നാണ് പറയുന്നത് എങ്കിൽ അവരെ സംരക്ഷിക്കുന്നതിനുവേണ്ടി മൊത്തം ജീവിതത്തിന്റെ സാമ്പത്തികബാദ്ധ്യത ഏറ്റെടുത്ത് അവർക്ക് എന്തെങ്കിലും സൗജന്യമോ സൗകര്യങ്ങളോ ചെയ്തുകൊടുക്കുന്നതിന് എതിരല്ല. അവർക്ക് സൗജന്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനുവേണ്ടി കാർഷികപരിഷ്ക്കരണനിയമത്തിന്റെ അന്തസ്സത്തതന്നെ ഇല്ലാതാക്കരുത്. 25 ലക്ഷത്തിന്റെ കണക്ക് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ? ആ 25 ലക്ഷത്തിൽ എത്ര ആളുകൾ ഈ ബാധ്യത ഏൽക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ലക്ഷക്കണക്കിന് കൃഷിക്കാരിൽ ഈ പാട്ടബാക്കിക്ക് വിധേയരല്ലാത്ത കൃഷിക്കാരുണ്ട്. പരപ്പനങ്ങാടിയിലോ, തിരൂരിലോ ചിലപ്പോൾ പാട്ടബാക്കിക്കാർ ഇല്ലെന്നുവരും. പക്ഷേ പെരിന്തൽമണ്ണയിൽ നെല്ല് വണ്ടിക്ക് വിൽക്കുന്നവനില്ല. ആയിരം നാളികേരം ഇടുന്നവനില്ല. മനസ്സിലാക്കണം, അങ്ങനെ എടുത്തുനോക്കുമ്പോൾ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലോ തിരൂരങ്ങാടിപ്രദേശത്തോ തീരപ്രദേശത്തെ നാളികേരക്കൃഷിക്കാരനെ കണ്ടുകൊണ്ട് കിഴക്കൻ പ്രദേശത്തെ നെൽക്കൃഷിക്കാരനെയും മറ്റുള്ളവനെയും കണക്കുകൂട്ടുന്നത് ശരിയാണോ?

ശ്രീ. ഇ. പി. ഗോപാലൻ: അവർക്ക് പാട്ടബാക്കിയും കുറവാണ്. പാട്ടം കുറച്ചേ കൊടുക്കേണ്ടൂ. അതിലും, രണ്ടേക്കർവരെയുള്ളവർക്ക്, എത്ര പാട്ടബാക്കിയുണ്ടെങ്കിലും ഒരു കൊല്ലത്തേതുമാത്രം കൊടുത്താൽ മതി എന്നൊക്കെയുള്ളത് ഇതിനു ബാധകവുമാണ്. ആ അർത്ഥത്തിൽപറഞ്ഞാൽ വലിയ പാട്ടം കൊടുക്കാത്തവരാണ് കുറച്ചുപാട്ടബാക്കിയുള്ളവരുമാണ് പെരിന്തൽമണ്ണ താലൂക്കിലുള്ളവർ, അവർക്ക് ഇതുകൊണ്ട് സഹായമില്ലെന്നാണോ പറയുന്നത്?

12 Noon]

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: പെരിന്തൽമണ്ണ താലൂക്കിലുള്ള പാട്ടവും പാട്ടബാക്കിയും എടുത്തുനോക്കി പറയുകയല്ലേ? ഞാൻ പറയുന്നതു നെല്ലുവിറ്റു പണം സമ്പാദിക്കുന്നവരും കാറുവാങ്ങിക്കുന്നവരുമല്ല അവരെന്നുള്ളതാണ്; ആ പാട്ടബാക്കിക്കാരായ കൃഷിക്കാരെ സംരക്ഷിക്കാൻ ഇത് ഉതകുമോ? ഉതകുകയില്ല; പോര. അതുകൊണ്ടാണ് പറയുന്നത്, ഇതിൽനിന്നുമാറി അവരെ ഏതുവിധത്തിൽ സഹായിക്കാൻ കഴിയും എന്നാലോചിക്കണം. വാദത്തിനുവേണ്ടി വാദിക്കുകയല്ല. യഥാർത്ഥത്തിൽ ഇങ്ങനെയൊരുപ്രശ്നം ഉണ്ട്; അതിൽ വിഷമിക്കുന്നവരുണ്ട്. അങ്ങനെ വിഷമിക്കുന്നവനെ സഹായിക്കാൻ എന്തുചെയ്യും? അതാലോചിക്കുന്നതിനുപകരം, ഞാൻ പറഞ്ഞതു സ്വീകരിച്ചുകൊള്ളണമെന്ന പിടിവാശിയാണോ വേണ്ടത്? അതോ ആ പ്രശ്നത്തിന് പരിഹാരം കാണത്തക്കരീതിയിലുള്ള സമീപനമാണോ വേണ്ടത്? പരിഹരിക്കുന്നതിനുള്ള സമീപനമാണ് ശരി എന്നാണ് എന്റെ അഭിപ്രായം. അത്തരമൊരു സമീപനമല്ല ഈ നിയമത്തിലുള്ളത്.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനു പറയുകയാണ്, 'കേരള പേമെന്റ് ഓഫ് അഗ്രിയേഴ്സ് ഓഫ് റെന്റ് ഇൻ ഇൻസ്ട്രുമെന്റ്സ് ബിൽ 1979' സെപ്തംബർ 21-ാംതീയതി പബ്ലിഷ് ചെയ്തിട്ടുണ്ട്. നിയമസഭയിൽ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഗഡുക്കളായി അടയ്ക്കാനുള്ളതല്ലേ; അതു മനസ്സിലാക്കിയതുകൊണ്ടാണ് ഇത്രയും പറഞ്ഞത്. അതിൽ കൊണ്ടുവന്നിട്ടുള്ളതു വായിച്ചിട്ടാണ് പറഞ്ഞത്. അതു വരുമ്പോൾ അതിനെപ്പറ്റി പറയാം. അതൊന്നും ഒരു രക്ഷയാകുന്നില്ല. ഒരു ശിക്ഷയാകുകയും ചെയ്യും. കാരണം, പിറ്റേദിവസം പിടിച്ചെടുക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. പിന്നെ നിങ്ങളുടെ അടുക്കൽ പെറ്റീഷനുംകൂടി വരണ്ട. ആ നാലു ഗഡുക്കളായി മുമ്മൂന്നു മാസം കൂടുമ്പോൾ കൊടുക്കണമെന്നുവരുമ്പോൾ..... ....

ശ്രീ. ബേബി ജോൺ: അതു മാറ്റാം.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഞാൻ പറയുന്നത് ഇപ്പോൾ ഗവൺമെൻറ് എവിടെ നിൽക്കുന്നു എന്നതിനെപ്പറ്റിയാണ്. നാലു ഗഡുക്കളായി മുമ്മൂന്നുമാസംകൂടുമ്പോൾ കൊടുത്തുതീർക്കാനാണ് വ്യവസ്ഥ. ആ പ്രൊവിഷൻ യഥാർത്ഥത്തിൽ ആരെയെങ്കിലും രക്ഷിക്കാൻ പറ്റുന്നതാണോ? അല്ല. അപ്പോൾ എങ്ങനെയാണ് ചിന്തിക്കുന്നത്? ഇതിൻറെ പശ്ചാത്തലമൊക്കെ മന്ത്രി വിശദീകരിച്ചു. വിപ്ലവാത്മകതയെല്ലാം വിശദീകരിച്ചു. അവസാനം കാര്യത്തിലേക്കെത്തുമ്പോൾ ഒന്നുമില്ല; ഇത് എന്തിന്? അതാണ് പറഞ്ഞത്. അറിയാത്തതുകൊണ്ടു വന്നതാണോ? ഈ പ്രശ്നങ്ങളെപ്പറ്റി മനസ്സിലാക്കാത്തതുകൊണ്ടോ ഇതിൻറെ ഗൗരവം അസംബ്ലിതലത്തിൽ വരാത്തതുകൊണ്ടോ അതിൻറെ വ്യാപ്തി മനസ്സിലാക്കാത്തതുകൊണ്ടോ ഇങ്ങനെ വന്നുപോയതല്ല. സത്യസന്ധമായി അവരുടെ പ്രശ്നങ്ങൾ കാണണം. ശ്രീ. സുന്ദരേശൻ നായർ പറഞ്ഞു, മലബാറിലുള്ളവർ ഇങ്ങനെ പറയുന്നു എന്ന്. ഞങ്ങൾ ജീവിക്കുന്ന ഒരു സാമൂഹ്യപരിതഃസ്ഥിതിയും ചുറ്റുപാടും അവിടെയുള്ള ജനങ്ങളേയും വച്ചുകൊണ്ടാണ് ഞങ്ങൾ കാര്യങ്ങൾ പറയുക. പാട്ടബാക്കിയും കുടിശ്ശികയുമെല്ലാം പറയുന്നതു മലബാറുകാരായിപ്പോയതുകൊണ്ടല്ല. ഞങ്ങൾ വളർന്നുവന്ന ഒരു സാമൂഹ്യബന്ധം ഉണ്ട്. അവിടത്തെ ചുറ്റുപാടുണ്ട്. അവിടത്തെ പ്രത്യേകതകളുണ്ട്. ആ പ്രത്യേകത യഥാർത്ഥത്തിൽ ഇവിടത്തേതിൽനിന്നും വ്യത്യസ്തമാണ്. അതാണ് ഞങ്ങൾ പറഞ്ഞത്, തലപ്പള്ളി താലൂക്കിനപ്പുറത്തുള്ളവർക്ക് പാട്ടബാക്കി മനസ്സിലാവുകയില്ല. പക്ഷേ തലപ്പള്ളി മുതലങ്ങോട്ടുള്ളവർക്ക് പാട്ടബാക്കിയെന്നു പറയുന്നത് ഒരു ജീവൻമരണ പ്രശ്നമാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കാൻ മറ്റുള്ളവർ തയ്യാറാവണം. ഇതുകൊണ്ട് സുന്ദരേശൻ നായരെ ഞാൻ എതിർക്കുകയില്ല. പീഡിതരായ ആളുകൾക്ക് എന്തെങ്കിലും സഹായം കൊടുക്കാൻ കഴിയുമോ എന്നാലോചിക്കണം. അവരെ രക്ഷിക്കാൻ കഴിയുമോ; ഒരു മുറുക്കാൻകട വച്ചുകൊടുക്കാനുള്ള സഹായമെങ്കിലും ചെയ്യാൻ കഴിയുമോ? ഇതിനെതിരല്ല ഞങ്ങളുടെ പ്രസ്ഥാനം. സർവ്വവും നഷ്ടപ്പെട്ടുപോയവരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് എന്തെങ്കിലും രൂപത്തിലുള്ള സഹായം നൽകണം എന്ന അഭിപ്രായം ഞങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഞങ്ങൾ പ്രൊപ്പഗാൻഡാ നടത്തിയിട്ടുണ്ട്. ഞങ്ങൾ അവർക്കെതിരല്ല. അതുകൊണ്ട് ആ പീഡിതരെ പിടിച്ചുകൊണ്ട്, ആ ദുരിതമനുഭവിക്കുന്നവരെ പിടിച്ചുകൊണ്ട്, ഈ രാജ്യത്തെ ലക്ഷക്കണക്കായ കൃഷിക്കാർക്ക് എതിരായ വികാരം ആളിക്കത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നതിനേയാണ് പിൻതിരിപ്പൻ ശക്തികൾക്ക് കൂട്ടുനിൽക്കുന്നു എന്നു പറഞ്ഞത്. അതുകൊണ്ടാണ് പറഞ്ഞത്. അവരെ രക്ഷിക്കണമെന്നു പറഞ്ഞുകൊണ്ട് ഇവരുടെ ഭൂമി ഒഴിപ്പിക്കണമെന്നു പറയുന്ന സമീപനം ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എനിക്ക് വളരെ വ്യക്തമായി പറയാനുള്ളത്, വളരെ വ്യക്തമായ ഒരു കണക്കെടുത്തു പരിശോധിച്ചാലും അതു മനസ്സിലാക്കാൻ കഴിയും, നിങ്ങൾ ഇന്നുവച്ചിട്ടുള്ള ഈ മൂവായിരം രൂപ എന്നു പറയുന്നതുകൊണ്ട്, നിങ്ങൾ പറയുന്ന ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്ക് സഹായമാവുകയില്ല എന്നാണ്. അതാണ് എന്റെ ഉറച്ച വിശ്വാസം. അതു മനസ്സിലാക്കുന്നതുവരെ വേണമെങ്കിൽ ഈ ഈടാക്കുന്ന നടപടികൾ നിർത്തിവച്ച് പരിശോധിക്കാൻ, ചിന്തിക്കാൻ, സെലക്ട് കമ്മിറ്റിക്ക് വിടണം എന്ന അഭിപ്രായം മുന്നോട്ടുവച്ചത് അതുകൊണ്ടാണ്. അതുകൊണ്ടാണ് വീണ്ടും വീണ്ടും ആവശ്യപ്പെടുന്നത്. ജനത നടത്തിയ സമരത്തിൽക്കൂടി നേടിയെടുത്ത ഒരാനുകൂല്യം അവനു കൈവശമാക്കാൻ കഴിയാത്തവിധത്തിൽ ഈ പാട്ടബാക്കി ഇന്ന് അവന്റെനേരെ നിൽക്കുകയാണ്. ഇതാ എത്രവസരത്തിലും ഭൂമി കൈവിട്ടുപോകും എന്ന സ്ഥിതിയിലേയ്ക്ക് ലക്ഷക്കണക്കായ കൃഷിക്കാരുടെ കുടുംബജീവിതം തകർന്നുകൊണ്ടിരിക്കുകയാണ്. അതിനോടു നീതി പാലിക്കാൻ, ദയകാണിക്കാൻ, അവരെ രക്ഷിക്കാൻ, ആവശ്യമായ ഒരു നടപടിയായിരിക്കണം എന്നനുസ്മരിപ്പിച്ചുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ബില്ലിനെപ്പറ്റി നമ്മളിവിടെ ചർച്ചചെയ്യുന്ന സമയത്ത്, ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഇവിടെ വിശദീകരിച്ചതുപോലെ ജൻമിത്തത്തിനെതിരായി നടന്ന സമരങ്ങളേയും ആ സമരങ്ങളുടെ ഫലമായി ഈ നിയമസഭയിൽത്തന്നെയുണ്ടായിട്ടുള്ള നിയമനിർമ്മാണങ്ങളെയും അനുസ്മരിച്ചുകൊണ്ടുവേണം നാമിതിലേയ്ക്ക് പ്രവേശിക്കാൻ. 1958–59 കാലത്ത് ബില്ലവതരിപ്പിച്ചുകൊണ്ടുനടന്ന ചർച്ചയിൽ പാട്ടം വെട്ടിക്കുറയ്ക്കാനുള്ള തീരുമാനംവന്ന സമയത്തുതന്നെ ശ്രീ. രാഘവമേനോൻ (ഈ ഭാഗത്തിരുന്നുകൊണ്ടാണെന്നാണോർമ്മ) നടത്തിയ ഒരു പ്രസംഗം, അന്ന് ദിവസേന നമ്മുടെ സന്ദർശക ഗ്യാലറിയിൽ വന്നിരുന്ന ജൻമിമാരുടെ പ്രതിനിധികൾ ആസ്വദിക്കുന്നുണ്ടായിരുന്നു. പാട്ടം കൊടുക്കാൻ നിവൃത്തിയില്ലാത്ത കൃഷിക്കാരുടെ കണ്ണീരിനെക്കാൾ കൂടുതൽ, പാട്ടം കിട്ടേണ്ടയാളുകളുടെ കണ്ണീരിനെപ്പറ്റിയായിരുന്നു അദ്ദേഹത്തിനു പറയാനുണ്ടായിരുന്നത്. നിയമം വന്നുകഴിഞ്ഞാൽ പാട്ടം കിട്ടാതെവരുമല്ലോ എന്നു വിഷമിച്ച് ഒരു ലക്ഷ്മിക്കുട്ടിയമ്മ തൂങ്ങിമരിച്ചു. തൂങ്ങിമരിച്ചവരുടെ ജഡം പരിശോധിച്ച സമയത്ത് അവരുടെ മടിക്കുത്തിലുണ്ടായിരുന്ന കത്തിൽ, ഈ ഗവൺമെൻറ് പാസ്സാക്കുന്ന നിയമംമൂലം പാട്ടം കിട്ടാതെ ജീവിക്കാൻ സാധ്യമല്ലാതെവരുമല്ലോ അതുകൊണ്ട് കൃഷിക്കാർക്ക് പാട്ടംകൊടുക്കാനിടയില്ലാത്ത ഒരു വ്യവസ്ഥ വരുന്നതിനു മുൻപ് ഈ ലോകത്തിൽനിന്ന് കടന്നുകളയാം എന്നുകരുതി അവർ മരിക്കുന്നതായി എഴുതിവച്ചിരുന്നു എന്നുവരെ—ആ ലക്ഷ്മിക്കുട്ടിയമ്മയുടെ പ്രേതത്തെവരെ—ഇവിടെ കൊണ്ടുവന്നു ജൻമിമാർക്കുവേണ്ടി അദ്ദേഹം വാദിച്ചു. അങ്ങനെ വാദിച്ചസമയത്തൊക്കെ ബഹുമാനപ്പെട്ട മന്ത്രിയടക്കം നമ്മളെല്ലാം അതിനു പറഞ്ഞ മറുപടി, ഈ ജൻമിത്തം അവസാനിപ്പിക്കാൻവേണ്ടിയുള്ള പരിശ്രമം നടക്കുമ്പോൾ അതിനെതിരായി പരാതികൾ സ്വാഭാവികമായും ഉണ്ടാകും എന്നാണ്. പക്ഷേ അതെല്ലാം കഴിഞ്ഞ് എത്രയോ വർഷം കഴിഞ്ഞിട്ടും നമ്മുടെ ഈ നിയമസഭാവേദിയിൽ ഇത്രയെല്ലാം പരിഷ്ക്കാരങ്ങൾ വന്നശേഷവും ജൻമിത്തത്തിനുവേണ്ടിയുള്ള വാദങ്ങളും ആ ജൻമിത്തത്തിനുവേണ്ടിയുള്ള നീക്കങ്ങളും ഉണ്ടാകുന്നു എന്നത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിവരിച്ച ജൻമിത്വവിരുദ്ധ സമരങ്ങളുടെ നീണ്ടയാത്രയ്ക്കിടയിൽ അരുതാത്ത ഒരു കാര്യമായിരുന്നു. നിർഭാഗ്യവശാൽ നമ്മുടെ നിയമസഭാവേദിയിൽ അത്തരം നിയമങ്ങൾ വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് വളരെ ഖേദകരമാണ്; ഈ പ്രസ്ഥാനത്തിന്റെപേരിൽ അഭിമാനംകൊള്ളുന്ന നമുക്കെല്ലാംതന്നെ വിഷമകരമായ ഒരു കാര്യമാണ്.

കടാശ്വാസനിയമമെന്നാണ് ഇതിന്റെ പേരെങ്കിലും വാസ്തവത്തിൽ ഭൂപരിഷ്ക്കരണനിയമത്തിന്റെ പ്രശ്നവുമായി ബന്ധപ്പെട്ട ഒരു നിയമമാണിത്. ആദ്യം നിയമസഭയിൽ ആ നിയമം പാസ്സായ കാലത്ത് നടപ്പിലായിരുന്നെങ്കിൽ പാട്ടക്കുടിശ്ശികയുടെ പേരിൽ കൃഷിക്കാർ ഇത്രയും ബുദ്ധിമുട്ട് ഇന്നനുഭവിക്കുന്നതുപോലെ അനുഭവിക്കുമായിരുന്നില്ല. നിർഭാഗ്യവശാൽ പല കാരണവശാലും, അന്നു പാസ്സായ നിയമം യഥാസമയം നടപ്പായില്ല. അതിന്റെ ഫലമായി കൃഷിക്കാർ കുടിശ്ശികക്കാരായി വീണ്ടും തുടർന്നു.

അഞ്ചേക്കർവരെയുള്ള ഭൂമിയുടെ ഉടമസ്ഥൻമാർ ഒരു വർഷത്തെ പാട്ടം കൊടുത്താൽമതി എന്നുള്ളകാര്യം ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട ഇ. പി. യും ഇവിടെ പറഞ്ഞു. സഖാവ് പി. വി. അതിനു മറുപടിയും പറഞ്ഞു.

മലബാർഭാഗത്തുണ്ടായിരുന്ന കൃഷിക്കാരുടെ പ്രശ്നം സമരംനടത്തി നേടിയെടുത്തുവെങ്കിലും, പാട്ടംകൊടുത്താൽ രേഖപ്പെടുത്താതിരിക്കുകയും എത്ര പാട്ടം കൊടുത്തുവെന്ന് തീരുമാനിക്കുവാൻ നിവൃത്തിയില്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പാട്ടക്കുടിശ്ശികയ്ക്കുവേണ്ടി പാട്ടം കൊടുത്തുകഴിഞ്ഞ പാട്ടത്തിനും കുടിശ്ശികയ്ക്കും വേണ്ടിയുള്ള കേസ്സിന് ഇരയായിട്ടുള്ള കൃഷിക്കാരുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. പാട്ടക്കുടിശ്ശിക എന്നുള്ളത് ഏതാണ്ട് കൊടുത്തുകഴിഞ്ഞ പാട്ടത്തിനേറെയും കുടിശ്ശിക ഈടാക്കുന്ന നടപടിയാണ് മലബാർഭാഗത്ത് ഇപ്പോഴുമുള്ളത്. മലബാറിന്റെ വടക്കേയറ്റംമുതൽ ഇവിടെവരെ, ഈ നിയമസഭയിലെ മെമ്പർമാരായിരുന്ന ശ്രീ. ആർ. കൃഷ്ണന്റെയും ശ്രീ. സി. ജി. പണിക്കരുടേയും നേതൃത്വത്തിൽ പാട്ടബാക്കി റദ്ദ്ചെയ്യണമെന്നുള്ള ഒരാവശ്യം ഉന്നയിച്ചുകൊണ്ട് കാൽനടജാഥ നടത്തി ഇവിടെവന്ന് പത്തിരുപതിനായിരത്തിൽപ്പരം കൃഷിക്കാരുടെ പ്രകടനം നടത്തി രണ്ടുമൂന്നുകൊല്ലത്തിനു മുൻപ് ഒരു നിവേദനം ഗവൺമെന്റിന് നൽകി. അത്രയ്ക്ക് രൂക്ഷമായ ഒരു പ്രശ്നമാണ് പാട്ടക്കുടിശ്ശികയുടെ പ്രശ്നം. അതു വളരെ നിസ്സാരമായി കണ്ടുകൊണ്ട് ഈ ഭേദഗതിനിയമംകൊണ്ട് പരിഹരിക്കാമെന്ന് കാണുന്നതു ശരിയല്ല. മലബാർഭാഗത്ത് വളരെയേറെ കേസ്സുകൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സമ്മതിച്ചതാണ്. പാട്ടബാക്കി ഈടാക്കുന്നതിനുവേണ്ടി കോടതിനടപടികൾ, ജപ്തി നടപടികൾ ഇങ്ങനെ നിരവധി കേസ്സുകളുണ്ട്. ഇപ്രകാരമുള്ള ഒന്നോരണ്ടോ കേസ്സുകളല്ല ആയിരക്കണക്കിന് കേസ്സുകളാണുള്ളത്. പത്തുനാന്നൂറു കേസ്സിന്റെ കാര്യത്തിൽ വിഷമമനുഭവിക്കുന്ന നമ്മൾ ആയിരക്കണക്കിന് കേസ്സുകളിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കൃഷിക്കാർക്ക് അതുകൊണ്ട് ബുദ്ധിമുട്ടില്ലാ എന്നുപറഞ്ഞാൽ വിഷമമാണ്. അവർക്കുവേണ്ട സംരക്ഷണം കൊടുത്തു പാട്ടബാക്കി റദ്ദ്ചെയ്യണം. പാട്ടബാക്കി റദ്ദ് ചെയ്യുന്ന കാര്യമൊഴിച്ച് പകരം കൊണ്ടുവരുന്ന ഒരു നിയമനിർമ്മാണമാണിത്. ഈ നിയമനിർമ്മാണത്തിന്റെ ശബ്ദംകേട്ട് ഈ കൃഷിക്കാർക്ക് ആർക്കുംതന്നെ ആവേശംകൊള്ളുവാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ യഥാർത്ഥ കൃഷിക്കാരുമായി സംസാരിക്കുകയും പതിനായിരക്കണക്കിനുള്ള അവരുടെ യോഗങ്ങളിൽ ഈ ബില്ലിന്റെകാര്യം അവതരിപ്പിക്കുകയും ചെയ്ത അനുഭവത്തിൽനിന്നുമാണ് ഞങ്ങൾ ഇതു പറയുന്നത്. അവരുടെ ആരുടേയും ഹൃദയത്തെ ത്രസിപ്പിക്കുവാൻ ഈ ബില്ല് പര്യാപ്തമല്ല. കാരണം കടമായി

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കി ആ കടത്തിനുതന്നെയാണ് ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ വിശദമായി വിശദീകരിച്ച ആ പരിധിവരുന്നത്. ഞാൻ വളരെ ആത്മാർത്ഥമായി ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം ചോദിക്കട്ടെ. കടാശ്വാസ നിയമം പാസ്സാക്കിയിട്ട് ഗുണംകിട്ടിയിട്ടുള്ളവർ വല്ലവരും കേരളത്തിലുണ്ടോ? മുൻപൊരു നിയമം പാസ്സാക്കിയല്ലോ? അതിന്റെ പരിധിയിൽ ഇതുംകൂടിപ്പെടുത്തുകയല്ലെ ചെയ്തിട്ടുള്ളത്. മിച്ചവാരവും കടവും പാട്ടക്കുടിശ്ശികയും രണ്ടും ആ നിയമത്തിന്റെ പരിധിയിൽപ്പെടുത്തുകയാണ് ചെയ്യുന്നത്. ആ നിയമം പാസ്സാക്കിയിട്ട് ഗുണംകിട്ടിയിട്ടുള്ളവർ വല്ലവരുമുണ്ടോയെന്ന് പരിശോധിക്കണം. സാമൂഹ്യപരിഷ്ക്കരണ നിയമം പാസ്സാക്കുമ്പോൾ ആരെ ഉദ്ദേശിച്ച് പാസ്സാക്കുന്നുണ്ടോ അവർക്കു ഗുണം കിട്ടണം. അവർക്ക് ഗുണം കിട്ടിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. അതിനൊരു പരിശോധന നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതുവരെ ഇൻഡ്യാ രാജ്യത്ത് നടത്തിയിട്ടുള്ള കാർഷിക പരിഷ്ക്കരണ നടപടിയുടെ ഫലമായി എന്തുമാറ്റം കാർഷികമേഖലയിലുണ്ടായിട്ടുണ്ട്, സാമ്പത്തിക മേഖലയിലുണ്ടായിട്ടുണ്ട് എന്ന് റിവ്യൂ നടത്തുവാനുള്ള ഏർപ്പാടുണ്ടല്ലോ? ആ റിവ്യൂ നടത്തിയതിനു ശേഷമാണ് യഥാർത്ഥത്തിൽ ഗുണം കിട്ടേണ്ടവർക്ക് ഗുണം കിട്ടിയിട്ടില്ല, ചൂഷണം മറ്റുരൂപത്തിൽ നിലനിൽക്കുന്നുവെന്നുള്ള റിപ്പോർട്ട് ആണ് ഇത്രയുംകാലത്തെ പരിശോധനയ്ക്കു ശേഷം അതിന്റെ ആകെത്തുകയായി എടുക്കുവാൻ കഴിയുന്നത്. ആ രംഗത്ത് നമ്മെ പരാജയപ്പെട്ടിട്ടുണ്ട്. ശക്തിമത്തായ പല സമരങ്ങളും ആ സമരത്തിന്റെ അടിസ്ഥാനത്തിൽവന്നിട്ടുള്ള ജനാധിപത്യ പ്രസ്ഥാനവും മറ്റുസംസ്ഥാനങ്ങളിലെ കൃഷിക്കാരെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരെ ഉയർന്ന ഒരു തോതിലേയ്ക്ക് വളർത്തിയിട്ടുണ്ട്. അതിന്റെ ഫലമായി നിയമനിർമ്മാണരംഗത്തും പുരോഗതിയുണ്ടായിട്ടുണ്ട്. അതെല്ലാം വന്നിട്ടുള്ള ഒരു സംസ്ഥാനത്തെ കൃഷിക്കാരെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. പതിനായിരക്കണക്കിന് കൃഷിക്കാർ—പാട്ടക്കുടിശ്ശിക കൊടുക്കുവാൻ നിവൃത്തിയില്ലാത്തവർ, പാട്ടക്കുടിശ്ശിക ഇളവാക്കുന്നതിനുവേണ്ടിയുള്ള കേസ്സിന് വിധേയരായിത്തീർന്നിട്ടുള്ളവർ, ജപ്തി നടപടിക്രമങ്ങൾക്ക് വിധേയരായിത്തീർന്നിട്ടുള്ളവർ—നമ്മുടെ രാജ്യത്ത് ഉണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രി ഇതിൽ അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന പാട്ടക്കുടിശ്ശിക കൊടുക്കുവാൻ നിവൃത്തിയില്ലാത്ത വളരെയധികം കൃഷിക്കാർ ഉണ്ടെന്നുള്ളത് അംഗീകരിച്ചുകൊണ്ട് അവർക്ക് ആശ്വാസം കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ് ഈ നിയമനിർമ്മാണം. ആ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുമ്പോൾ പിശുക്കൻ മടിശീല അഴിക്കുന്ന രീതിയിൽ മടിശീല അഴിച്ചുവെന്നുള്ളതാണ് പ്രധാനപ്പെട്ട ആക്ഷേപം. ഈ നിയമനിർമ്മാണം കൊണ്ടുവന്നത് ആശ്വാസമാണെങ്കിൽ ആകട്ടെ. ആരെയെങ്കിലും ആശ്വസിപ്പിക്കുവാൻ പര്യാപ്തമാണോ എന്നു പരിശോധിച്ചാൽ അല്ല എന്നു പറയേണ്ടിവന്നതിൽ ഖേദം ഉണ്ട്. പരിധി മൂവായിരം രൂപായെന്നു നിശ്ചയിച്ചതോടുകൂടി അതുപോലുള്ള ഗുണം ഇല്ലാതായി. അതിനുപകരം കൊണ്ടുവരാമെന്നുപറഞ്ഞിട്ടുള്ള ബില്ലിന്റെ ഗുണവും അവർക്കുകിട്ടാൻ നിവൃത്തിയില്ല. കാരണം അത് അടയ്ക്കണം. ഒരുതരത്തിലും അടയ്ക്കുവാൻ നിവൃത്തിയില്ലാത്ത ആളുകളോട് ഗഡുക്കളായി അടയ്ക്കണമെന്നു പറഞ്ഞാലും അവരെ ആശ്വസിപ്പിക്കുവാൻ കഴിയുകയില്ല. എം. എൽ. എ. മാർക്കും മറ്റെല്ലാവർക്കും അനുഭവമുള്ള കാര്യമാണ്. അടയ്ക്കുവാനും കൊടുക്കുവാനും കഴിവില്ലാത്ത ആളുകൾ പെട്ടെന്ന് ഗവൺമെന്റിനെ സമീപിച്ച് ഒരു സ്റ്റേ വാങ്ങുമായിരിക്കും. കോടതിയിൽ പോകുവാൻ നിവൃത്തിയില്ലാത്ത ആളുകളാണ് ഇപ്രകാരം ചെയ്യുന്നത്. അതു കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

പിന്നെയും സ°റേയുടെ രൂപത്തിൽ കിടക്കാതെ അവർക്ക° ആശ്വാസത്തോടു കൂടി ഭൂമിയിൽ അധ്വാനിക്കുന്നതിനുള്ള പ്രേരണ കൃഷിക്കാർക്കു കിട്ടണം. ഭൂമിവിറ്റു മറ്റെന്തെങ്കിലും വഴിനോക്കാമെന്നുള്ള ധാരണയാണോ അതോ സ്വന്തം ഭൂമിയിൽ കടവിമുക°തനായിനിന്ന° അധ്വാനിച്ച° ആ ഭൂമി ഫലഭൂയിഷ°മാക്കുവാനുള്ള പ്രേരണയാണോ ഒരു നിയമനിർമ്മാണംകൊണ്ട° കിട്ടേണ്ടത°? രണ്ടാമത്തെ പ്രേരണകിട്ടാത്ത ഒരു നിയമനിർമ്മാണം അതുകൊണ്ട° ഉദ°ദേശിച്ച രീതിയിൽ ഫലപ്രാപ°തിയിലെത്തുന്നില്ല. നിർഭാഗ്യവശാൽ അത്തരത്തിലുള്ള ഒന്നായിത്തീർന്നു; ഈ നിയമനിർമ്മാണം, അതാണ° എനിക്കു പറയുവാനുള്ള ആക്ഷേപം.

സെലക°ട്ടുകമ്മിറ്റിക്ക° വിട്ടാൽ ഈ കാര്യത്തെ സംബന്ധിച്ച° പരിശോധിക്കുവാൻ കഴിയും. ഈ നിയമനിർമ്മാണം വരുമ്പോഴും പാട്ടം കിട്ടേണ്ട ആളുകളുടെ കാര്യത്തെക്കുറിച്ച° ശ്രീ. സുന്ദരേശൻ നായർ ഇവിടെ പറഞ്ഞു ഇതിനുമുൻപ° പല നിയമനിർമ്മാണങ്ങളേയും എതിർത്തിട്ടുണ്ട°. സാമൂഹ്യപരിഷ°ക്കരണം വരുന്ന സമയത്ത° കുറേ ആളുകൾക്ക° ബുദ°ധിമുട്ടു വരും. ആ ബുദ°ധിമുട്ട° വരുന്ന ആളുകളെ സംരക്ഷിക്കുവാനുള്ള വ്യവസ°ഥ ഏർപ്പെടുത്തണം എന്നാണ° ഞങ്ങൾ പറയുന്നത°. അത്തരം ആളുകൾ വഴിയാധാരമായിപോകട്ടെയെന്നുള്ളതത്വം ശരിയല്ല. അത്തരം ആളുകളെ സംരക്ഷിക്കാനുള്ള ഏർപ്പാട° ഉണ്ടാകണമെന്ന° ഇതിന്റെ ഭാഗമായി പറയാൻ കൊള്ളുകയില്ല. ഇതിന്റെ ഭാഗമായി പറഞ്ഞാൽ ഇതിനുള്ള ഗുണംപോലും ഇല്ലാതാകുമെന്നാണ° അതിന്റെ അർത°ഥം. ഈ നിയമത്തിനകത്ത° വേണ്ട മാറ്റംവരുത്തി യഥാർത°ഥത്തിൽ പാട്ടക്കുടിശ°ശികകൊടുക്കുവാനുള്ള ആളുകൾക്ക° ഗുണംകിട്ടത്തക്കനിലയ°ക്ക° ഉള്ള ഒരു വ്യവസ°ഥയോടുകൂടി ഈ ബില്ല° നമുക്കു പാസ°ാക്കുവാൻ കഴിയണം. അതേസമയത്ത° ഊന്നി ഊന്നി പറയുവാനുള്ളത° പാട്ടക്കുടിശ°ശികയാകെ റദ°ദ°ചെയ്യണമെന്നാണ°. എങ്കിൽമാത്രമേ ഉദ°ദേശിക്കുന്ന രീതിയിലുള്ള ഗുണം ഉണ്ടാവുകയുള്ളു. അതിനെക്കുറിച്ച° ബഹുമാനപ്പെട്ടമന്ത്രി ചിന്തിക്കണം. വേണ്ട നടപടി ഗവൺമെൻറ° എടുക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും മറുപടി ഇതിൻമേൽ ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നു. ഇത്തരം കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട° ഈ ബില്ല° ഒരു നല്ലബില്ലാക്കിത്തീർക്കുന്നതിനുവേണ്ടി സെലക°ട്ട° കമ്മിറ്റിക്ക° അയയ°ക്കണം. ഇതാണ° ഞങ്ങൾക്ക° സമർപ്പിക്കുവാനുള്ള നിർദ°ദേശം.

ശ്രീ. പി. ശങ്കർ: സർ, ഒരു സാമൂഹ്യ പരിഷ°കരണനിയമം നടപ്പിലാക്കിയതിനുശേഷം പിന്നെയും പാട്ടബാക്കിയുടെ പേരിൽ വിഷമിക്കുന്ന കൃഷിക്കാരെ രക്ഷിക്കുന്നതിന° ഉദ°ദേശിച്ചുകൊണ്ട° കൊണ്ടുവന്നിട്ടുള്ളതാണ° ഈ കടാശ്വാസ നിയമം. പാലക്കാട° ജില്ലയിൽ പാട്ടബാക്കി അധികവും കൊടുക്കേണ്ടതായി വരുന്നത° നെൽക്കൃഷിക്കാരാണ°. പറമ്പ° ഉണ്ടെങ്കിൽ കഴിഞ്ഞ കാലത്തെല്ലാം അതിനുള്ള പാട്ടം വളരെ ചുരുക്കമായിരുന്നു. പറമ്പ° കൃഷിമാത്രമുണ്ടെങ്കിൽ, അതുമാത്രമുള്ളവർക്ക° വലിയ കുഴപ്പം സംഭവിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഡ്രൈലാൻഡിന° വില വർദ°ധിച്ചിട്ടുണ്ട°; കൃഷി വർദ°ധിച്ചിട്ടുണ്ട°. അതിന്റെ ഫലമായി വരുമാനവും കൂടിയിട്ടുണ്ട°. എന്നാൽ പഴയ നെൽവയലും കൂടി ഉണ്ടെങ്കിൽ അവന്റെ കാര്യം കഷ°ടമാണ°. ഞാൻ അതിനെക്കുറിച്ച° വലിയ പശ°ചാത്തല പ്രസംഗമൊന്നും ചെയ്യേണ്ടതില്ല. ഇന്നത്തെ പരിതഃസ°ഥിതിയിൽ ഇതിന്റെ ആശ്വാസം കിട്ടണമെന്നുണ്ടെങ്കിൽ പരിധി ഉയർത്തണം. മൂവായിരം രൂപായെന്ന° പരിധിവയ°ക്കുമ്പോഴും ഒരു ചെറിയ കർഷക കുടുംബത്തിന° ഒരു ചെറിയ പറമ്പ° കൂടിയുണ്ടെങ്കിൽ അത° ചൂണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാണിച്ചാൽമതി കൂടുതൽ വരുമാനമുണ്ടെന്നു വരുത്തുന്നതിന്. അതു കൊണ്ട് എനിക്ക് പറയുവാനുള്ളത് ഇത്തരക്കാർക്ക് രക്ഷകിട്ടണമെന്നുണ്ടെങ്കിൽ ഇതിന്റെ പരിധി ഉയർത്തണം എന്നാണ്. പാട്ടബാക്കി റദ്ദാക്കണമെന്ന് എല്ലാവരും ഇവിടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കടാശ്വാസനിയമം കൊണ്ടുവന്നിരിക്കുകയാണ്, ഇതിന്റെ പരിധി ഉയർത്തുന്നതിന് നിയമ തടസ്സം ഉണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഉള്ള ആശ്വാസം കളഞ്ഞ് കുളിക്കുന്ന രീതിയിൽ എത്തിക്കരുത്. ഇതനുസരിച്ച് പല കൃഷിക്കാർക്കും ആശ്വാസം കിട്ടാനിടയുണ്ട്. അതിന്റെ പരിധി കുറച്ചുകൂടി ഉയർത്തണം. വലിയ കൃഷിക്കാരന് ചിലപ്പോൾ മൂവായിരംരൂപയിൽ താഴെയുള്ളുവെന്ന് വന്നേയ്ക്കാം. അത് പരിഹരിക്കത്തക്കവിധത്തിൽ അതിനുള്ള ഭേദഗതി ബഹുമാനപ്പെട്ട മന്ത്രിതന്നെ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കടാശ്വാസനിയമത്തിന്റെ തത്വത്തോട് യോജിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കൊറമ്പയിൽ അഹമ്മദുഹാജി: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ ചില പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്, ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ മൂവായിരം രൂപയുടെ പരിധി കാലോചിതമായി മാറ്റണം, അത് അംഗീകരിക്കപ്പെടേണ്ട ഒരു കാര്യമാണെന്നാണ് എനിക്കു പറയാനുള്ളത്. മൂവായിരം രൂപയിൽ താഴെയുള്ള വരുമാനപരിധി നിശ്ചയിക്കുന്നത് ശരിയല്ല. ഇന്നത്തെ കാലഘട്ടത്തിൽ അത് ചെറിയ ഒരു സംഖ്യയാണ്. അതുകൊണ്ട് നമ്മൾ ഉദ്ദേശിച്ച ഗുണം കിട്ടുകയില്ല. നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള ആനുകൂല്യം വളരെയധികം ആളുകൾക്ക് ഇതുകൊണ്ട് നിഷേധിക്കപ്പെടുമെന്നുള്ളത് ഒരു വസ്തുതയാണ്. പാട്ടബാക്കിയെന്നും ഋണാശ്വാസ ബില്ലെന്നുമൊക്കെ പറയുന്നുണ്ടെങ്കിലും ഏതുതരത്തിലുള്ള കടങ്ങളും മൂവായിരം രൂപയിൽ താഴെയാണെങ്കിൽ മടക്കിക്കൊടുക്കേണ്ടതില്ലെന്നാണ് പറയുന്നത്. സാധാരണ കൃഷിക്കാർക്ക് മാത്രമല്ല മറ്റ് വിഭാഗത്തിൽപെട്ട സാധാരണക്കാർക്കും സഹകാര്യവിഭാഗക്കാരിൽനിന്ന് ഇനിമേൽ കടം കിട്ടാനുള്ള സാദ്ധ്യത ഇല്ലാതാക്കുമോയെന്നുള്ള കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു. അതുപ്രകാരം കൃഷിക്കാർക്കും സാധാരണക്കാർക്കും കൂടുതൽ ബുദ്ധിമുട്ട് വരും. പ്രൈവറ്റ് മേഖലയിൽനിന്ന് കടംകിട്ടാൻ ബുദ്ധിമുട്ടുണ്ടാകും. കാരണം മൂവായിരം രൂപയിൽ താഴെയാണെങ്കിൽ കൊടുക്കണ്ടെന്നാണ് ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുകൊണ്ട് സാധാരണക്കാരന് നഷ്ടമുണ്ടാകും. സഹകരണമേഖലയിൽ കൂടി ആ നഷ്ടം നികത്തികൊടുക്കാനുള്ള ഒരു ശ്രമം നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, കടാശ്വാസത്തിന്റെ പരിധിയിൽ പാട്ടബാക്കി കൊണ്ടുവരുന്നത് നല്ല കാര്യമാണ്. ആ നിലയിൽ മന്ത്രി അഭിനന്ദനമർഹിക്കുന്നുമുണ്ട്. പക്ഷേ അതുകൊണ്ട് പ്രയോജനം കിട്ടുമോയെന്നുള്ളത് സംശയമാണ്. എനിക്ക് മുമ്പ് സംസാരിച്ച സ്നേഹിതൻമാരെല്ലാംതന്നെ അതെപ്പറ്റി പറഞ്ഞു. മൂവായിരം രൂപ വരുമാനപരിധി വച്ചാൽ എത്രപേർക്ക് കിട്ടുമെന്നെല്ലാം ചോദിച്ചു. കൃഷിക്കാരന്റെ പ്രസ്ഥാനം, അതിന്റെ ശക്തി, സ്വരം അതുകൊണ്ട് ഉണ്ടായ നേട്ടം ഇതെപ്പറ്റി എല്ലാം പറഞ്ഞു. കേരളത്തിൽ ആർ. എസ്. പി. കാർക്കായാലും കമ്മ്യൂണിസ്റ്റ് പാർട്ടിക്കായാലും മുഹമ്മദുകോയയുടെ പാർട്ടിക്കായാലും

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷം എന്നൊന്നും പറയുന്നില്ല. അവർക്കുംകൂടി അഭിമാനിക്കാൻ അവകാശമുണ്ട്. ഈ നിയമനിർമ്മാണത്തിനെല്ലാം അവർ പങ്കെടുത്തിട്ടുണ്ട്.

ശ്രീ. ബേബി ജോൺ: ഈനിയമനിർമ്മാണത്തെ ഒരിക്കലും അവർ എതിർത്തിട്ടില്ല.

ശ്രീ. എം. വി. രാഘവൻ: പലതിനും അവർക്ക് എതിർപ്പുണ്ട്. സി.പി.ഐ. കാർക്കും മാർക്സിസ്റ്റുകാർക്കും റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിക്കാർക്കും കോൺഗ്രസ്സുകാർക്കും ഇതിൽ അഭിമാനിക്കാം. ഈ രാജ്യത്തെ കർഷക പ്രസ്ഥാനത്തിന്റെ ശക്തികൊണ്ട് ആണ് അത് നടന്നത്. പ്രത്യേകിച്ചും കേരളത്തിൽ. പാർട്ടികളുടെ ഗുണംകൊണ്ടു മാത്രമല്ല ഈ രാജ്യത്തിലെ കർഷകസംഘടനകളുടെ ശക്തികൊണ്ടാണ് കേരളത്തിൽ അത് നടന്നത്. കേരളം ഒഴികെയുള്ള ഒരു സംസ്ഥാനത്തിലും കൃഷിക്കാരന്റെതായി ഭൂമി മാറിയിട്ടില്ല. ഇപ്പോഴും അതേപ്പറ്റി പലവിധത്തിലുള്ള ആലോചനകളും നടക്കുന്നതേയുള്ളു. പശ്ചിമബംഗാളിലാണ് ആ കാര്യത്തിൽ അടുത്തകാലത്തായിട്ട് കുറച്ച് പുരോഗതി വന്നുകൊണ്ടിരിക്കുന്നത്. ആ കർഷകപ്രസ്ഥാനത്തിന്റെ സമരത്തിന്റേയും പ്രക്ഷോഭണത്തിന്റേയും ചരിത്രത്തിൽ ആവേശം കൊള്ളുന്ന സഖാവ് ബേബി ജോണും ഞങ്ങളും എല്ലാംതന്നെ അതിനെ പിന്തിരിപ്പിക്കാൻ ശ്രമിക്കേണ്ട എന്നേ ഞാൻ പറയുന്നുള്ളു. അതിന്റെ മുന്നോട്ടുള്ള പോക്കിൽ പിന്തിരിപ്പിക്കരുത്. പുതിയ ഒരു കാലാവസ്ഥയാണ്. എല്ലാവരും പുതിയതായി ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. അങ്ങനെ ആലോചിച്ചാൽ കേരളത്തിൽ ഒരു ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വളർച്ചയാണ് ഉണ്ടാകാൻ പോകുന്നത്. അത്തരം ഒരു കാലഘട്ടത്തിൽ പിന്നോട്ട് പോകരുത്, മുന്നോട്ടുതന്നെ പോകണം. അങ്ങനെ മുന്നോട്ടുപോകുന്നതിന് ഇത് പോര. പാട്ടബാക്കിയെന്നുള്ളത് റദ്ദാക്കണം. പാട്ടബാക്കി കിട്ടാത്തതുകൊണ്ട് ആരെങ്കിലും തൂങ്ങിമരിക്കുന്ന കേസ്സ് ഉണ്ടാവുകയാണെങ്കിൽ അപ്പോഴും നമുക്ക് വേറെ പണിയുണ്ടാക്കാം. തൂങ്ങിമരിക്കുന്നത് പല കാരണങ്ങൾകൊണ്ടാണ്. പ്രണയനിരാശകൊണ്ട് തൂങ്ങിമരിക്കാറുണ്ട്. ജോലികിട്ടാത്തതുകൊണ്ട് തൂങ്ങിമരിക്കുന്നവരുണ്ട്. മോന് ജോലി കിട്ടാൻവേണ്ടി അച്ഛൻ തൂങ്ങിമരിച്ച കേസ്സും ഉണ്ടായിട്ടുണ്ട്. ജീവിക്കേണ്ടെന്ന് തോന്നുന്നവർ തൂങ്ങിമരിക്കും. ഈ രാജ്യത്ത് ഭൂപരിഷ്കാരം നടപ്പിൽ വന്നുകഴിഞ്ഞു. അതുകൊണ്ട് ദശാബ്ദത്തിനുമുമ്പുള്ള പാട്ടബാക്കിയെക്കുറിച്ച് ഇനി പറയേണ്ട കാര്യമില്ല. അത് ഇല്ലാതാക്കേണ്ടതാണ്. ഭൂപരിഷ്കാരം എന്നു പറയുമ്പോഴും അതിന്റെ സമരത്തിലും പ്രക്ഷോഭണത്തിലും പങ്കെടുത്തിട്ടുള്ളവർ ആവേശംകൊള്ളണം. പിന്നോട്ട് പോകരുത്, ഇതിന്റെ പിന്നിൽവരുന്ന ചില ബില്ലുകളുണ്ട്. ഈ സമരത്തിൽ അഭിമാനം കൊള്ളുന്ന റവന്യൂമന്ത്രി അത് അവതരിപ്പിക്കാതിരിക്കട്ടെയെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ രാജ്യത്തെ കർഷകപ്രസ്ഥാനത്തിന്റെ ചരിത്രം പറഞ്ഞാൽ കയ്യൂരിലുള്ള കൃഷിക്കാർ ഭൂമിക്കുവേണ്ടിയുള്ള സമരത്തിൽ തൂക്കുമരത്തിൽ കയറിയിട്ടുണ്ട്. ഒരിഞ്ചു ഭൂമിയ്ക്കുവേണ്ടി പടപൊരുതി തൂക്കുമരത്തിൽ കയറിയിട്ടുള്ള കയ്യൂരിലെ ധീരരായിട്ടുള്ള ആ വീരൻമാരുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന ഒരു പ്രസ്ഥാനം കേരളത്തിൽ ഉണ്ട്. ഈ രാജ്യത്തെ കാർഷികനിയമത്തെ പിന്തിരിപ്പിക്കാൻ വേണ്ടിയുള്ള ശ്രമം നിങ്ങൾ ഉപേക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്, ആ പ്രസ്ഥാനത്തിൽ അഭിമാനംകൊള്ളുന്നവർ എല്ലാം അതെപ്പറ്റി ചിന്തിക്കണം. അതുകൊണ്ടാണ് ഞാൻ പറയുന്നത് പാട്ടബാക്കി എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്ന ഈ വ്യവസ്ഥതന്നെ ഇല്ലാതാകണമെന്ന്. പത്തുകൊല്ലം മുമ്പുള്ള പാട്ടബാക്കി തിരിച്ചടയ്ക്കണമെന്നുള്ള ഏർപ്പാട് നിലനിന്നുകൂടാ. ഇന്ന് നിലവിലുള്ള നിയമത്തിൽ നിന്ന് പിന്നോട്ടുപോകുന്ന ഒരു പരിതഃസ്ഥിതി ഉണ്ടായിക്കൂടാ. അങ്ങനെയുള്ള പരിതഃസ്ഥിതി സൃഷ്ടിക്കരുത്. കയ്യൂരിലും പുന്നപ്ര വയലാറിലും കാവുമ്പായിയിലും മരിയൻകുന്നിലും അതുപോലെതന്നെ നൂറ് നൂറ് സ്ഥലങ്ങളിൽ കേരളത്തിലെ കൃഷിക്കാർ ഭൂമിയ്ക്കുവേണ്ടി പൊരുതി മരിച്ചിട്ടുണ്ട്. അങ്ങനെ പൊരുതി മരിച്ചത് ഈ രാജ്യത്തിലെ മിച്ചഭൂമിയുള്ള ജന്മിമാരെ രക്ഷിക്കാൻ വേണ്ടിയല്ല, ഈ രാജ്യത്തിൽ നിലവിലുള്ള കാർഷികനിയമത്തെ പിന്നോട്ട് തിരിക്കാൻവേണ്ടിയല്ല. അതിന് ഈ രാജ്യത്തെ ജനങ്ങളം അനുവദിക്കുകയില്ല. ഏത് പാർട്ടി അതിനുവേണ്ടി ശ്രമിച്ചാലും ഈ രാജ്യത്തെ ജനങ്ങളം അതിന് അനുവദിക്കുകയില്ല. മുഴുവൻ പാട്ടബാക്കി റദ്ദു ചെയ്യുന്നില്ലെങ്കിൽ ഇതിന്റെ പരിധി മൂവായിരം എന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കണം. ഇതിന്റെ പരിധി അയ്യായിരമെന്നോ ആറായിരമെന്നോ ആക്കിയാൽ കുറെക്കൂടി നന്നായിരിക്കും. ആ കാര്യമെങ്കിലും ഈ ബില്ല് പാസ്സാക്കുന്നതിനുമുമ്പ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാർഷിക പരിഷ്ക്കാരത്തിൽ അഭിമാനംകൊള്ളുന്ന ഈ കേരളത്തിൽ അതിനെ പിന്തിരിപ്പിക്കാനുള്ള ഒരു നിയമം കൊണ്ടുവരരുതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകളം അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഇവിടെ അവതരിപ്പിച്ച ഈ ബില്ലിന്റെ പല വശങ്ങളെസംബന്ധിച്ച് പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ അഭിപ്രായം പറയുകയുണ്ടായി. ഇതിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പല ബഹുമാനപ്പെട്ട അംഗങ്ങളും അഭിപ്രായ പ്രകടനം നടത്തിയമാതിരി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്ന പാട്ടബാക്കി പൂർണ്ണമായി റദ്ദാക്കത്തക്ക രീതിയിലുള്ള പുരോഗമനപരമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നെങ്കിൽ അത് സ്വാഗതാർഹമായിരുന്നു. നിലവിലുള്ള നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവന്ന് അത് പരിമിതപ്പെടുത്തിക്കൊണ്ട് സാധിച്ചെടുക്കാമെന്ന് വിചാരിക്കുന്നത് ശരിയല്ല. ഒരുപക്ഷേ മന്ത്രി പറയുമായിരിക്കാം ഇന്നു നിലവിലുള്ള നിയമത്തിൽ പരിധി ഉയർത്തിയതുകൊണ്ട് ഏറ്റവുംതാണ തരത്തിൽപ്പെട്ട, താഴേക്കിടയിൽ ഉള്ളവർക്ക് മെച്ചം കിട്ടുമെന്ന്. അങ്ങനെയാണെങ്കിൽ ഇതിന്റെ മൂലനിയമംതന്നെ നമ്മം പാസ്സാക്കി എടുത്തതിനു ശേഷം നടപ്പിൽ വരുത്തുമ്പോം കണ്ടിട്ടുള്ള പോരായ്മകളെങ്കിലും ഇതിൽ പരിഹരിക്കാൻശ്രമിക്കേണ്ടതായിരുന്നു. ഇതിന്റെ മറ്റു പുരോഗമനപരമായ വശങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഞാൻ ഒരു ഉദാഹരണം പറയാൻ ആഗ്രഹിക്കുകയാണ്. ഇതിലെ ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള കേസിനുവേണ്ടി കേസ് കൊടുത്ത് ഡിക്രി ആകുമ്പോം ഡിക്രി ആയിട്ടുള്ളത് മറ്റൊരു കാരണത്താൽ അംഗീകരിക്കരുത് എന്നു പറയുന്നതിന് തുല്യമാണ് ഇതിലെ വകുപ്പ്. ചില കടങ്ങളിൽ ഉത്തമർണ്ണൻ അധമർണ്ണനു എതിരായി കോടതികളിൽ പോകാത്ത സംഭവങ്ങം ഉണ്ട്. ഉദാഹരണം മലബാർ ഭാഗങ്ങളിലൊക്കെ ''ഉണ്ടറുതി'' സമ്പ്രദായം ഉണ്ട്. പത്തോ ഇരുപതോ തെങ്ങ് ഒരു പുരയിടത്തിൽ ഉണ്ടെങ്കിൽ ആ തെങ്ങിൽനിന്നുള്ള ഫലം ഒന്നോ രണ്ടോ കൊല്ലത്തേക്ക് വളരെ കുറഞ്ഞ തുക നാളികേരത്തിന്റെ വില കണക്കാക്കി മുൻകൂട്ടിക്കൊടുത്ത് ഫലം എടുക്കാനുള്ള അവകാശം കൊടുക്കും. അങ്ങനെ 'ഉണ്ടറുതി'ക്ക് തെങ്ങുകം കിട്ടിയിട്ടുള്ള ആം ഒരിക്കലും കോടതിയിൽ പോകുകയില്ല. അയാംക്ക് ഇത് നീട്ടിക്കൊണ്ടുപോകുന്നതാണ് ആവശ്യം. അതേസമയം ഇത് കൊടുത്തിട്ടുള്ള ഉടമസ്ഥനും

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ പോകാനുള്ള വ്യവസ്ഥകളും ഇല്ല. ഈ മാതിരിയുള്ള ചില പോരായ്മകളും ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്. സിവിൽ കോടതിയിലോ മറ്റു കോടതികളിലോ ഈ കടത്തിനുവേണ്ടി കേസ്സ് കൊടുത്താൽ അത് എടുക്കരുതെന്നേ പറയുന്നുള്ളു. കടങ്ങളിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയുള്ള പുതിയ ഒരു വകുപ്പ് മൂലനിയമത്തിന്റെ പ്രവർത്തനങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞ പോരായ്മകളും പരിഹരിക്കുക എന്നുള്ളതും ഈ ബില്ലിൽ ഉണ്ടാകേണ്ടതായിരുന്നു. അത്തരത്തിലുള്ള ഒരു ഭേദഗതി, വളരെ പെറിയ ഭേദഗതിവരുത്താൻ സാധിക്കുമോ എന്നും നോക്കേണ്ടതായിരുന്നു.

രണ്ടാമതൊരു കാര്യം ഈ മൂവായിരം രൂപയുടെ പരിധി എന്നു പറഞ്ഞിട്ട് പാട്ടബാക്കിയും കൂടി ചേർക്കുമ്പോൾ ചില ആളുകൾക്ക് അവർക്ക് ലഭ്യമായിരുന്ന ഗുണം കുറവുവരാനും ഇടയുണ്ട്. ഒരുതരത്തിൽ മൂവായിരം രൂപയുടെ കടവും മറ്റൊരുതരത്തിൽ പണയം വച്ച കടവും ഉണ്ടായിരുന്ന ഒരാൾക്ക് ആ മൂവായിരം രൂപയിൽനിന്ന് രക്ഷകിട്ടിയെന്നു വയ്ക്കുക. എന്നാൽ അയാൾക്കുതന്നെ 1,500 രൂപയുടെ പാട്ടബാക്കി ഉണ്ടെന്നുവയ്ക്കുക. ആ മൂവായിരവും അതിനോട് 1,500 കൂടി കൂട്ടിയാൽ 4,500 ആയി. 1,500 രൂപ മൂവായിരത്തിനോട് ക്ലബ് ചെയ്തിരുന്നില്ല എങ്കിൽ മൂവായിരം രൂപയ്ക്കുള്ള ആശ്വാസം കിട്ടുമായിരുന്നു. ഇപ്പോൾ പാട്ടബാക്കി കൂടിചേർത്ത് എന്നു പറഞ്ഞാൽ 4,500 ആയതുകൊണ്ട് അയാൾക്ക് ഇതിന്റെരക്ഷ കിട്ടാതായി ഇങ്ങനെയുള്ള രണ്ടുമൂന്നു പ്രശ്നങ്ങൾ—ഈ ബില്ലിൽ അമൻറ്മെൻറ് കൊണ്ടുവരുന്ന അവസരത്തിൽ, അതിൽനിന്ന് ഉത്ഭൂതമാകുന്ന. കാര്യങ്ങൾ—മന്ത്രിയുടെ ശ്രദ്ധയിൽ വരേണ്ടതാണ്. അദ്ദേഹം അത് സമ്മതിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ബിൽകൊണ്ട് ഗുണം കിട്ടിയിരുന്ന ആളുകൾക്ക് അത് ഇല്ലാതാകരുത്. ഈ ബില്ലിന്റെ പരിധിയിൽനിന്ന് വിട്ടുപോകുന്നതും മൂവായിരം രൂപ മറ്റുതരത്തിൽ കടം ഉണ്ടാകുകയും 1,000 രൂപ പാട്ടബാക്കി വരികയും ചെയ്താൽ 4,000 രൂപയുടെ കടക്കാരനായി. ആ കടക്കാരന് ഈ ബിൽ ബാധകമാകുകയില്ല. അങ്ങനെ വരുന്ന അവസരത്തിൽ ആർക്ക് ഈ ബിൽകൊണ്ട് ഗുണം ഉണ്ടായിരിക്കുമോ അതിൽ ഒരു വിഭാഗം ആളുകൾ ഇതിന്റെ പരിധിയിൽനിന്ന് പോകുകയും പാട്ടബാക്കി മാത്രമല്ല മറ്റു കടങ്ങളും വെട്ടിക്കുറയ്ക്കപ്പെടാതിരിക്കുകയും ഇതു മുഴുവനും അടച്ചുതീർക്കേണ്ട സ്ഥാബിലേക്ക് അയാൾ കയറിപ്പോകുകയും ചെയ്യുന്നുണ്ട്. ഇത് പൂർണ്ണമായിത്തന്നെ, ഇതുവരെ കിട്ടിയിരുന്ന പല ആനുകൂല്യങ്ങളും, ഡെബ്റ്റ് റിലീഫ് ആക്ടിന്റെ പരിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ—ഇല്ലായ്മ ചെയ്യുകയും കുറെ ആളുകളെ അതിന്റെ പരിധിയിൽനിന്ന് തള്ളപ്പെടുകയും ചെയ്യുന്നു എന്ന കാര്യം കണക്കിലെടുത്തുകൊണ്ട് അതു പരിഹരിക്കാനാവശ്യമായ ഭേദഗതി കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നപേക്ഷിക്കുകയാണ്. ആർക്ക് ഇതുകൊണ്ട് ഗുണം കിട്ടണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ അവർക്ക് മുഴുവനും ഗുണം കിട്ടണമെങ്കിൽ ഈ തെറ്റായിട്ടുള്ള അല്ലെങ്കിൽ അറിയാതെ വന്നു ചേർന്നിട്ടുള്ള ഈ പോരായ്മ തിരുത്തണം.

പാട്ടബാക്കി മുഴുവനും എഴുതിതള്ളാനോ അത് ഇൻസ്റ്റാൾമെൻറായി കൊടുക്കാനോ, കർഷകർക്ക് ഗുണം കിട്ടാനോ ഉള്ള കാര്യങ്ങളെക്കുറിച്ചുതന്നെ സമഗ്രമായ മറ്റു നിയമങ്ങളും ഇവിടെ കൊണ്ടുവരാമെന്ന് മന്ത്രി പറയുകയുണ്ടായി. സർ, എന്റെ സ്നേഹിതൻ ശ്രീമാൻ രാഘവൻ ഇവിടെ ചൂണ്ടിക്കാണിച്ചു. ഈ 1969 മുതൽ 1979 വരെയുള്ള പത്തുകൊല്ലത്തിനുള്ളിൽ പുനരിഷ്ക്കരണനിയമം നടപ്പിൽ വരുത്തുമ്പോൾ നമുക്ക് ഉണ്ടായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുഭവങ്ങൾ പാവപ്പെട്ടവനും കൃഷിക്കാരനും ആ നിയമത്തിന്റെ പരിധിയിൽനിന്ന് രക്ഷകിട്ടാതെ പോയിട്ടുണ്ടെങ്കിൽ—തെറ്റായ നടപടികൊണ്ട് രക്ഷകിട്ടാതെ പോയിട്ടുണ്ടെങ്കിൽ—അതെല്ലാം ഇല്ലായ്മ ചെയ്തുകൊണ്ട് അവർക്ക് പൂർണ്ണമായ സംരക്ഷണം നൽകത്തക്കവിധത്തിൽ കൂടുതൽ പുരോഗമനപരമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് കാലതാമസം വന്നിരിക്കുന്നു. അതുകൊണ്ട് ഈ ഡെബ്റ്റ് റിലീഫ് ആക്ടിൽ ചെറിയ ഒരു അമൻറ്മെൻറ് കൊണ്ടുവന്നാൽ ഇതെല്ലാം മെച്ചപ്പെടുമെന്നു പറയുന്നതിനു പകരം സമഗ്രമായി കാരായ്മ കുടിയാൻമാരുടേയും കാണക്കുടിയാൻമാരുടേയും പാട്ടബാക്കി മുഴുവൻ റദ്ദ് ചെയ്യുന്നതിന്റെ എല്ലാ കാര്യങ്ങളെക്കുറിച്ചും മന്ത്രി ഇവിടെ പറഞ്ഞമാതിരി ഈ സമ്മേളനത്തിൽവച്ചുതന്നെ നിയമം കൊണ്ടുവരികയും അതോടുകൂടി ഇഷ്ടദാനം തുടങ്ങിയ പിൻതിരിപ്പൻ നടപടികൾ സ്വീകരിക്കാത്തവിധത്തിലുള്ള പുതിയ പുരോഗമനപരമായ കാര്യങ്ങളുടെ നടപടികൾ അംഗീകരിക്കുകയും ചെയ്യണം. അതിന്റെ മുന്നോടിയാണ് ഈ ഭേദഗതി നിയമം എന്ന് ഞാൻ വിശ്വസിക്കുന്നു; ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബേബിജോൺ : സർ, സഭയുടെ എല്ലാ ഭാഗത്തുനിന്നും ഈ ബില്ലിനെ സംബന്ധിച്ചുള്ള പരാമർശനങ്ങൾ, ഇതിന്റെ പരിമിതമായ ആശ്വാസ നടപടികൾ അത് കൂടുതൽ വിപുലമാക്കണം, കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഉള്ള മാറ്റങ്ങൾ വരുത്തണം എന്ന രീതിയിലാണ്. ഗവൺമെൻറിനും ആ അഭിപ്രായമുണ്ട്. അതിന് ഉപോൽബലകമായ ചില കണക്കുകളും ചിലർ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾക്ക് ഒന്നൊന്നായി മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കർഷകരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കാർഷിക മേഖലയുടെ പ്രശ്നങ്ങൾ സങ്കീർണ്ണങ്ങളാണ്. ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പരമാവധി പരിശ്രമങ്ങൾ നടത്തേണ്ടതായിട്ടുണ്ട്, അതിനു പ്രത്യേക തരത്തിലുള്ള നിയമം കൊണ്ടുവന്നു പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകാമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. ഒരു ദിവസംകൊണ്ടോ, കുറഞ്ഞൊരു കാലം കൊണ്ടോ പരിഹരിക്കുന്നതിനു സാധിക്കത്തക്ക വിധത്തിൽ ആയിരിക്കുകയില്ല കാർഷിക പ്രശ്നം. പാട്ട ബാക്കിയെ സംബന്ധിച്ചുള്ള ചർച്ചയിൽ എന്റെ ചില സ്നേഹിതൻമാർ മറ്റു കടങ്ങൾ, ഗവൺമെൻറിന്റെ കടങ്ങൾ ഇതെല്ലാം തന്നെയും ഇതിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരണമെന്നും അത് എഴുതിത്തള്ളണമെന്നുമുള്ള ആവശ്യം ഉന്നയിച്ചു. മഹാരാഷ്ട്രയിൽ അങ്ങനെയൊരു നിയമം ഉണ്ടെന്നോ ബഹുമാനപ്പെട്ട എസ്തോസ് പറയുകയുണ്ടായി. സർ, നമ്മുടെ സംസ്ഥാനത്തിലെ സാമ്പത്തിക സ്ഥിതി നമ്മൾ ശ്രദ്ധിക്കണം. ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ആശ്രയിച്ചാണ് ഗവൺമെൻറിന്റെ സാമ്പത്തിക സ്ഥിതി. ആ സാമ്പത്തിക സ്ഥിതിക്കുള്ളിൽനിന്നുകൊണ്ട് ഗവൺമെൻറിൽനിന്നും കൊടുക്കുന്ന വായ്പ എന്നിവ എഴുതിത്തള്ളുക എന്നുള്ളത് എത്ര സുന്ദരമായ അഭിപ്രായമാണെങ്കിലും ഇന്നത്തെ നിലയിൽ പ്രായോഗികമാണോ എന്ന് വസ്തു നിഷ്ഠമായി പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. നികുതിയാണ് നമ്മുടെ സംസ്ഥാന ഗവൺമെൻറിന്റെ പ്രധാന വരുമാനമെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന സത്യമാണ്. പുരോഗമനപരമായ പരിപാടികളിൽ നാം വളരെ കാര്യമായി മുന്നോട്ടു പോയിട്ടില്ല. നമ്മുടെ സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം നികുതിയെ ആശ്രയിച്ചാണ് നാം കഴിയുന്നത്. പിന്നെയും ഈ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും കൂടുതലായി കൊടുക്കണമെന്നു വരികിൽ മറ്റൊരു രീതിയിൽ ബഹുജനങ്ങൾക്ക് നികുതിഭാരം വർദ്ധിപ്പിക്കേണ്ടതായി വരും. ആ സ്ഥിതിഗതികളും കണക്കിലെടുത്തുകൊണ്ടുവേണം നാം ഇതേക്കുറിച്ച് പറയേണ്ടത്. ഈ ആക്ടിന്റെ പ്രധാന ഉദ്ദേശം എല്ലാവരുടേയും കടം എല്ലാ സ്ഥാപനങ്ങൾക്കും ഉള്ള കടം പൂർണ്ണമായി ഒഴിവാക്കുക എന്നുള്ളതാണല്ലോ. വളരെയേറെ ബഹുജന പ്രസ്ഥാനങ്ങൾക്ക് സ്വാധീനമുള്ള ഈ സംസ്ഥാനത്തെ ജനങ്ങളും, വളരെ ശക്തിയായ രാഷ്ട്രീയ പ്രവർത്തനങ്ങളുള്ള ഈ സംസ്ഥാനത്തെ ജനങ്ങളും ഇന്ന് അന്യായ പലിശ കൊടുക്കുന്നുണ്ട്. ഗവൺമെന്റ് ശേഖരിച്ച സ്ഥിതിവിവരക്കണക്കനുസരിച്ച് ഇന്ന് കേരളത്തിൽ നൂറുശതമാനവും അതിലും കൂടുതൽ പലിശ കൊടുക്കുന്ന പ്രദേശങ്ങളും ഉണ്ട്. അങ്ങനെയുള്ള അന്യായ പലിശ കൊടുക്കേണ്ടിവരുന്ന ആളുകളെ, ഈ പാവപ്പെട്ട കർഷകരെ കഴിയുന്നത്ര രക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നത്.

മുൻപ് നമ്മുടെ സംസ്ഥാനത്ത് ഒരു നിയമം ഉണ്ടായിരുന്നു; അഗ്രിക്കൾച്ചറൽ ഡെട്ട് റിലീഫ് ആക്ട്, 1970. ആ നിയമത്തിൽ കർഷകർക്ക് ചില ആശ്വാസ നടപടികളും പാട്ടബാക്കിയെ സംബന്ധിച്ചും ഉള്ള വ്യവസ്ഥകളും ഉണ്ടായിരുന്നു. അതിനുശേഷം കൊണ്ടുവന്നത് അഗ്രിക്കൾച്ചറൽ ഡെട്ട് റിലീഫ് ആക്ട് എന്ന പേരു മാറ്റി ഡെട്ട് റിലീഫ് ആക്ട് എന്ന പേരു കൊടുത്തു കൊണ്ടാണ്. നമ്മുടെ സമൂഹത്തിൽ കർഷകനെന്നോ അല്ലെന്നോ ഉള്ള വ്യത്യാസം കൂടാതെ ഏറ്റവും പിന്നോക്കം നിൽക്കുന്നതും കൂടുതൽ സാമ്പത്തിക പ്രയാസങ്ങളും അനുഭവിക്കുന്നതുമായ എല്ലാ ജനവിഭാഗങ്ങൾക്കും അല്പം ആശ്വാസം ലഭിക്കണമെന്നു കരുതിയിട്ടാണ്, ഗ്രാമങ്ങളിലെ കൈത്തൊഴിലുകാർ, കർഷകത്തൊഴിലാളികളും, കൃഷിക്കാർ എന്നിങ്ങനെ എല്ലാ ജനവിഭാഗങ്ങൾക്കും അവരുടെ ഋണബാദ്ധ്യതയിൽനിന്ന് അല്പം ആശ്വാസം നൽകണമെന്നുള്ളതുകൊണ്ടാണ് ആ നിയമം കൊണ്ടുവന്നത്. മൂവായിരവും അതിനുതാഴെയും സംഖ്യ കടം ഉള്ളവരുടെയും കാര്യം ഞാൻ പാട്ടബാക്കിയെ സംബന്ധിച്ചു വരുമ്പോൾ പറയാം. അത് പാട്ടബാക്കിയെ സംബന്ധിച്ചുള്ള കണക്കുകളൊക്കെയാലും വരുമാനം വർദ്ധിപ്പിക്കണമെന്നു പറയുന്നതിനോട് ഒരു എതിർമനോഭാവം പ്രകടിപ്പിക്കാൻ ഞാൻ ഒരുക്കമല്ല. എങ്കിലും നമ്മുടെ സംസ്ഥാനത്ത് പൊതുവായ സ്ഥിതി മനസ്സിലാക്കിക്കൊണ്ടുവേണം അങ്ങനെയുള്ള നിർദ്ദേശം വയ്ക്കേണ്ടത്. കർഷകത്തൊഴിലാളികൾക്ക് ഇപ്പോൾ കിട്ടുന്ന കൂലി, ഭൂമിയിൽനിന്നും കിട്ടുന്ന ആദായം ഇതൊക്കെയാഥാർത്ഥ്യങ്ങളുമായി എന്തുമാത്രം പൊരുത്തമുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് എനിക്ക് സംശയമുണ്ട്. എന്റെ സംശയം തെറ്റാണെങ്കിൽ തിരുത്താൻ ഞാൻ തയ്യാറാണ്. പക്ഷെ 1978–ലെ എക്കണോമിക് റിവ്യൂവിൽ നമ്മുടെ കൊച്ചു സംസ്ഥാനത്ത് പോവർട്ടിലൈൻ 62 ശതമാനത്തിന് താഴെയാണ് ഉള്ളത് എന്നാണ് പറഞ്ഞിരിക്കുന്നത്. 62.25 ആണ് പോവർട്ടിലൈൻ. അങ്ങനെയുള്ള ഒരു സംസ്ഥാനം മൂവായിരം ഉറുപ്പികയ്ക്കു താഴെ വരുമാനമുള്ള ആളുകൾക്ക് ലഭിക്കുന്ന ആശ്വാസം ബഹുഭൂരിപക്ഷം ആളുകൾക്ക് ലഭിക്കുകയില്ലെന്ന വാദഗതി എങ്ങനെ പൊരുത്തപ്പെടാൻ സാധിക്കുമെന്ന് ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പാട്ടക്കുടിയാൻമാരായ ആളുകളുടെ കണക്കാണ് പറഞ്ഞത്. അങ്ങനെയുള്ള ആളുകൾക്കാണ് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതികൊണ്ട് ഗുണം കിട്ടേണ്ടത്. പോവർട്ടിലൈൻ ഇവിടെ അപ്രസക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഞാൻ ഈ ഡെപ്യൂ റിലീഫ് ആക്ടിന്റെ മൊത്തത്തിലുള്ള സ്വഭാവത്തെക്കുറിച്ചാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെംബർ പറഞ്ഞു, പാട്ടക്കുടിയാൻമാരുടെ കാര്യം എടുക്കണമെന്ന്. ഒരു ഏകദേശ കണക്കാണ് ഈ 25 ലക്ഷം എന്ന് പറഞ്ഞത്. പൂർണ്ണമായിട്ടില്ല. 25 ലക്ഷത്തോളം കുടിയാൻമാരും ഭൂമിയുടെ ഉടമസ്ഥരായിമാറിയിട്ടുണ്ടെന്ന് അറിയാം. 20 ലക്ഷം ഏക്കർ ഭൂമി മാത്രമാണ് അവർക്ക് കിട്ടിയിട്ടുള്ളതെന്നാണ് അത് സൂചിപ്പിക്കുന്നത്. 25 ലക്ഷത്തോളം കുടിയാൻമാർ ഭൂമിയുടെ ഉടമസ്ഥൻമാരായി മാറിയപ്പോഴും അവർക്കെല്ലാപേർക്കും കൂടി കിട്ടിയിരുന്ന ഭൂമി 20 ലക്ഷം ഏക്കറിനു താഴെയാണ്. അതിന്റെ അർത്ഥം ഈ സംസ്ഥാനത്ത് കുടിയാൻമാരുടെ അവകാശം കിട്ടിയിട്ടുള്ളതിൽ ബഹുഭൂരിപക്ഷം ആളുകളും ഒരേക്കറിനുതാഴെ ഭൂമി കിട്ടിയിട്ടുള്ളവരാണ്. ബഹുമാനപ്പെട്ട മെംബർ പറയുന്നത് ഒരേക്കറിനുതാഴെമാത്രം ഭൂമിയുള്ള ഈ നാട്ടിലെ സാധാരണ കർഷകർ 3000 ഉറുപ്പികയിൽ കൂടുതൽ വരുമാനം ഉള്ളവരാണെന്നാണോ. എനിക്ക് ആ വാദഗതിയിൽ യോജിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഇങ്ങനെ മന്ത്രി പറയുന്നതുകൊണ്ട് കാര്യമില്ല. ഒരേക്കറിനു താഴെ ഭൂമിയുള്ളവന് 3000 ഉറുപ്പിക വരുമാനവും അര ഏക്കർ ഉള്ളവന് 300 ഉറുപ്പിക വരുമാനവും കിട്ടാത്തവരും ഉണ്ട്. 3000 ഉറുപ്പികയിൽ കൂടുതൽ വരുമാനം കിട്ടുന്ന ഒരേക്കർ ഭൂമിയും കേരളത്തിലുണ്ട്.

ശ്രീ. ബേബിജോൺ: 20 ലക്ഷത്തോളം ഏക്കർ ഭൂമിയാണ് 25 ലക്ഷത്തോളം പാട്ടക്കുടിയാൻമാർക്കു കിട്ടിയിട്ടുള്ളത്. അപ്പോഴും ശരാശരി നോക്കിയാൽ ഒരേക്കറിൽ കുറവായിരിക്കും ബഹുഭൂരിപക്ഷം ആളുകൾക്കും കിട്ടുന്നത്. കുറച്ച് ആളുകൾക്ക് അതിൽ കൂടുതലും കിട്ടിക്കാണും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: 20 ലക്ഷത്തിനുതാഴെ ഭൂമിയുള്ളവരുടെ കാര്യമാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി കടാശ്വാസം നിശ്ചയിച്ചിട്ടുള്ള ഈ 3000 ഉറുപ്പിക എന്നു പറയുന്നത് കാർഷിക വരുമാനം മാത്രമാണോ? അതല്ല എല്ലാ വരുമാനങ്ങളുംകൂടി 3000 ഉറുപ്പിക, ഏതാണ് വരിക?

ശ്രീ. ബേബിജോൺ: സർ, അത് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി പറയുന്നത് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അത്തരം വരുമാനം എല്ലാംകൂടി എടുക്കുമ്പോഴും 3000–ൽ കൂടുതൽ ആകും. അങ്ങനെ കൂടുതലുള്ള ആളുകൾക്കുംകൂടെ ആശ്വാസം വേണം എന്നാണ് ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം. ഞാൻ വസ്തുതകൾ വിശദീകരിക്കാൻ ശ്രമിക്കുന്നേയുള്ളൂ. അങ്ങനെയാണ് നമ്മുടെ നാട്ടിലെ ഇന്നത്തെ സ്ഥിതി. ബഹുമാനപ്പെട്ട മെംബർമാരുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. ബഹുമാനപ്പെട്ട എസ്തോസ് പറഞ്ഞു മഹാരാഷ്ട്രയിൽ 3600 രൂപ വരെയാണ് ഇൻകം വച്ചിരിക്കുന്നതെന്ന്. സർ, ഞാൻ അതൊന്ന് ആലോചിച്ചു നോക്കി. നേരത്തെ സഭയുടെ എല്ലാഭാഗത്തുനിന്നും ഇതുപോലെയുള്ള അഭിപ്രായം വന്നതോടുകൂടി അതൊന്നു പരിശോധിക്കാമെന്നു ഞാൻ വിചാരിച്ചു. ഇപ്പോൾ അതിന് ആവശ്യമായ ഭേദഗതി കൊണ്ടുവരാൻ ബുദ്ധിമുട്ടാണ്. ആശയം ഉൾക്കൊള്ളുവാനുള്ള വൈമനസ്യം നിയമപരമായ തടസ്സമാണ്. ഈ 3000 ഉറുപ്പിക എന്നുള്ളതിന്റെ പരിധി വർദ്ധിപ്പിക്കണമെങ്കിൽ അതിനെസംബന്ധിച്ച് മുൻകൂറായി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ട് മൂലനിയമത്തിൽ വരുത്തേണ്ട മൗലികമായ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. തീർച്ചയായും ഇവിടെ പ്രകടിപ്പിച്ച വികാരം അതിന്റെ പൂർണ്ണമായ അളവിൽ ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിലും ഒരു പരിധിവരെ ഉൾകൊള്ളാം. ബഹുമാനപ്പെട്ട ശങ്കരൻകുട്ടി പറയുന്നത് മറ്റൊരു വശമാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മൂല നിയമത്തിൽ 3000 ഉറുപ്പിക വരെയുള്ള കടം എന്നു പറഞ്ഞു. ഇപ്പോൾ മനസ്സിലാക്കേണ്ടത് ഈ പാട്ട ബാക്കികൂടി കൂട്ടിയാൽ അത് 3000 ഉറുപ്പികയിൽ കവിഞ്ഞുപോയാൽ മൂലനിയമത്തിൽനിന്ന് ഗുണം കിട്ടിയിരുന്ന പലരും ഇതിൽനിന്നും ഒഴിവാക്കപ്പെടുകയാണ്.

ശ്രീ. ബേബിജോൺ: ഇതിന്റെ അപാകതകളും കഴിയുന്നത്ര ഒഴിവാക്കാൻ നമുക്ക് ശ്രമിക്കാം. ഇതു പൂർണ്ണമായി വേറെ ഒരു നിയമനിർമ്മാണത്തിൽ എഴുതി തള്ളാൻ സാധിക്കുമോ എന്ന് എനിക്ക് സംശയം ഉണ്ട്. ഞാൻ ഭൂപരിഷ്ക്കരണ നിയമത്തിൽ ഉൾക്കൊള്ളാത്ത കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. ഇന്ന് നിലവിലിരിക്കുന്ന സാഹചര്യങ്ങളും വച്ചുകൊണ്ട് ഭൂപരിഷ്ക്കരണനിയമത്തിൽ ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്ന് ഈ പാട്ട ബാക്കി മുഴുവൻ ഇല്ലാതാക്കാമെന്നും അങ്ങനെയൊരു നിയമനിർമ്മാണം നടത്താമെന്നും വിചാരിക്കുന്നത് ബുദ്ധിമുട്ടാണ്. അപ്പോഴും പ്രശ്നങ്ങളും സങ്കീർണ്ണമാകുമെന്നുള്ള വിശ്വാസമുണ്ട്. വേഗത്തിൽ ചെയ്യാൻ കഴിഞ്ഞതും ആദ്യമായി ഗവൺമെന്റ് കണ്ടതും ഈ ദ്രുണാശ്വാസ നടപടിയുടെ എക്സംപ്ഷൻ എടുത്തു മാറ്റുകയെന്നുള്ളതാണ്. അതു വരുമ്പോഴേയ്ക്കും ആ പരിധിക്കുള്ളിൽ കൂടുതൽ പാട്ടബാക്കിയുള്ള ആളുകളെ സംബന്ധിച്ചാണ്. തീർച്ചയായും അവർക്കും ആശ്വാസം വേണമെന്നുള്ള കാര്യത്തിൽ എനിക്ക് തർക്കമില്ല. അതിനാണ് ഗവൺമെന്റ് ഈ 3000 ഉറുപ്പികയിൽ കൂടുതൽ പാട്ടബാക്കി വന്നിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കും ആശ്വാസ നടപടികളും സ്വീകരിക്കണമെന്ന് കരുതിയിട്ട് അവർ തവണകളായി അടയ്ക്കാനുള്ള ഒരു വ്യവസ്ഥ ഉൾക്കൊള്ളുന്ന ബില്ല് സർക്കുലേറ്റ് ചെയ്തത്. എന്റെ ബഹുമാന്യ സ്നേഹിതനായ കുഞ്ഞിക്കണ്ണന് ഈ ബില്ലിലെ തവണകളെക്കുറിച്ച് ആക്ഷേപമുണ്ട്. അതു മാറ്റാൻ ഞാൻ തയ്യാറാണ്. കുറച്ചുകൂടെ കൂടുതൽ സാവകാശം കൊടുക്കാനും തയ്യാറാണ്. എന്തെന്നാൽ അധികാരം വച്ചുകൊണ്ട് ഒന്നിനേറെയും മുമ്പിൽ കണ്ണടച്ച്, നിഷേധാത്മകമായ ഒരു നയം സ്വീകരിക്കണമെന്നില്ല. മറിച്ച്, ക്രിയാത്മകമായ നയം സ്വീകരിച്ച് എല്ലാ വിഭാഗങ്ങളുടേയും, എല്ലാ കക്ഷികളുടേയും സഹകരണത്തോടുകൂടി ഇതുപോലുള്ള സാമൂഹ്യക്ഷേമ പ്രവർത്തന നിയമങ്ങളും നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുന്നു. ഇവിടെതന്നെ ഒരു സൂചന വന്നു സർ, ഇത് പാട്ടബാക്കി കൊണ്ട് ജീവിക്കുന്ന ആളുകളെ കഷ്ടപ്പെടുത്തുന്നുവെന്ന്. പാട്ടബാക്കി കൊണ്ട് ജീവിക്കുന്ന ആളുകളെന്ന് പറഞ്ഞാൽ കടം എന്നുള്ളതേയുള്ളു. വർഷംതോറും പാട്ടം എന്നുള്ള ഏർപ്പാട് ഇപ്പോഴില്ല. പാട്ടംകൊണ്ട് ജീവിച്ചിരുന്നത്, 1970-നു ശേഷം അതില്ല. കുടിശ്ശികമാത്രമാണുള്ളത്. അതുകൊണ്ട് പാട്ടബാക്കികൊണ്ട് മാത്രം ജീവിക്കുന്നവർ എന്നു പറയുന്നതിനോട് എനിക്ക് യോജിക്കാൻ നിവൃത്തിയില്ല. അതൊരു കടമാണ്. ഇതിനെമാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന ആളുകളുണ്ട്. അവിടെയാണ് ആശ്വാസം വരുത്തിയത്. ഇതുപോലുള്ള ഭൂപരിഷ്ക്കരണനിയമങ്ങളും നടത്തുമ്പോൾ കുറെ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകും. ഇതൊരു സാമൂഹ്യക്രമമാണ്. ജനസമിത്ത സമ്പ്രദായം അവസാനിപ്പിക്കുന്നു. അങ്ങനെ വരുമ്പോഴേക്ക് തീർച്ചയായിട്ടും ഇതിന്റെ ഗുണം അനുഭവിക്കുന്ന ആളുകൾക്ക് അതുകൊണ്ട് ദോഷമുണ്ടാകും. പിന്നെ മനുഷ്യത്വപരമായി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് ചില നടപടികളും സ്വീകരിക്കേണ്ടിവരും. അതിനെമാത്രം ആശ്രയിച്ച് ജീവിച്ചിരുന്ന ആളുകൾക്ക് ആ വരുമാനം ഇല്ലാതായപ്പോൾ അവരെ സഹായിക്കാൻ കഴിയുന്ന നടപടികളും സ്വീകരിക്കണം. ആ നിലയിലാണ് കഴിഞ്ഞ പ്രാവശ്യം ഞാനിത് സൂചിപ്പിച്ചത്. സ്വന്തമായി തൊഴിൽ ചെയ്യാൻ—അങ്ങനെയുള്ള ആളുകളും തയ്യാറായി മുന്നോട്ടു വരുമ്പോൾ—അവർക്ക് അത്യാവശ്യം വേണ്ട സാമ്പത്തിക സഹായം ഗവൺമെൻറ് നൽകുന്നതിനും, സഹകരണസ്ഥാപനങ്ങളിൽനിന്ന് വാങ്ങികൊടുക്കുന്നതിനും, ബാങ്കുകളിൽനിന്നും വാങ്ങികൊടുക്കുന്നതിനുമുള്ള ഏർപ്പാടുകളും ചെയ്യും. അതൊന്നുമല്ലാതെ അവരുടെ പ്രയാസങ്ങളും കണ്ടിട്ട് ഈ സാമൂഹ്യ പരിഷ്ക്കരണനിയമം മാറ്റി വയ്ക്കാൻ ബുദ്ധിമുട്ടുണ്ട്, സർ, അത് ഒരിക്കലും ശരിയായ നടപടിക്രമമായിരിക്കുകയില്ല. അതുകൊണ്ട് അവരുടെ കാര്യത്തിലും, വളരെ വേഗം, ഒരു നിയമനിർമ്മാണത്തിൻെറ ആവശ്യമില്ല, ഗവൺമെൻറ് നയപരമായ തീരുമാനമെടുത്തു കഴിഞ്ഞു. എങ്ങനെ ഇത് നടപ്പിലാക്കാൻ സാധിക്കും എന്നുള്ളതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങളാണ് ഇന്ന് ഈ ചർച്ചയിൽ വന്നിരിക്കുന്നത്. അതുകൊണ്ട് ഒരു നിയമനിർമ്മാണത്തിൻെറ നടപടി ഇക്കാര്യത്തിൽ ആവശ്യമില്ല. അതുപോലെതന്നെ മറ്റ് ചില പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. സർ, ഭൂപരിഷ്ക്കാര നിയമത്തിൻെറ പ്രത്യേകതകളും നമ്മുടെ സംസ്ഥാനത്തിൻെറ പ്രത്യേകതകളുമൊക്കെതന്നെ ഇവിടെ പരാമർശത്തിന് വിധേയമായി. എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. രാഘവൻ, ഭൂപരിഷ്ക്കാര നിയമത്തിൽ നമ്മളെല്ലാം അഭിമാനം കൊള്ളുന്ന കാര്യങ്ങളെക്കുറിച്ചും, എങ്ങനെ അത് പ്രാവർത്തികമായികൊണ്ടിരിക്കുന്നു, എന്നും, കാർഷികപ്രസ്ഥാനം, ബഹുജനപ്രസ്ഥാനം,—അവരുടെയെല്ലാം ശക്തമായ പരിശ്രമം കൊണ്ടാണ് ഇതിന് രൂപമുണ്ടായത് എന്നും സൂചിപ്പിച്ചു. എനിക്ക് അതിൽ രണ്ടഭിപ്രായമില്ല. ഏത് സാമൂഹ്യപരിഷ്ക്കാര നിയമമായാലും സാമൂഹ്യസമ്മർദ്ദം ഉണ്ടാകണം ഫലപ്രദമായി നടപ്പിലാക്കാൻ ആരുടെയും കാരുണ്യംകൊണ്ട് അവശതയനുഭവിക്കുന്ന ജനവിഭാഗത്തിൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുകയില്ല. മറിച്ച് ജനവിഭാഗങ്ങളുടെ ശക്തമായ പരിശ്രമം, ആ പരിശ്രമത്തിൽകൂടി നേടിയെടുക്കണം. ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിൽകൂടി നേടിയെടുക്കുന്ന അവകാശങ്ങൾക്ക് എങ്ങനെയാണ് നിയമനിർമ്മാണത്തിൽ രൂപം നൽകുന്നതെന്ന് ആലോചിക്കണം. തൊഴിലാളി പ്രസ്ഥാനത്തിൻെറ കാര്യമായാലും, കാർഷികപ്രസ്ഥാനത്തിൻെറ കാര്യമായാലും തീർച്ചയായും അങ്ങനെ തന്നെയാണ്. അതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ആ നിയമത്തിൽ നിന്ന് പുറകോട്ട് പോകരുതെന്ന് സൂചനയുണ്ട്. ഒരിക്കലും പുറകോട്ട് പോകുകയില്ല സർ, യാതൊരു സംശയവുമില്ല. ഈ നിയമസഭയിൽനിന്ന് പരസ്പരം വാദപ്രതിവാദം നടത്തേണ്ട സന്ദർഭമല്ലിത്. ഇതിൽനിന്ന് പുറകോട്ട് പോകുന്ന ഭാഗമുണ്ടെങ്കിൽ അതിനെസംബന്ധിച്ച് ചർച്ച ചെയ്യാം. പുറത്തുനിന്ന് ചർച്ചചെയ്തത് ഇതിൽ എന്തൊക്കെ മാറ്റം വരുത്തണം, എങ്ങനെ മാറ്റം വരുത്തണം, എന്നുള്ള കാര്യങ്ങളെക്കുറിച്ച് ഗൗരവമായി നമുക്ക് ആലോചിക്കാം. അതുകൊണ്ട് ഈ നിയമ സഭാ വേദിയിൽ നിന്ന് ആ കാര്യത്തെക്കുറിച്ച് അങ്ങനെയൊരു വാദപ്രതിവാദം നടത്താൻ ഞാനീയവസരം ഉപയോഗിക്കുന്നില്ല, സർ.

ഞാൻ ദീർഘിപ്പിക്കുന്നില്ല സർ. തീർച്ചയായും കുറച്ചുകൂടി ആനുകൂല്യം വർദ്ധിപ്പിക്കണമെന്ന് പറയുന്നതോടൊപ്പംതന്നെ ഇങ്ങനെ സുപ്രധാനമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് നമുക്ക് കഴിഞ്ഞു എന്നുള്ളതുതന്നെ നമുക്കെല്ലാവർക്കും അഭിമാനത്തിന് വകയുള്ളകാര്യമാണ്,

LIBRARY ARCHIVES Kerala Legislative Assembly

അതാണ് ഞാൻ ആമുഖമായി പറഞ്ഞത്, ഒരു കക്ഷിയുടെ നേട്ടമോ ഗവൺമെൻറിന്റെ പ്രത്യേകമായ നേട്ടമോ ആയി ഞാൻ ഇതിനെ കാണുന്നില്ലായെന്ന്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വളർച്ചയുടെ പ്രതീകമായിട്ടാണ് ഇതുപോലുള്ള സാമൂഹ്യ പരിഷ്ക്കാര നിയമങ്ങളെ നാം കാണുന്നത്. അത് ഭൂപരിഷ്ക്കരണ നിയമമായാലും ശരി, മറ്റ് ഇതുപോലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിയമമായാലും ശരി.

സർ, അതുകൊണ്ട്, എനിക്ക് ഇതുമാത്രമേ പറയുവാനുള്ളൂ. ഈ പരിധി വർദ്ധിപ്പിക്കണമെന്ന് സൂചിപ്പിച്ചു. എത്ര എന്നതിനെ സംബന്ധിച്ച് എനിക്ക് ഖണ്ഡിതമായി പറയാൻ സാധിക്കുകയില്ല. ഞാൻ ആ സ്പിരിറ്റ് ഉൾക്കൊള്ളുന്നു. ഇപ്പോൾ ഇവിടെ ആ ഭേദഗതി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്; ചില സാങ്കേതിക തടസ്സങ്ങൾകൊണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: എത്ര വർദ്ധിപ്പിക്കുമെന്ന് പറയണ്ട. വർദ്ധിപ്പിക്കുമെന്ന് ഒരു ഉറപ്പുതരാൻ തയ്യാറുണ്ടോ?

ശ്രീ. ബേബിജോൺ: അങ്ങോട്ടുമിങ്ങോട്ടുമുള്ള ഉറപ്പിന്റെ കാര്യമല്ല ആ സ്പിരിറ്റ് ഗവൺമെൻറിനുവേണ്ടി ഞാൻ ഉൾക്കൊള്ളുന്നു എന്നു പറഞ്ഞു. പക്ഷേ സങ്കീർണ്ണമായ തടസ്സങ്ങൾകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവരാതിരിക്കുന്നതെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണെന്ന് കുശാഗ്രബുദ്ധിയായ എന്റെ കൊച്ചനുജനെപ്പോലെ ഞാൻ കരുതുന്ന ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിക്ക് അറിയാമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: കേന്ദ്രഗവൺമെൻറിന്റെ അനുമതി കിട്ടിയിട്ടുവേണം ഇതൊക്കെ പാസ്സാക്കാനെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കേന്ദ്രഗവൺമെൻറ് ഈ പരിധിക്ക് അനുമതി നൽകുകയില്ലായെന്നാണോ ബഹുമാനപ്പെട്ടമന്ത്രി കരുതുന്നത്.

ശ്രീ. ബേബിജോൺ: വലിയ ബുദ്ധിമുട്ട് കാണുകയില്ല. പക്ഷേ ഒറ്റവാക്കിൽ ഈ ഫ്ളോറിൽനിന്ന് ഒരു ഓറൽ അമൻറ്മെൻറ് അവതരിപ്പിക്കത്തക്ക രീതിയിൽ അത്ര ലളിതമല്ല. അതിനെത്തുടർന്ന് വേറെയും ചില ഭേദഗതികളും വേണ്ടിവരും. തീരുമാനമായിട്ടുള്ള കേസുകളെ സംബന്ധിച്ചും ചില ഭേദഗതികളും വേണ്ടിവരും. അതൊക്കെ കണക്കിലെടുത്തുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. പി. ഗോപാലൻ: ഡെറ്റ് റിലീഫിൽ ഭേദഗതി ആയിട്ടുള്ളതുകൊണ്ട് ഇതിൽ വരുത്തുന്ന ഭേദഗതികളും പൊതുവെ കടങ്ങൾക്ക് ബാധകമാകും. പാട്ടബാക്കി എന്നു പറയുന്നത് കടമായിട്ട് ഇതിൽ ഉൾപ്പെടുത്തുമ്പോൾ പാട്ടബാക്കിക്ക് മാത്രമായിട്ടെങ്കിലും പരിധി വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതയില്ലേ? രണ്ടും തമ്മിൽ കുറച്ച് അന്തരമുണ്ടെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ബേബിജോൺ: സർ, എനിക്കു തോന്നുന്നില്ല. നമ്മുടെ നിലവിലുള്ള നിയമോപദേശം വച്ചുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തിൽ ഇത് എങ്ങനെ ഇല്ലാതാക്കാമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചപ്പോൾ 'മണി ട്രാൻസാക്ഷൻ' കടം എന്നുള്ള നിലയാണ് വരുന്നത്, ഭൂപരിഷ്ക്കരണത്തിന്റെ ഭാഗമായിട്ടല്ലാ വരുന്നത് എന്നുള്ള നിയമോപദേശം ലഭിച്ചതുകൊണ്ടാണ് അന്ന് ഇത് ചേർക്കാതിരുന്നത്. ഇപ്പോഴും നമ്മൾ ഇത്

LIBRARY ARCHIVES Kerala Legislative Assembly

കടമായിട്ടാണ് കാണുന്നത്. കടമായി കാണുമ്പോൾ പാട്ടബാക്കി ഇത്രരൂപ എന്നല്ലാതെ കടം ഇത്രരൂപ എന്ന് പറയുന്നത് വിവേചനപരമായ സമീപന മായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് പരിധി വർദ്ധിപ്പിക്കുമ്പോൾ പാട്ടബാക്കി എന്നോ അല്ലായെന്നോ ഉള്ള വ്യത്യാസം കൂടാതെ മൊത്തത്തിൽ ആയിരിക്കും പരിധി വർദ്ധിപ്പിക്കേണ്ടിവരുന്നത്. അല്ലാതെ മറ്റേത് പ്രത്യേകമായി ചെയ്യാൻ പറ്റുമോയെന്ന് എനിക്ക് അറിയുകയില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. പി. ഗോപാലൻ ചൂണ്ടിക്കാണിച്ചമാതിരി മൂവായിരം രൂപാവരെയുള്ള എല്ലാ കടങ്ങളും നമ്മൾ എഴുതിത്തള്ളുന്ന രീതിയിൽ ഡെറ്റ് റിലീഫ് പാസ്സായ അവസരത്തിൽ മെച്ചം കിട്ടിയിരുന്ന ആളുകൾക്ക്, പാട്ടബാക്കി 500 രൂപയോ 600 രൂപയോ കൂടിയാൽ അതിൽനിന്ന് പുറത്തുപോകുന്നു എന്നുള്ള കാര്യം കണക്കിലാക്കി ഈ മൂലനിയമംകൊണ്ട് ഗുണം കിട്ടുന്നവർക്ക് രക്ഷകിട്ടാൻ വേണ്ടി പാട്ടബാക്കിയുടെ വകയിൽ ഇത്രകൂടി കൂട്ടിയെന്നുവച്ചുകൂടേ? അങ്ങനെയായാൽ അതിന് നിയമതടസ്സം ഉണ്ടാകുമോ?

ശ്രീ. ബേബിജോൺ: ശ്രീ. പി. കെ. ശങ്കരൻകുട്ടിയുടെ നിർദ്ദേശം സ്വീകരിക്കുന്നു എന്നു പറയാൻ എനിക്ക് നിവൃത്തിയില്ല. അതിന്റെ കാരണം അതിന്റെ നിയമപരമായ വശങ്ങൾ, മറ്റു വശങ്ങൾ ഇതെല്ലാം പരിശോധിച്ച് പൊതുവായ വശങ്ങൾ എന്താണെന്ന് നോക്കാതെ ഈ സഭയിൽനിന്ന് ഉറപ്പ് നൽകുന്നത് ശരിയല്ലായെന്നുള്ളതുകൊണ്ടാണ്. അതിന്റെ മൊത്തത്തിലുള്ള സ്വഭാവം നാം അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പി. പി. എസ്തോസ്: സർ, മൂവായിരം രൂപയുടെ കാർഷിക വരുമാന കടം റദ്ദാക്കൽ നിയമം പാസ്സാക്കിക്കഴിഞ്ഞു. അത് റദ്ദ് ചെയ്തു പോകുകയും ചെയ്തു. ആ നിയമത്തിന്റെ പരിധിയിൽ അങ്ങനെ റദ്ദുചെയ്തുപോയത് വീണ്ടും പുനഃസ്ഥാപിക്കുമെന്നാണോ പറയുന്നത്. മൂവായിരം രൂപാ വാർഷികവരുമാനമുള്ളവരുടെയും മൂവായിരം രൂപ കടമുള്ളവരുടെയും എല്ലാ കടങ്ങളും റദ്ദ് ചെയ്തതായി ഒരു നിയമം കൊണ്ടുവന്നു. ആ നിയമം ഇവിടെ നടപ്പിലായി. സാധാരണഗതിയിൽ ആ കടം റദ്ദാക്കുകയും ചെയ്തുകഴിഞ്ഞു. അതിനുശേഷം ഈ നിയമത്തിനകത്ത് ഇത് കൊണ്ടുവന്നാൽ ആ റദ്ദ്ചെയ്ത കടം പുനഃസ്ഥാപിക്കപ്പെടുമെന്നാണോ പറയുന്നത്?

ശ്രീ. ബേബിജോൺ: മൂവായിരം എന്നുള്ളത് വർദ്ധിപ്പിക്കണമെന്നുള്ളതിൽ പ്രതികൂലമായും അനുകൂലമായും വാദഗതികൾ വരുമ്പോൾ ഇങ്ങനെ സെറ്റിൽചെയ്ത കേസുകൾ, മൂവായിരത്തിൽ കൂടുതൽ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം,—മൂവായിരത്തി അറുനൂറ് എന്ന് വയ്ക്കുക—മൂവായിരത്തിനും, മൂവായിരത്തി അറുനൂറിനും ഇടയ്ക്കുള്ളത് തള്ളിയിട്ടുണ്ട്. അവർക്ക് ആനുകൂല്യം കിട്ടിയിട്ടില്ല. അങ്ങനെയുള്ള കേസുകൾ വീണ്ടും എടുക്കേണ്ടിവരും.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: മൂവായിരം രൂപാവരെയുള്ള ചില കേസുകളുണ്ട്. ഇന്നേ ദിവസംവരേക്കുംകൂടി മൂവായിരം രൂപ കടമുണ്ടായിരുന്ന 15 കേസുകൾ കോടതിയിലുണ്ടായിരുന്നതിൽ 10 കേസുകളുടെ വിധി പറഞ്ഞു. അവർ രക്ഷപെട്ടു. ബാക്കി 5 കേസുകളുടെ വിധി പറഞ്ഞില്ല. ഈ നിയമം പാസാകുകയും ചെയ്തു. ഇനിയങ്ങോട്ട് മൂവായിരം രൂപാക്കാരനു കടബാദ്ധ്യത അല്ലെങ്കിൽ പാട്ടബാക്കി 500 രൂപ കൂടിവന്നാൽ ഈ അഞ്ചുപേർക്ക് രക്ഷയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: റെഡ്ട്രോസ്പെക്റ്റീവ് ഇഫക്ടോടുകൂടി ആയിരിക്കും, അതായത് മൂലനിയമം എന്നുവന്നോ അന്നുമുതലുള്ള പ്രാബല്യത്തോടുകൂടിയായിരിക്കും ഈ ഭേദഗതിയും വരുന്നത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഇതിനുമുമ്പിലുള്ള കേസുകളിലൊക്കെയും മൂവായിരം രൂപയുടെ പരിധി അംഗീകരിക്കുന്നു. ഈ നിയമം പാസായാൽ കേസിൽ വിധിപറയാത്ത അധമർണ്ണന്റെ കാര്യത്തിൽ, 500 രൂപ പാട്ടബാക്കികൂടി, കടത്തിന്റെ പരിധിയിൽനിന്നും കൂടുതലായി. മൂവായിരത്തി അഞ്ഞൂറുകാരനായി. അതുകൊണ്ട് അയാൾക്ക് രക്ഷകിട്ടുകയില്ല.

ശ്രീ. ബേബിജോൺ: ചിലപ്പോൾ അങ്ങനെ കാണും. അതാണ് ഞാൻ പരിശോധിക്കാമെന്ന് പറഞ്ഞത്. അനോമലി പൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയില്ലായെന്നാണ് ഞാൻ പറഞ്ഞത്. പരിധി വർദ്ധിപ്പിക്കുന്നതുകൊണ്ടുതന്നെ അന്നേരം ആ പരിധിയും പാട്ടബാക്കിയുംകൂടി ചേർക്കുമ്പോൾ പിന്നെയും ആ പരിധിക്ക് പുറത്തുള്ള ആളുകൾക്ക് ബുദ്ധിമുട്ട് വരും. അതുകൊണ്ടാണ് പറഞ്ഞത് ഇത് പൂർണ്ണമായി പരിഹരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ലായെന്ന്.

നമ്മുടെ സംസ്ഥാനത്ത് വളരെ കൂടുതൽ ആളുകൾക്ക് പ്രയോജനമില്ലായെന്ന വാദഗതിയോട് എനിക്ക് യോജിപ്പില്ല. മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടത്തക്ക രീതിയിൽ ഭേദഗതി ചെയ്യണം എന്നു പറഞ്ഞാൽ മനസ്സിലാക്കാം. നേരത്തെ വിവരിച്ച സ്ഥിതിവിവരക്കണക്കുകൾവച്ചുകൊണ്ട്, നമ്മുടെ നാട്ടിൽ ഭൂപരിഷ്ക്കാര നിയമംമൂലം ആനുകൂല്യം ലഭിച്ച, ഭൂമിയുടെ ഉടമസ്ഥൻമാരായ കുടിയാൻമാർ, 25 ലക്ഷത്തിന് താഴെ ആളുകളാണ്. 20 ലക്ഷത്തിന് താഴെ ഏക്കർ ഭൂമിയാണ് അവരുടെ കൈവശമുള്ളത്. ആ കണക്ക് സൂചിപ്പിക്കുന്നത്, ദരിദ്രകർഷകർ എന്നുള്ള വിഭാഗത്തിലാണ് അവർ വരുന്നതെന്നാണ്. അവർ ഒരേക്കറിന് താഴെ മാത്രം ഭൂമി കൈവശമുള്ള ആളുകളാണ്.

ശ്രീ. പി. പി. എസ്തോസ്: 25 ലക്ഷം എന്നു പറയുന്നതും, 20 ലക്ഷം ഏക്കർ എന്നു പറയുന്നതും—കണക്കിലുള്ളത് ശരിയാണ്—പക്ഷേ ആ കുടുംബക്കാർക്ക് മറ്റു വരുമാനമുണ്ട്. ഒന്നുകിൽ അവർ ചെറുകച്ചവടക്കാരാകാം, അല്ലെങ്കിൽ അവരുടെ വീട്ടിൽ എംപ്ലോയി ഉണ്ടാകാം. അതുംകൂടി കണക്കാക്കുമ്പോൾ മൂവായിരത്തിന്റെ പരിധിയിൽനിന്ന് അയാൾ പുറത്തുപോകുന്നതുകൊണ്ട് ഈ മുക്കാലേക്കറുകാരനും ബെനിഫിറ്റ് കിട്ടുകയില്ല.

ശ്രീ. ബേബിജോൺ: അത് ഞാൻ സമ്മതിക്കുന്നു. അങ്ങനെയുള്ള ആളുകൾക്ക് കിട്ടുകയില്ല. ബഹുമാനപ്പെട്ട എസ്തോസ് പറയുന്നതുപോലെ വരുമാനപരിധിയില്ലാതെ ഇങ്ങനെയുള്ള ഡെറ്റ് റിലീഫ് ആക്റ്റിന്റെ പരിധിയിൽ ഈ ആനുകൂല്യം കൊടുക്കണമെന്ന് വാദിക്കാൻ ഒക്കുമോയെന്ന് എനിക്ക് സംശയമുണ്ട്. മഹാരാഷ്ട്രാ ആക്റ്റിൽ 3,600 എന്ന പരിധി വച്ചിട്ടുണ്ട്. ഒരു പരിധിയില്ലാതെ ഈ കടമെല്ലാം എഴുതിതള്ളിയിരിക്കുന്നു എന്ന് ഒരു നിയമനിർമ്മാണം നടത്തുവാൻ സാദ്ധ്യമല്ല. ആ വസ്തുത മനസ്സിലാക്കി സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചോ എന്ന് ചോദിച്ചാൽ ഇത്രയും തെളിവുകളൊക്കെ എന്റെ കൈയിലുണ്ട്. നമ്മൾ നടപ്പിലാക്കിയ സെക്ഷൻ 72 അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടിയിരിക്കുന്നത് 25 ലക്ഷത്തിന് താഴെ ആളുകൾക്കാണ്. അവർക്ക് കിട്ടിയിരിക്കുന്ന ഭൂമി 20 ലക്ഷത്തിന് താഴെ ഏക്കർ ഭൂമിയാണ്. ഒരാളിനും

LIBRARY ARCHIVES Kerala Legislative Assembly

രേക്കറിന് താഴെയാണ്, അവർ ദരിദ്രകർഷകരാണ്. ആ നിലയിൽ അങ്ങനെയുള്ള ആളുകൾക്ക്, ബഹുഭൂരിപക്ഷം ആളുകൾക്ക്, ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കുമെന്നാണ് എന്റെ വിശ്വാസം. മറ്റുള്ളവർക്ക് ആശ്വാസനടപടി എന്നുള്ള നിലയിൽ തവണകളായി കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ആ നിലയിൽ ഇത് പാസ്സാക്കിതരണം; ഇതിന് പൂർണ്ണമായ യോജിപ്പുണ്ടാകണം എന്നുമാത്രമാണ് എനിക്ക് ഈ സഭയോട് അഭ്യർത്ഥിക്കുവാനുള്ളത്.

[1 p.m.]

The amendment moved by Sri N. I. Devassykutty was put and lost.

The amendment moved by Sri E. P. Gopala was, by leave, withdrawn.

The question that the Kerala Debt Relief (Amendment) Bill, 1979 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Clause 1, Preamble and Title

Minister for Revenue and Co-operation **(Sri Baby John)**: Sir, I move; for sub-clause (2) of Clause 1, the following sub-clause shall be substituted namely:

"(2) It shall be deemed to have come into force on the 13th day of January 1977".

The question that the amendment moved by the Minister be adopted was put and carried.

The question that Clause 1, Preamble and Title, as amended stand part of the Bill was put and carried.

Clause 1, Preamble and Title as amended were added to the Bill.

ശ്രീ. ബേബിജോൺ : സർ, 1979-ലെ കേരള കടാശ്വാസ ഭേദഗതി ബിൽ അവസാനമായി പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പ് മന്ത്രി (ശ്രീ. സി. എച്ച്.മുഹമ്മദുകോയ): ഞാൻ അതിനെ പിൻതാങ്ങുന്നു.

The question that the Kerala Debt Relief (Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

LIBRARY ARCHIVES Kerala Legislative Assembly